**2010 ഏപ്രിൽ**
ഹി.ശ 1389 - ശഹാദത്ത്
1431 റബിഉൽ ആഖർ - ജ: അവ്വൽ
പുസ്തകം 82 ലക്കം 4
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

# സത്യദൂതൻ

സ്ഥാപിതം
**1925**
ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

**4** **യുഗശബ്ദം**

**5** **മുഖക്കുറിപ്പ് -**
**ക്രൈസ്തവ മുക്തിശാസ്ത്രം**

**6** **ദൈവത്തിന്റെ സ്നേഹിതർ ആരാണ്? അവരെ എങ്ങനെ തിരിച്ചറിയാം?**
ഹദ്റത്ത് അഹ്മദ് (അ)

ഖുത്വ്ബ

**8** ***അല്ലാഹു: ശരണാഗതനെ കൈവെടിയാത്തവൻ***
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

**10** ***ക്രിസ്തുമതം ഇന്ന്***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**13** ***ഉയിർത്തെഴുന്നേൽപ്പ് വൈഷണികവും ദാർശനികവുമായ സമസ്യകൾ***
എം. ആലിക്കോയ

**18** ***ഇബ്നു അറബി (1165-1240) : സൂഫിയും ജ്ഞാനിയും***
സക്കരിയ്യാ വിർക്ക് - കാനഡ

**22** ***ബൈബിൾ പുതിയ നിയമം ഉത്ഭവവും ചരിത്രവും***
റഫി അഹ്മദ്

**28** ***വിജയം വരിക്കാൻ പ്രാർത്ഥന അനിവാര്യം***
എ.നസീം അഹ്മദ്, ചേലക്കര

**30** ***ഇബ്നുമർയം എന്ന അഭിധാനത്തിന്റെ വിവക്ഷ***
ഐ.കെ. അഹ്മദ് കുട്ടി

**32** ***കളവിനെ ഉപാസിക്കുന്നവർ***
പി.എ. മുഹമ്മദ് സലിം, കൊടുങ്ങല്ലൂർ

**36** ***മനുഷ്യക്ലോണിങ്ങിനെപ്പറ്റി പരിശുദ്ധ ഖുർആൻ***
എ.ക്യു. മഹ്ദി

കുറിപ്പുകൾ

**40** ***ക്രിസ്തു: അന്ധവിശ്വാസങ്ങളുടെ തടവറയിൽ***
***അനുസ്മരണം***

***മുഖചിത്രം : ക്രൂശിതനായ കൃസ്തു: ചിത്രകാരന്റെ ഭാവനയിൽ***

| | | | |
|---|---|---|---|
| **ചീഫ് എഡിറ്റർ** | : | മുഹമ്മദ് ഇസ്മായിൽ | Mob : 9446656123 |
| **എഡിറ്റർ** | : | ഏ. എം. മുഹമ്മദ് സലിം | Mob : 9895263384, **E-mail: salimqld@yahoo.in** |
| **മാനേജർ** | : | അഹ്മദ് ഹസ്സൻ | Mob : 9446482108 |

**അസി. മാനേജർ**
കെ.എം. അഹ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ.വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ.കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Printers, Kundayithode, Feroke, Kozhikode
Published at BAITHUL Quddus, G.H. Road, Kozhikode, Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut

## ഖുർആനിൽ നിന്ന്

"അല്ലാഹു തനിക്കായി ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്നു പറയുന്ന വർക്ക് മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി യാണ് (ഈ ഗ്രന്ഥം ഇറക്കിയിരിക്കുന്നത്). അവർക്കോ അവരുടെ പിതാക്കൾക്കോ അത് സംബന്ധിച്ച് യാതൊരറിവുമില്ല. അവ രുടെ വായ്കളിൽ നിന്നും പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ്. കള്ളമല്ലാതെ അവർ പറയുന്നില്ല'.

(18:5,6)

## നബിവചനം

"ഈസബ്നുമർയം 120 വയസ്സു വരെ ജീവിച്ചിരുന്നിട്ടുണ്ടെന്ന് ജിബ്രീൽ എന്നെ അറിയിച്ചിരിക്കു ന്നു."

***(കൻസുൽ ഉമ്മാൽ വാല്യം 6. ഭാ. 120, ഹുജ്ജുൽ കിറാമ, ഭ. 428, ജലാലൈൻ മുജിതബായി)***

**യുഗശബ്ദം**

# പ്രകാശത്തിന്റെ കാലഘട്ടം

### ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)



**കാ**ലത്തിലല്ലോ ഫലം കായ്ക്കാറ്. അപ്രകാരം തന്നെ തക്കസമ യത്ത് ദിവ്യപ്രകാശവും വെളിപ്പെടുന്നു. നിശ്ചിത കാലത്തിനു മുമ്പ് അതിനെ അവതരിപ്പിക്കാൻ ആർക്കും കഴിയില്ല. അവതരിപ്പിക്കുമ്പോൾ അതിനെ തടസ്സപ്പെടുത്താനും ആർക്കും സാധ്യമല്ല. അഭിപ്രായവ്യത്യാസങ്ങളും തർക്കവി തർക്കങ്ങളുമെല്ലാം ഉണ്ടാകും. എന്തായാലും ഒടുവിൽ സത്യം വിജയിക്കുക തന്നെ വേണം. എന്തുകൊണ്ടെന്നാൽ ഇതൊന്നും മനുഷ്യന്റെ പ്രവർത്തിയല്ല. ഇതിൽ മനുഷ്യപുത്രനു പങ്കുമില്ല. ഋതുക്കളിൽ വ്യത്യാസമുണ്ടാക്കുന്നതും, പലിനെ രാവും രാവിനെ പകലും ആക്കു ന്നതും ആരോ ആ ദൈവത്തിൽ നിന്നുള്ളതത്രെ ഇതെല്ലാം. അവൻ അന്ധകാരത്തെ പട ച്ചു. എങ്കിലും പ്രകാശത്തെ ഇഷ്ടപ്പെടുന്നു. 'ശിർക്ക്' (ബഹുദൈവ വിശ്വാസം) ലോകത്ത് നിലനിന്നുകൊള്ളുവാൻ അവൻ അനുവദിക്കുന്നു. എങ്കിലും 'തൗഹിദി'നെ അവൻ സ്നേഹി ക്കുന്നു. തന്റെ മഹിമ മറ്റാർക്കെങ്കിലും വിട്ടുകൊടുക്കുവാൻ അവൻ ഇച്ഛിക്കുന്നില്ല. മനു ഷ്യൻ പിറവിയെടുത്തനാൾ തൊട്ടു ലോകത്തുനിന്ന് ഇനി അവൻ അപ്രത്യക്ഷപ്പെടുന്ന നാൾ വരെ ദൈവം തൗഹീദിന് എപ്പോഴും പിന്തുണ നൽകും. ഇതത്രെ ദൈവത്തിന്റെ അലംഘനീയമായ നിയമം.

*(റൂഹാനി ഖസായിൽ, വാള്യം 16, ഭാ. 65; മസീഹ് ഹിന്ദുസ്ഥാൻ മെം)*

മുഖക്കുറിപ്പ്

# ക്രൈസ്തവ മുക്തിശാസ്ത്രം

യേശു കുരിശില്‍ വെച്ച് മരിച്ചുവെന്നും മൂന്നാം നാള്‍ ഉയിര്‍ത്തെഴുന്നേറ്റുവെന്നുമുള്ള സങ്കല്പത്തിലാണ് അന്‍പതു ദിവസത്തെ ഉപവാസം (Lent) ആചരിച്ച് ക്രൈസ്തവലോകം ഉയിര്‍പ്പ് പെരുന്നാള്‍ അഥവാ ഈസ്റ്റര്‍ ആഘോഷിക്കുന്നത്. ക്രൈസ്തവ മുക്തിശാസ്ത്രത്തിന്റെ കേന്ദ്രബിന്ദു ഈ ഉയിര്‍ത്തെഴുന്നേല്‍പ്പാണ്.

ക്രിസ്തുവിന്റെ ജീവിതത്തേയും സന്ദേശത്തേയും സംബന്ധിച്ച് ക്രിസ്തുമതത്തില്‍ നിന്ന് വിഭിന്നമായി ഇസ്‌ലാം മതത്തിലും നിരവധി പ്രതിപാദനങ്ങളുണ്ട്. അതുകൊണ്ട് ക്രൈസ്തവ ഇസ്‌ലാം സംവാദങ്ങള്‍ക്ക് യേശുവിന്റെ ജീവിതവും സന്ദേശവും കുറിമാനമാകുന്നു. യുക്തിപരവും പ്രാമാണികവുമായ നിരൂപണങ്ങള്‍ ഇക്കാര്യത്തില്‍ ആവശ്യമായിവരുന്നു. മതപുരുഷന്മാര്‍ക്കുമേല്‍ ഒരു മതത്തിന്നും കുത്തകാവകാശമില്ലെന്ന് നാം ഓര്‍ക്കേണ്ടതുണ്ട്. നിര്‍ഭാഗ്യകരമെന്ന് പറയട്ടെ, ശാസ്ത്രീയവും ചരിത്രപരവും യുക്തിപരവുമായ അന്വേഷണങ്ങളുടെ ഒരു നിരോധിത മേഖലയിലാണ് ക്രിസ്തുമതം യേശുവിനെ പ്രതിഷ്ഠിച്ചിട്ടുള്ള്. സൂര്യനുകീഴിലുള്ള എല്ലാറ്റിനെ സംബന്ധിച്ചും ശാസ്ത്രീയ പഠനങ്ങള്‍ നടത്തുന്ന ക്രൈസ്തവ പാശ്ചാത്യലോകം ഇന്നുവരെ അക്കാദമീയ പശ്ചാത്തലത്തില്‍ യേശുവിനെ സംബന്ധിച്ച് പഠനം നടത്തി യേശുവിന്റെ ചരിത്രപരതക്ക് വ്യക്തതയുണ്ടാക്കിയിട്ടില്ല. ഇങ്ങനെ ചെയ്താല്‍ ഒരുപക്ഷേ അദ്ദേഹത്തിന്റെ ദൈവപുത്രന്‍ എന്ന പരിവേഷം ഇല്ലാതായിപ്പോവുമോ എന്ന് ക്രിസ്തുസഭ ഭയപ്പെടുന്നുണ്ടാവും. യേശുവിനെ സംബന്ധിച്ച് ഡോഗ്മകളുടേയും ദിവ്യാത്ഭുതവര്‍ണനകളുടേയും രോഗശാന്തി വാഗ്ദാനങ്ങളുടേയും അതിശയ പെരുമയുടെ പ്രഘോഷണത്തിനുപകരം യുക്തിപരമായ സംവാദങ്ങളാണ് വേണ്ടത്. യേശു പാപപരിഹാരാര്‍ത്ഥം മരിച്ച് ഉയിര്‍ത്തെഴുന്നേറ്റു എന്ന് വിശ്വസിക്കാത്ത അക്രൈസ്തവരെല്ലാം പാപികളാണെന്നും അതിനാല്‍ തങ്ങളുടെ വിശ്വാസത്തിലേക്ക് പരിവര്‍ത്തനം ചെയ്യണമെന്നും പ്രചരിപ്പിക്കുന്നവര്‍ യേശുവിനെ സംബന്ധിച്ച നിഗൂഢതകള്‍ക്കും സമസ്യകള്‍ക്കും തൃപ്തികരമായ ഉത്തരം നല്‍കേണ്ടതുണ്ട്.

ആദിപിതാവ് ആദം വിലക്കപ്പെട്ട കനി ഭക്ഷിച്ചതിനാല്‍ പാപിയായെന്നും അങ്ങനെ സംക്രമിച്ച പാപത്തില്‍ നിന്ന് മനുഷ്യവംശത്തെ രക്ഷിക്കാന്‍ ദൈവത്തിന്റെ ഏകപുത്രന്‍ കുരിശില്‍ വധിക്കപ്പെട്ടുവെന്നും മൂന്ന് ദിവസം കഴിഞ്ഞ് ഉയിര്‍ത്തെഴുന്നേറ്റുവെന്നും ക്രൈസ്തവ മുക്തിശാസ്ത്രം പറയുന്നു. മോക്ഷം മനുഷ്യന്റെ കര്‍മ്മത്തിലധിഷ്ഠിതമായ വിശ്വാസവുമായി ബന്ധപ്പെട്ടതാണെന്നാണ് എല്ലാ മതങ്ങളും പറയുന്നത്. ദൈവാരാധനയും ആത്മസംസ്കരണാത്മകമായ ത്യാഗങ്ങളും പശ്ചാത്താപവുമാണ് മതങ്ങളുടെ പ്രമാണികമായ മുക്തിമാര്‍ഗ്ഗം. ഇതില്‍ നിന്നും വിഭിന്നമായി യേശുവിന്റെ കുരിശ് മരണത്തിലും ഉയിര്‍ത്തെഴുന്നേല്‍പ്പിലും വിശ്വസിച്ചാല്‍ മോക്ഷം കിട്ടുമെന്ന് പറയുന്നത് മനുഷ്യന്റെ ബുദ്ധിക്കും ധാര്‍മ്മികയുക്തിക്കും യോജിച്ചതല്ല.

മനുഷ്യന്റെ മരണത്തില്‍ നിന്നുള്ള പുനര്‍ജനനം ആലങ്കാരികാര്‍ത്ഥത്തില്‍ മതസാഹിത്യങ്ങളില്‍ വിവരിക്കപ്പെട്ടിട്ടുണ്ട്. അജ്ഞാനത്തില്‍ നിന്നും ജ്ഞാനത്തിലേക്കുള്ള പരിവര്‍ത്തനമായും ദുഷ്ടജീവിതത്തില്‍ നിന്ന് ശിഷ്ടജീവിതത്തിലേക്കും ഭൗതികോന്മുഖതയില്‍ നിന്ന് ആത്മീയതയിലേക്കുള്ള ജീവിതപരിവര്‍ത്തനമായും മരണവും ജീവനും ചിത്രീകരിക്കപ്പെടാറുണ്ട്. എന്നാല്‍, യേശുവിന്റെ കാര്യത്തില്‍ മരിച്ചതിന് ശേഷം ശരീരത്തിന്റെ ജഡികമായ ഉയിര്‍ത്തെഴുന്നേല്‍പ്പാണ് സംഭവിച്ചതെന്ന് ക്രിസ്തുമതം പറയുന്നു. അദ്ദേഹം ഭൂതാത്മാവോ, ആത്മീയശരീരമോ ആയിരുന്നില്ല. കുരിശില്‍ ആണി തറച്ചപ്പോഴുണ്ടായ പഴുത്, സംശയിച്ചു നിന്ന തോമസിന് കൈനീട്ടിക്കാണിച്ചുകൊണ്ട് ഉയിര്‍ത്തെഴുന്നേറ്റ തന്റെ ശരീരം ജഡികശരീരം തന്നെയെന്ന് യേശു സ്വയം വെളിപ്പെടുത്തുന്നു. അപ്പോള്‍ പിന്നെ യേശുവിന്റെ പുനരുത്ഥാനത്തിലെ മോക്ഷസന്ദേശമെന്താണ്? കുറച്ച് നാള്‍ കൂടി ഭൂമിയില്‍ മനുഷ്യശരീരം പുനര്‍ജീവിപ്പിക്കപ്പെടുമെന്നാണോ? യുക്തിപരവും സംഭവ്യവുമായ എന്ത് ഗുണപാഠവും മാതൃകയുമാണ് യേശുവിന്റെ ഉയിര്‍ത്തെഴുന്നേല്‍പ്പിലുള്ളത്? ദൈവത്തിന് വേണ്ടി മഹാത്യാഗങ്ങള്‍ വഹിച്ച മതലോകത്തെ പ്രോജ്ജ്വല വ്യക്തിത്വമാണ് യേശു. യേശുവിന്റെ സത്യത്തെ സംബന്ധിച്ച് കൂടുതല്‍ മിഴിവും തെളിവും സത്യസന്ധതയും ഉണ്ടാവാന്‍ മതഗ്രന്ഥങ്ങളെ ആധാരമാക്കിയുള്ള പ്രാമാണികവും ശാസ്ത്രീയവും ചരിത്രപരവുമായ പഠനങ്ങളും സംവാദങ്ങളും നടത്തേണ്ടതുണ്ട്. എങ്കില്‍ മാത്രമേ പ്രവാചകനായ യേശുവിന്റെ യഥാര്‍ത്ഥ ജീവിതവും സന്ദേശവും ലോകത്തിന് മനസ്സിലാവൂ. ■

ലേഖനം

ഹദ്റത്ത് അഹ്മദ് (അ)

# ദൈവത്തിന്റെ സ്നേഹിതർ ആരാണ്? അവരെ എങ്ങനെ തിരിച്ചറിയാം?

## വാഗ്ദത്ത മസീഹ്(അ) വിവരിക്കുന്നു.

(1) അവർ ദിവ്യസ്നേഹത്താൽ അനുഗ്രഹിക്കപ്പെട്ടവരാണ്. അത് ലൗകികരായ ആളുകൾക്ക് ഗ്രഹിക്കാൻ സാധ്യമല്ല.

(2) അവരുടെ ഹൃദയം ഒരു തരം ഭീതിയിൽ നിയന്ത്രിക്കപ്പെട്ടുകൊണ്ടിരിക്കും. അതുകൊണ്ട് അവരുടെ അനുസരണം അതിസൂക്ഷ്മ സ്വഭാവമുള്ളതായിരിക്കും. അനശ്വരനായ അവരുടെ സ്നേഹിതന്റെ അപ്രീതിയെ സംബന്ധിച്ച് അവർ ഭീതിയുള്ളവരായിരിക്കും.

(3) അവർ അനിതരസാധാരണമായ സ്ഥിരചിത്തതയാൽ അനുഗൃഹീതരായിരിക്കും. അവരുടെ സ്ഥൈര്യം അത് നോക്കിപ്പാർക്കുന്നവരിൽ വിസ്മയമുണ്ടാക്കും.

(4) ആരെങ്കിലും അവരെ പീഢിപ്പിക്കുകയോ അപ്രകാരം ചെയ്യാനോ ഒരുങ്ങിയാൽ അയാൾ അവരുടെ സർവ്വശക്തനായ രക്ഷിതാവിന്റെ ക്രോധത്തിന് ഉടൻ പാത്രമാകും.

(5) ആരെങ്കിലും അവരുടെ യഥാർത്ഥ സ്നേഹിതന്മാരാവുകയും എന്നിട്ട് സ്വയം അവർക്ക് വേണ്ടി ആത്മാർത്ഥമായും വിശ്വസ്തതയോടെയും സമർപ്പിതരാവുകയും ചെയ്താൽ ദൈവം അയാളെ അവനിലേക്ക് അടുപ്പിക്കുകയും അയാളിൽ പ്രത്യേകമായ അനുഗ്രഹങ്ങൾ ചൊരിയുകയും ചെയ്യും.

(6) മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ അവരുടെ പ്രാർത്ഥനകൾ, എണ്ണിക്കണക്കാക്കാൻ സാധ്യമല്ലാത്തവിധം സ്വീകരിക്കപ്പെടും.

(7) ഭാവിയുടെ ഗർഭത്തിലുള്ള നിഗൂഢരഹസ്യങ്ങൾ അവർക്ക് മുൻകൂട്ടി വെളിപ്പെടുത്തിക്കൊടുക്കും. മറ്റു വിശ്വാസികൾ സ്വപ്നങ്ങളും ദർശനങ്ങളും അനുഭവപ്പെടുന്നവരായിരിക്കും. എന്നാൽ, ഇത്തരം അനുഭവങ്ങൾ ദൈവം തിരഞ്ഞെടുക്കപ്പെട്ട ഈ ദാസന്മാരിൽ അളവറ്റ രീതിയിലാണ് കാണപ്പെടുക.

8. സർവ്വശക്തനായ ദൈവം അവരുടെ രക്ഷാധികാരിയായി ത്തീരുന്നു. ഒരു പിതാവ് കുഞ്ഞിനോടെന്നപോലെ അങ്ങേയറ്റം കൃപാവായ്പോടെ ദൈവം പെരുമാറുന്നു.

9. അവർ എന്തെങ്കിലും വിപത്തുകളിൽപെടുകയാണെങ്കിൽ രണ്ട് വിധത്തിലാണ് അവൻ അവരോട് പെരുമാറുക. ഒന്നുകിൽ അവർ അസാധാരണമായ രീതിയിൽ ആ വിപത്തിൽ നിന്ന് മോചിതരാവും, അല്ലെങ്കിൽ പൂർണ്ണ സംതൃപ്തിയോടെ അചഞ്ചലമായ സ്ഥിരചിത്തതയോടേയും ആഹ്ലാദത്തോടേയും പ്രതീക്ഷയോടെയും അവർ ആ വിപത്തിനെ അഭിമുഖീകരിക്കും.

(10) അവർ അത്യുന്നതമായ ധാർമ്മികഗുണത്തിനുടയവരായിരിക്കും. അവർ അഹങ്കാരം, മിഥ്യാഭിമാനം, അല്പത്തരം, പൊങ്ങച്ചം, കാപട്യം, അസൂയ, പിശുക്ക്, സങ്കുചിതത്വം എന്നിവയിൽ നിന്ന് മോചിതരായിരിക്കും.

(11) ദൈവത്തിലുള്ള അവരുടെ വിശ്വാസം അത്യുന്നതനിലവാരത്തിലുള്ളതായിരിക്കും. അതിന്റെ ഫലം അവരിൽ തുടർച്ചയായി വർഷിച്ചുകൊണ്ടേയിരിക്കും.

(12) മറ്റുള്ളവർക്ക് ചെയ്യാൻ

സാധിക്കാത്ത സാത്ത്വികമായ കർ മ്മങ്ങൾ ചെയ്യാനുള്ള കഴിവും ശേഷിയും അവർക്ക് നൽക പ്പെടും.

(13) യാതൊരു പ്രതിഫലമോ അംഗീകാരമോ പ്രതീക്ഷിക്കാതെ അവർ ദൈവത്തിന്റെ സൃഷ്ടി കളെ സേവിക്കുന്നതിൽ അവ രോട് വലിയ തോതിലുള്ള സഹ താപം ഉള്ളവരായിരിക്കും. മനു ഷ്യവംശത്തെ സേവിക്കാനുള്ള അദമ്യമായ ആഗ്രഹങ്ങളാൽ അവർ പ്രചോദിതരായിരിക്കും. ഇത്തരത്തിൽ അവരുടെ അന്തരം ഗത്ത് നിന്നുണ്ടാവുന്ന പ്രചോദ നത്തെപ്പറ്റി അവർക്കറിയില്ല. ഈ സ്വഭാവഗുണം അവരുടെ പ്രകൃ തിയുടെ ഭാഗമായി മാറിക്കഴിഞ്ഞി രിക്കും.

(14) അവർ ദൈവത്തെ അവി കലവും പൂർണവുമായതോതിൽ ആരാധിക്കുന്നവരായിരിക്കും. ദൈവമാർഗ്ഗത്തിൽ സർവ്വവും ബ ലിയർപ്പിക്കാൻ ഉൽക്കടമായ ആഗ്രഹം പ്രകടിപ്പിക്കുന്നവരുമാ യിരിക്കും. ദൈവവും അവരുടെ ആത്മാവും തമ്മിലുള്ള പ്രത്യേക ബന്ധം വാക്കുകൾ കൊണ്ട് വിവ രിക്കുക സാധ്യമല്ല. സാധാരണ ക്കാർക്ക് മനസ്സിലാകാത്തവിധം പരിശുദ്ധനായവന്റെകൂടെ ഒരു സ്ഥാനം അലങ്കരിക്കുന്നവരായിരി ക്കുമവർ. എല്ലാ അനുഗ്രഹത്തി ന്റെ ഉറവിടവും അതിന്റെ ആധി ക്യവും അവരിൽ പ്രത്യേകമായി ട്ടുണ്ടാവും. അവർ മുങ്ങി നശി ക്കാൻ പോകുന്നുവെന്ന് കാണ പ്പെടുമ്പോൾ, സുരക്ഷിതരായി രക്ഷിക്കപ്പെടും. നാശത്തിന്റെ പടു കുഴിയിൽ ആപതിക്കുമെന്ന് കരു തുന്ന ഘട്ടത്തിൽ അവർ പുനരു ജ്ജീവിപ്പിക്കപ്പെടും. അവർ നിന്ദ്യ രായി തള്ളപ്പെടുമ്പോഴും ബഹു മതിയുടെ കിരീടം അവർ അണി യിക്കപ്പെടും. ഏകാകിയായി എല്ലാവരാലും പരിത്യക്തനായി പ്രത്യക്ഷപ്പെടുമ്പോൾ പെട്ടെ ന്നതാ അവർ വലിയൊരു വിഭാ ഗത്തിന്റെ തലവനായി അവരോ ധിക്കപ്പെടുന്നു. ആരാധനമൂലമു ണ്ടാകുന്ന ഈ സമ്പൂർണ്ണബന്ധം വാളുകൊണ്ടോ കലാപം കൊ ണ്ടോ ലോകത്തിന്റെ ഭീതിപ്പെടു ത്തൽകൊണ്ടോ മുറിച്ചുമാറ്റാൻ സാധ്യമല്ല. അവരുടെ മേൽ അല്ലാ ഹുവിന്റേ യും ഉന്നതരായ മലക്കു കളുടേയും സാത്ത്വികരായവരു ടേയും സമാധാനാശംസകളുണ്ടാ യിരിക്കും.

(15) പതിനഞ്ചാമത്തെ അട യാളം ഖുർആനെക്കുറിച്ചുള്ള അവരുടെ ജ്ഞാനമാണ്. മറ്റാർ ക്കും നൽകപ്പെട്ടിട്ടില്ലാത്തവിധം വിശുദ്ധ ഖുർആനിലെ വിവിധ ങ്ങളും ഉത്തമങ്ങളുമായ ജ്ഞാന ങ്ങളെപ്പറ്റി അഗാധമായ അറിവ് അവർക്ക് നൽകപ്പെടും. പരിശു ദ്ധന്മാരായ അവരെക്കുറിച്ച് അല്ലാ ഹു പറയുന്നു, "പരിശുദ്ധരാക്ക പ്പെട്ടവരല്ലാതെ സ്പർശിക്കുക യില്ല (56:80).

(16) സർവ്വശക്തനായ ദൈ വം അരുടെ വാക്കുകൾക്കും എഴുത്തുകൾക്കും ഫലദായകത്വം നൽകുന്നു. അത് മറ്റു മതപണ്ഡി തന്മാരുടെ വാക്കുകളിൽ നിന്നും എഴുത്തുകളിൽ നിന്നും വേർതി രിഞ്ഞു നിൽക്കുന്നു. അവരുടെ വാക്കുകൾക്ക് ഒരു മഹത്ത്വവും ബഹുമാനാദരവും ലഭിക്കുന്നു. അവ യാതൊരു തടസ്സവുമില്ലാതെ ഹൃദയങ്ങൾ കവരുന്നു.

(17) അവർ ദൈവത്തോട് ഒരു തരം ബഹുമാനാദരത്താൽ പ്രചോദിതരും, ആ ബഹുമാനാ ദരം അവരുടെ മുഖങ്ങളിൽ സ്ഫുരിക്കുന്നതുമായിരിക്കും. ദൈവം അവരോട് പ്രത്യേകതര ത്തിലുള്ള സ്നേഹബന്ധങ്ങൾ കാട്ടുന്നു. ദൈവസ്നേഹത്താൽ അവരുടെ മുഖം പ്രകാശമാനമാ യിരിക്കും. അവർ ചെറിയ തെറ്റു കളിലും പാപങ്ങളിലും വഴുതിവീ ഴുമ്പോഴും അവരുടെ ഹൃദയ ത്തിൽ ഒരു അഗ്നി പ്രത്യക്ഷപ്പെട്ട് അവരുടെ എല്ലാ തെറ്റുകളേയും പാപങ്ങളേയും കരിച്ചുകളയും. അവരുടെ തെറ്റുകൾ നിലനില്ക്കു ന്നതല്ല. പക്ഷേ, അത് പാപം ഒഴു ക്കിക്കളയുന്ന ശക്തമായ ഒരു ജല പ്രവാഹം പോലെയാണ്. അവ രുടെ വിമർശകർ എപ്പോഴും കാ ലിടറി വീഴുന്നു.

(18) അവർ നശിപ്പിക്കപ്പെ ടാനും അപമാനിതരാവാനും ദൈ വം അനുവദിക്കുകയില്ല. അവർ ദൈവത്താൽ നടപ്പെട്ട ചെടിയാ ണ്. അവർ ദൈവത്തിന്റെ പ്രിയ പ്പെട്ടവരുമാണ്. നശിച്ചുപോകുമാറ് ഉയർച്ചയിൽ നിന്ന് താഴ്ചയിലേ ക്ക് ദൈവം അവരെ വീഴ്ത്തില്ല. ദൈവം അവന്റെ ദിവ്യാത്ഭുത ത്താൽ അത്തരം അവസ്ഥയിൽ നിന്ന് അവരുടെ വിമോചനം പ്ര കടമാക്കും. അവർ നശിപ്പിക്കുമാറ് അഗ്നിയിലേക്ക് തള്ളപ്പെടുകയില്ല. ആ എതിർപ്പ് ഒരു ദിനം മലർവാ ടിയായി മാറ്റപ്പെടുന്നത് അവൻ ജനങ്ങൾക്ക് കാട്ടിക്കൊടുക്കും.

*(ഇസാലെ ഔഹാം - റൂഹാ നീഖസായിൻ, വാല്യം 3 പേ. 534)*

■

ഖുത്ബ

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് V

# അല്ലാഹു: ശരണാഗതനെ കൈവെടിയാത്തവൻ

## ലണ്ടനിലെ ബൈത്തുൽ ഫുത്തൂഹിൽ 26-3-2010ൽ നടത്തിയ ഖുത്ബയുടെ പ്രസക്തഭാഗം

തഖ്‌വ സ്വായത്തമാക്കുന്നവർക്കും അല്ലാഹുവിൽ തവക്കുൽ ചെയ്യുന്നവർക്കും അല്ലാഹു മതിയായവനായിത്തീരുന്നതാണെന്നും അവർ പ്രതീക്ഷിക്കാത്ത രീതിയിൽ അവർക്ക് വിഭവങ്ങൾ എത്തിക്കുന്നതാണെന്നും അല്ലാഹു പറയുന്നു. മനുഷ്യചിന്തകൾക്കതീതമായ രീതിയിൽ വിഭവങ്ങൾ നൽകുന്ന പ്രവർത്തി അല്ലാഹു എല്ലാ കാലത്തും ചെയ്തുവന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചില സംഭവങ്ങളും അതോടൊപ്പം അല്ലാഹു ശിക്ഷിക്കുന്ന ചില സംഭവങ്ങളും ഞാൻ ഇന്ന് പരാമർശിക്കുന്നുതാണ്.

ജമാഅത്തിന്റെ ചരിത്രത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമ(റ)ന്റെ ഒട്ടനവധി സംഭവങ്ങൾ രേഖപ്പെടുത്തിയത് കാണാം. ചൗധരി ഗുലാം മുഹമ്മദ് സാഹിബ് വിവരിക്കുന്നു: "ഞാൻ ഹക്കീം ഖാദിം അലി സാഹിബിന്റെ ബന്ധുവിൽ നിന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമ(റ)നെക്കുറിച്ച് ഇപ്രകാരം ഒരു സംഭവം കേൾക്കുകയുണ്ടായി. ഒരിക്കൽ മൗലവി സാഹിബ് കാശ്മീരിൽ നിന്ന് റാവൽപിണ്ടി വഴി തിരിച്ചുവരികയായിരുന്നു. വഴിമധ്യേ പണമെല്ലാം തീർന്നു. പണം തീർന്നകാര്യം മൗലവി സാഹിബിനോട് പറഞ്ഞു. മൗലവി സാഹിബ് പറഞ്ഞു: "നമുക്ക് ഈ കുതിരയെ വിൽക്കാം. പത്തഞ്ഞൂറ് രൂപ ഇതിന് കിട്ടും. ഇത് വേഗം വിൽക്കുകയും ചെയ്യാം. അങ്ങനെ നമുക്ക് ആവശ്യത്തിന് പണം ലഭിക്കുന്നതാണ്." അവർ കുതിരപ്പുറത്താണ് സഞ്ചരിച്ചിരുന്നത്. 700 രൂപക്കാണ് ഈ കുതിരയെ വാങ്ങിയിരുന്നത്. അദ്ദേഹം ഇതും പറഞ്ഞ് കുറച്ചുദൂരം എത്തിയപ്പോൾ കുതിരക്ക് വയറു വേദനയുണ്ടായി. റാവൽപിണ്ടി എത്തിയപ്പോഴേക്കും അത് ചത്തുപോവകുകയും ചെയ്തു. കുതിരവണ്ടിക്കാരന് വാടക നൽകേണ്ടതുണ്ടായിരുന്നു. മൗലവി സാഹിബ് അതിനുള്ള മാർഗം ആലോചിച്ച് അങ്ങോട്ടു മിങ്ങോട്ടും നടക്കാൻ തുടങ്ങി. അപ്പോൾ ഞാൻ പറഞ്ഞു: "വണ്ടിക്കാരൻ കൂലി ചോദിക്കുന്നുണ്ട്." മൗലവി സാഹിബ് വളരെ ദു:ഖത്തോടു കൂടി പറഞ്ഞു: "നൂറുദ്ദീന്റെ ദൈവമതാ ചത്തു കിടക്കുന്നു; ഇനി യഥാർത്ഥ ദൈവത്തിലേക്ക് തിരിയാം. അവനാണ് എല്ലാത്തിനും കഴിവുള്ളവൻ." അൽപം കഴിഞ്ഞപ്പോൾ ഒരാൾ തന്റെ വൃദ്ധനും രോഗിയുമായ പിതാവിനെയും കൂട്ടി മൗലവി സാഹിബിന്റെ അടുത്ത് വന്നു. അദ്ദേഹത്തെ പരിശോധിച്ച് മരുന്ന് കുറിച്ചുകൊടുത്തു. അവർ അതിന് നൽകിയ പണം ഞങ്ങൾക്ക് ജമ്മു വരെ എത്താൻ മതിയായതായിരുന്നു.

ഇവിടെ ബാഹ്യമായ ഒരു വസ്തുവിൽ ആശ്രയം കണ്ടെത്തിയെങ്കിലും അത് നഷ്ടപ്പെട്ടതുകൊണ്ട് ഒരിക്കലും വേവലാതിപ്പെട്ടില്ല. മറിച്ച്, അല്ലാഹുവിൽ പൂർണ്ണമായ തവക്കുൽ ചെയ്തുകൊണ്ട് അവനിലേക്ക് തിരിയുകയും ദുആ ചെയ്യുകയും ചെയ്തതിന്റെ ഫലമായി അല്ലാഹു കാര്യങ്ങൾ സാധിച്ചുകൊടുക്കുകയാണ് ചെയ്തത്. ഇതാണ് തഖ്‌വ. ഖലീഫത്തുൽ മസീഹ് ഒന്നാമ(റ)ന്റെ നിരവധി സംഭവങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അത് വായിച്ചാൽ നമ്മുടെ വിശ്വാസത്തിൽ വർദ്ധനവുണ്ടാകുന്നതാണ്.

മിർസാ സലാമുല്ലാ സാഹിബ്, കുതുബുദ്ദീൻ സാഹിബിൽ നിന്ന് നിവേദനം ചെയ്യുന്നു: "ഒരിക്കൽ ബലിപെരുന്നാൾ ദിവസം ഖലീഫത്തുൽ മസീഹ് ഒന്നാമൻ (റ) വീട്ടുകാരോട് ചോദിച്ചു: "വസ്ത്രം കഴുകി വെച്ചതുണ്ടോ? അന്വേഷിച്ചപ്പോൾ മനസ്സിലായത് ഒരു പൈജാമ മാത്രമാണുള്ളതെന്നാണ്. അതും കീറിയിരുന്നു. മൗലവി സാഹിബ് അതിൽ നാട ഇടുകയായിരുന്നു. നവാബ് മുഹമ്മദ് ഖാൻ സാഹിബ് അന്നാ

ളിൽ സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ സെക്രട്ടറിയായിരുന്നു. അദ്ദേഹം ഒരാളെ പറഞ്ഞയച്ചു. അയാൾ വന്നുകൊണ്ട് പറഞ്ഞു: "ഹുസൂർ നമസ്കരിക്കാൻ സമയമായി. ജനങ്ങൾക്ക് ഇതിനുശേഷം ബലി അറുക്കാനുമുണ്ട്. അതുകൊണ്ട് വേഗം വന്നാലും." താനുടനെ വരുന്നുവെന്ന് മൗലവി സാഹിബ് പറഞ്ഞയച്ചു. കുറച്ചുകഴിഞ്ഞ് ഞാൻ വന്ന് വീണ്ടും സമയം അധികമായതായി അറിയിച്ചു. ഖലീഫത്തുൽ മസീഹ് ആദ്യം പറഞ്ഞ അതേ മറുപടി തന്നെ നല്കി. ഉടനെ മറ്റൊരാൾ വന്നുകൊണ്ട് കതകിനു മുട്ടി. ജോലിക്കാരനോട് പറഞ്ഞു: 'നോക്കൂ. ആരാണ് വന്നതെന്ന്?' വന്ന വ്യക്തി പറഞ്ഞു: "ഞാൻ വസീറാ ബാദിൽ നിന്നാണ് വരുന്നത്." ഹുസൂർ ഉടനെ അദ്ദേഹത്തെ അകത്തേക്ക് ക്ഷണിച്ചു. ആഗതൻ പറഞ്ഞു: "ഞാൻ വസീറാബാദ് സ്വദേശിയാണ്. ഹുസൂറുനും അമ്മാജിക്കും കുട്ടികൾക്കും വേണ്ടി വസ്ത്രങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. രാത്രി കുതിരവണ്ടി കിട്ടാത്തത് കൊണ്ട് ബട്ടാലയിൽ തങ്ങേണ്ടിവന്നു. ഇപ്പോൾ നടന്നാണ് വന്നിരിക്കുന്നത്." ഇവിടെയും അല്ലാഹു ആ മഹാത്മാവിന്റെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുകയുണ്ടായി.

സൂഫി അത്വാ മുഹമ്മദ് സാഹിബ് ഇതുപോലുള്ള ഒരു സംഭവം വിവരിക്കുന്നുണ്ട്. ഒരിക്കൽ പെരുന്നാളിന് മൗലവി സാഹിബ് പാവങ്ങൾക്കിടയിൽ വസ്ത്രം വിതരണം ചെയ്തു. സ്വന്തം വസ്ത്രങ്ങൾ പോലും അതിനോടൊപ്പം നൽകിപ്പോയി. വീട്ടുകാർ ചോദിച്ചു: ഇനി പെരുന്നാളിന് എന്തുചെയ്യും?" അദ്ദേഹം പറഞ്ഞു: "അല്ലാഹു അതിനുള്ള ഏർപ്പാട് ചെയ്തു കൊള്ളും. പറഞ്ഞതുപോലെത്തന്നെ പെരുന്നാൾ നമസ്കാരത്തിന് അഞ്ചാറ് മിനിട്ട് ബാക്കിയുള്ളപ്പോൾ ഒരാൾ വന്ന് വസ്ത്രങ്ങളുടെ ഒരു കെട്ട് മൗലവി സാഹിബിന് കൊടുത്തു. ഇത് കണ്ടപ്പോൾ മൗലവി സാഹിബ് പറഞ്ഞു: "നോക്കൂ നമ്മുടെ ദൈവം കൃത്യസമയത്ത് നമുക്കായി വസ്ത്രം അയച്ചിരിക്കുന്നു."

ഹദ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജകി (റ) വിവരിക്കുന്നു: "എന്റെ മൂത്ത മകൻ മിയാം ഇഖ്ബാൽ അഹ്മദ് കുട്ടിയായിരുന്നപ്പോൾ ഞാൻ ഒരു സ്വപ്നം കാണുകയുണ്ടായി. ഞാനും എന്റെ ഭാര്യയും കുട്ടിയും ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വീട്ടിൽ താമസിക്കുകയാണ്. അപ്പോൾ എനിക്ക് തോന്നിയത് എന്റെ ഭാര്യ ഹദ്റത്ത് മസീഹ് മൗഊദിന്റെ കാലുകൾ തടവിക്കൊടുക്കുന്നതാണ്. അപ്പോൾ ഹുസൂർ എനിക്കായി പ്രാർത്ഥിച്ചുകൊണ്ട് പറയുകയാണ്: "ജാ തന്നു കോയി ലോഡ് ന രഹേ." ഇത് പഞ്ചാബി ഭാഷയിലുള്ള ഒരു വചനമാണ്. ഇതിന്റെ അർത്ഥം അല്ലാഹു നിന്റെ



എല്ലാ ആവശ്യങ്ങളും അപ്രതീക്ഷിതമായ രീതിയിൽ പൂർത്തിയാക്കിത്തന്നുകൊണ്ടിരിക്കുകയുണ്ടായി എന്നാണ്. എന്റെ വീട്ടുകാരും എന്റെ സമീപസ്ഥരും ഈ സുവാർത്ത എനിക്കായി പൂർത്തിയാകുന്നത് കണ്ടുകൊണ്ടിരിക്കുന്നവരുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "യഥാർത്ഥ റാസിഖ് അല്ലാഹുവാണ്. അവനിൽ പൂർണ്ണമായും തവക്കുൽ ചെയ്യുന്നവന് ഒരിക്കലും റിസ്ഖ് ലഭിക്കാതിരിക്കില്ല. അവൻ തന്നിൽ തവക്കുൽ ചെയ്യുന്നവർക്ക് ഏതവസ്ഥയിലും ഏതുഭാഗത്തുനിന്നും റിസ്ഖ് എത്തിക്കുന്നു." അല്ലാഹു പറയുന്നു എന്നിൽ ഭരമർപ്പിക്കുന്നവന്, എന്നിൽ തവുക്കൽ ചെയ്യുന്നവന് ഞാൻ ആകാശത്തുനിന്ന് വർഷിക്കുകയും പാദങ്ങളിൽ നിന്ന് പുറത്തുകൊണ്ടുവരികയും ചെയ്യുന്നതാണ്. അതുകൊണ്ട് ഓരോരുത്തരും അല്ലാഹുവിൽ ഭരമേൽപ്പിക്കേണ്ടതാണ്."

അല്ലാഹുവിന്റെ സിഫത്തുകൾ ഏറ്റവും കൂടുതൽ ഉൾക്കൊള്ളുന്നത് പ്രവാചകന്മാരാണ്. അല്ലാഹുവിന്റെ സിഫത്തുകൾ ഏതു രീതിയിലാണ് തന്നിൽ സ്വാംശീകരിച്ചിട്ടുള്ളത് എന്ന് തിരുനബിയുടെ വ്യക്തിത്വത്തിൽ നിന്ന് പ്രകടമാകുന്നതാണ്. ഇതുമായി ബന്ധപ്പെട്ട ചില ഹദീസുകൾ കേൾപ്പിക്കാം.

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: റസൂൽ(സ) ഇപ്രകാരം അരുളി: "എന്റെ പക്കൽ ഉഹുദ് പർവ്വതത്തിന് സമാനം സ്വർണ്ണമുണ്ടാകുകയും എന്നാൽ, മൂന്ന് രാവും മൂന്ന് പകലും കഴിയുമ്പോൾ അതിൽ നിന്ന് കടം വീട്ടാനായി നീക്കി വെച്ചതൊഴികെ മറ്റൊ ന്നും ബാക്കിയില്ലാതിരിക്കുകയുമാണെങ്കിൽ അത് എനിക്ക് സന്തോഷത്തിന് വക നൽകുന്നതാണ്. (എത്ര ധന മുണ്ടെങ്കിലും അതെല്ലാം ജനങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നതിലാണ് എന്റെ സന്തോഷം)

ഹദ്റത്ത് മൂസബ്നു അനസ് തന്റെ പിതാവിൽ നിന്ന് രിവായത്ത് ചെയ്യുന്നു: "റസൂൽ(സ)തിരുമേനിയോട് ഇസ്ലാമിന്റെ പേരിൽ എപ്പോൾ, എന്തു തന്നെ ചോദിച്ചാലും ഉടനെ അതു നൽകുമായിരുന്നു. ഒരിക്കൽ ഒരാൾ തിരുനബിയുടെ സവിധത്തിൽ ഹാജരായി. തിരുനബി(സ)അദ്ദേഹത്തിന് രണ്ട് കുന്നുകൾക്കിടയിൽ വ്യാപിച്ചുകിടക്കുന്ന ആട്ടിൻപറ്റത്തെ നൽകി. അദ്ദേഹം ഇത് ലഭിച്ചപ്പോൾ തന്റെ സമൂഹത്തിലേക്ക് തിരിച്ചു ചെന്നുകൊണ്ട് പറഞ്ഞു: "എന്റെ സമൂഹമേ" നിങ്ങൾ മുസ്ലിംകളായിതീരുക. മുഹമ്മദ് വാരിക്കോരിയാണ് നൽകുന്നത്. അദ്ദേഹം ഉണ്ടായിരിക്കെ ദാരിദ്രത്തെ തൊട്ട് ഒരിക്കലും ഭയപ്പെടേണ്ട കാര്യം തന്നെയില്ല." ■

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്
ഖലീഫത്തുൽ മസീഹ് IV

ലേഖനം

# ക്രിസ്തുമതം ഇന്ന്

**കാരുണ്യം, ദയ, ദീനാനുകമ്പ മുതലായ മൂല്യങ്ങൾ പുറമേ പ്രഘോഷിക്കുമെങ്കിലും ക്രിസ്തുസഭ, പാശ്ചാത്യൻ സാമ്രാജ്യത്വത്തിനും കൊളോണിയലിസത്തിനും പാദസേവ ചെയ്യുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.**

ക്രിസ്തീയ ലോകം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ധാരണാശക്തിയുടെ കുറവും അതുപോലെ സത്യം അറിയാനുള്ള വൈമുഖ്യവും അത് സ്വീകരിക്കാനുള്ള സന്നദ്ധതയില്ലായ്മയുമാണ്. ഐതിഹ്യപരമാകട്ടെ, വസ്തുനിഷ്ഠാപരമാകട്ടെ ക്രിസ്തുമതം പാശ്ചാത്യ നാഗരികതയുടെ അവിഭാജ്യഘടകമാണ്. അവരുടെ കോളനിവത്ക്കരണത്തിലും സാമ്രാജ്യത്വ വിജയങ്ങളിലും വളരെ പ്രമുഖമായ പങ്കാണ് ക്രിസ്തുമതം വഹിച്ചത്. സാമ്പത്തികവും രാഷ്ട്രീയവുമായ പാശ്ചാത്യ വ്യവസ്ഥകളെ അത് താങ്ങി നിർത്തുകയും അവർക്ക് ഏകീകൃതവും ബലവത്തായതുമായ ഒരു ഏകശിലാഘടന നൽകുകയും ചെയ്യുന്നു. സങ്കീർണമായ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പാശ്ചാത്യ സംസ്കാരത്തെ നിർമ്മിക്കാനും ഒന്നിച്ചു നിർത്താനും ക്രിസ്തുമതം ഏറ്റവും പ്രധാനമായ ഒരു പങ്കാണ് വഹിക്കുന്നത്. പാശ്ചാത്യ സംസ്കാരത്തെക്കുറിച്ചും പാശ്ചാത്യ സാമ്രാജ്യത്വത്തെക്കുറിച്ചും അവരുടെ സാമ്പത്തികമേധാവിത്വത്തെക്കുറിച്ചും നാം മനസ്സിലാക്കുന്ന കാര്യങ്ങളിലെല്ലാം ചില ക്രിസ്തീയ ഘടകങ്ങൾ ചൂഴ്ന്നു നിൽക്കുന്നു. പണ്ട് കാലത്ത് ക്രിസ്തുമത വിശ്വാസം പടുത്തുയർത്തുന്നതിനും ധാർമ്മിക മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനും വേണ്ടിയാണ് കൂടുതലായി ശ്രമിച്ചിരുന്നതെങ്കിൽ ഇന്ന് പാശ്ചാത്യരുടെ ആത്മീയ കാര്യങ്ങളെക്കാൾ ഭൗതിക കാര്യങ്ങളോടാണ് അത് ആഭിമുഖ്യം പുലർത്തുന്നത്.

എന്തായിരുന്നാലും ചരിത്രപരമായി ക്രിസ്തു മതം നിർവ്വഹിച്ച പങ്കിലേറെയും പാശ്ചാത്യ സാമ്രാജ്യത്തെ കെട്ടിപ്പടുക്കലും ശക്തിപ്പെടുത്തലുമായിരുന്നു. ക്രിസ്തീയമായ തീഷ്ണ വികാരത്തോടെയാണ് പൗരസ്ത്യ നാടുകളിലെ അധിനിവേശങ്ങൾ അരങ്ങേറിയത്. മുസ്‌ലിം സാമ്രാജ്യങ്ങളുമായി പാശ്ചാത്യ നാടുകൾ നടത്തിയ യുദ്ധങ്ങളുടെയെല്ലാം പ്രേരക ശക്തി ക്രിസ്തുമതത്തിന്റെ മുസ്‌ലിം വിദ്വേഷമായിരുന്നു.

## ക്രിസ്തുമതവും കൊളോണിയലിസവും

കൊളോണിയൽ ഭരണം ഏകദേശം മുഴുവൻ ആഫ്രിക്കൻ വൻകരയേയും അടിമുതൽ മുടിവരെ രാഷ്ട്രീയ അടിമച്ചങ്ങലയിൽ ബന്ധനസ്ഥരാക്കി. താമസംവിനാ അവരുടെ കൈകാലുകളിൽ സാമ്പത്തിക അടിമത്വത്തിന്റെ വിലങ്ങു വീണു. ജനങ്ങളെ സാമ്പത്തികമായി കീഴ്പ്പെടുത്താതെയുള്ള സാമ്രാജ്യത്വ അധിനിവേശങ്ങൾ അർത്ഥ രഹിതമാണ്. തങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക യജമാനന്മാരുടെ പിന്നാലെ തന്നെ വിനയത്തിന്റെയും ആത്മ ത്യാഗത്തിന്റെയും തിരുവസ്ത്രങ്ങളിഞ്ഞ് ക്രിസ്തീയ പുരോഹിതന്മാരും ആഫ്രിക്കയിലെത്തി. രാഷ്ട്രീയവും സാമ്പത്തികവുമായി ജനങ്ങളെ കൊള്ളയടിക്കാൻ ആഫ്രിക്കയിലെത്തിയ തങ്ങളുടെ പാശ്ചാത്യരായ മുൻഗാമികളെ എതിർത്തു കൊണ്ടാണ് ക്രിസ്തീയ മതപുരോഹിതന്മാരുടെ സന്ദർശനം എന്ന് ബാഹ്യമായി കാണപ്പെട്ടു. അവർ പറഞ്ഞത് : 'ഞങ്ങൾ വന്നത് അടിമപ്പെടുത്താനല്ല. ആഫ്രിക്കയുടെ ആത്മാവിനെ മോചിപ്പിക്കാനാണ്' എന്നാണ്. ദ്വയാർത്ഥങ്ങളുള്ള അവരുടെ ഈ വിശുദ്ധ ഉദ്ദേശ്യത്തെ ആഫ്രിക്കക്കാർ ചോദ്യം ചെയ്തില്ല എന്നത് അത്ഭുതകരമാണ്. മനുഷ്യകാരുണ്യത്തിന്റെ ഈ ക്രിസ്തുസഭാ നേതാക്കന്മാരോട് എന്തുകൊണ്ട് 'നിങ്ങൾ ഞങ്ങളുടെ ആത്മാക്കളോട് മാത്രം സഹതാപം കാണിക്കുന്നു'? എന്ന് വിനയപുരസ്സരം ആഫ്രിക്കക്കാർ ചോദി

ച്ചില്ല. ആത്മാവിനോടല്ലാതെ മറ്റൊന്നിനോടും എന്തുകൊണ്ട് നിങ്ങൾക്ക് സഹതാപം തോന്നിയില്ല എന്നും അവർ ചോദിച്ചില്ല. ആഫ്രിക്കക്കാരുടെ ശരീരം എത്ര ദാരുണമായ രീതിയിലാണ് അടിമച്ചങ്ങലയിൽ ബന്ധിതമായിരിക്കുന്നതെന്ന് ക്രിസ്തീയ നേതാക്കന്മാർക്ക് കാണാമായിരുന്നില്ലേ? എത്ര പൈശാചികമായിട്ടാണ് അവരുടെ രാഷ്ട്രീയ സ്വാതന്ത്ര്യം അവരിൽ നിന്ന് കവർന്നെടുത്തത്? സാമ്പത്തിക അടിമത്വത്തിന്റെ വിലങ്ങിൽ അവരെ തളച്ചിട്ടിരിക്കുന്നത് എങ്ങനെയാണെന്ന് അവർ അറിയുന്നില്ലേ? എന്തുകൊണ്ട് അവരുടെ ശരീരങ്ങൾക്ക് വന്നു ഭവിച്ച ദയനീയമായ ദാസ്യത്വത്തിൽ ക്രിസ്തുസഭ സഹതപിക്കുന്നില്ല? അടിമകളാക്കപ്പെട്ട ജനതയുടെ ആത്മാവിനെ മാത്രം മോചിപ്പിക്കുന്നതിൽ മാത്രം അവർ താല്പര്യം പ്രകടിപ്പിക്കുന്നത് എന്തുകൊണ്ടാണ്?

ഇതിൽ അന്തർഭവിച്ചിട്ടുള്ള വൈരുദ്ധ്യങ്ങൾ വളരെ പ്രകടമാണ്. പക്ഷേ അത്ഭുതകരമെന്ന് പറയട്ടെ, ക്രിസ്ത്യാനികളുടെ ഗൂഢതന്ത്രങ്ങൾക്ക് കുറിമാനമായിട്ടുള്ളവർക്ക് ഈ വൈരുദ്ധ്യങ്ങൾ അത്രത്തോളം വ്യക്തമായി മനസ്സിലായിട്ടില്ല. ആഫ്രിക്കക്കാർ തീർച്ചയായും നിഷ്ക്കളങ്കരാണ്. ഇരുനൂറ് വർഷങ്ങൾക്ക് മുമ്പത്തേത് പോലെ അവർ ഇന്നും നിഷ്കളങ്കർ തന്നെയാണ്. വിദൂരസ്ഥലത്തിരുന്ന് അദൃശ്യഹസ്തങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന നവ കൊളോണിയൽ വ്യവസ്ഥയുടെ സാമ്പത്തികവും രാഷ്ട്രീയവുമായ അടിമത്തത്തിലെ ചൂഷണം ആഫ്രിക്കക്കാർക്ക് ഇന്നും തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ക്രിസ്തുമതം അവരെ കീഴ്പ്പെടുത്താനുള്ള ഒരു ഉപകരണം മാത്രമാണെന്ന യാഥാർത്ഥ്യം അവർ ഇപ്പോഴും ഗ്രഹിച്ചിട്ടുമില്ല. വിസ്മൃതിയുടെ നിതാന്തമായ മയക്കം സമ്മാനിക്കുന്ന മയക്ക് മരുന്നു പോലെയാണ് അവർക്ക് ക്രിസ്തുമതം. അവരുടെ ഭരണാധികാരികൾ കൈവശം വെച്ചിരിക്കുന്ന സമ്പത്തിൽ അവർക്കും തുല്യപങ്കാളിത്തം ലഭിക്കുമെന്ന മിഥ്യാബോധം അവരിൽ ഉണ്ടാക്കിയിരിക്കുന്നു. ആ മിഥ്യാബോധം തന്നെയാണ് പാശ്ചാത്യ രീതിയിലുള്ള ആഢംബരപപൂർണ്ണമായ ജീവിതശൈലി അനുകരിക്കാൻ അവരെ പ്രേരിപ്പിക്കുന്നത്. വൃക്ഷം നടപ്പെട്ടത് വിദേശത്താണ്. പക്ഷേ അതിന്റെ ഫലങ്ങളുടെ രുചിക്ക് അടിമപ്പെട്ടു പോയവരുടെ നാട്ടിലേക്ക് അത് കയറ്റുമതി ചെയ്യപ്പെടുക മാത്രമാണ് ചെയ്യുന്നത്. മൂന്നാം ലോകത്തിന് മേൽ രാഷ്ട്രീയ സാമ്പത്തിക സാമ്രാജ്യത്വ ശക്തിയായി നിൽക്കുന്ന പാശ്ചാത്യ കോയ്മയുടെ ഒഴിച്ചു കൂടാനാവാത്ത ഭാഗമായി ക്രിസ്തുമതം എങ്ങനെ ആയിത്തീരുന്നു എന്ന് കാണിക്കാനാണ് ഈ ചെറുവിവരണം നൽകിയത്.

പാശ്ചാത്യ ദേശത്തെ ഒരു സാധാരണക്കാരൻ അയാൾ ക്രിസ്തുമത സിദ്ധാന്തങ്ങളുടെ സങ്കീർണതകൾ മനസ്സിലാക്കിയിട്ടുണ്ടോ ഇല്ലയോ എന്ന കാര്യം നമുക്കവഗണിക്കാം, അയാൾ ക്രിസ്തുമതം തന്റെ സംസ്ക്കാരത്തിന്റേയും നാഗരികതയുടേയും അവിഭാജ്യ ഘടകമായിക്കാണുന്നു. ക്രിസ്തുമതം എവിടെയെല്ലാമുണ്ടോ അവിടെയെല്ലാം അതിന്റെ യഥാർത്ഥ ശക്തി ഒരു കൂട്ടം മിത്തുകളിലുള്ള വിശ്വാസങ്ങളല്ല എന്ന് നാം പ്രത്യേകം ഓർക്കണം. ക്രിസ്തുമതത്തിന്റെ പര്യായങ്ങൾ എന്നു കരുതുന്ന കാരുണ്യം, അനുകമ്പ, അശരണരുടെ സേവനം എന്നീ മൂല്യങ്ങളിൽ ഊന്നുന്നതിലാണ് അതിന്റെ യഥാർത്ഥ ശക്തി എന്നു നാം മനസ്സിലാക്കണം. ഈ മൂല്യങ്ങളെല്ലാം ലോകത്തിലുള്ള എല്ലാ മതങ്ങളുടെയും പൊതുമൂല്യങ്ങളാണ്. മാനവീയത നേടിയെടുക്കേണ്ട ലക്ഷ്യങ്ങളായിക്കൊണ്ട് ദൈവം സംവിധാനം ചെയ്തതാണ് ഇതെന്ന് നമുക്ക് കാണാം. പക്ഷേ, ക്രിസ്തുമതത്തിന്റെ അതിശക്തമായ നിരന്തര പ്രചാരണ തന്ത്രങ്ങളിലൂടെ ഈ മൂല്യങ്ങളെല്ലാം ക്രിസ്തുമതവുമായി മാത്രം ബന്ധപ്പെട്ടതാണെന്ന് വലിയൊരു ജനവിഭാഗത്തെ വിശ്വസിപ്പിക്കാൻ അവർക്കു സാധിച്ചു. അനുകമ്പയുടെയും കാരുണ്യത്തിന്റെയും ദിവ്യത്വത്തിന്റെയും മാന്യമായ പെരുമാറ്റത്തിന്റെയും ഈ സന്ദേശത്തിന്റെ ശ്രുതിമധുരമായ സംഗീതം കാതുകളിൽ ഒരു മാന്ത്രിക വശീകരണമുണ്ടാക്കുന്നു. ഈ മായിക പരിവേഷമാണ് പൊതുവേ ക്രിസ്തുമത വിശ്വാസത്തിലേക്ക് ജനങ്ങളെ ആകർഷിക്കുന്നത്. എന്തായിരുന്നാലും പാശ്ചാത്യരുടെ രാഷ്ട്രീയവും സാമ്പത്തികവുമായ തീക്ഷ്ണയാഥാർത്ഥ്യങ്ങളും മറ്റു രാജ്യങ്ങളെ അടിമപ്പെടുത്തലും പ്രസ്തുത മൂല്യങ്ങളിൽ നിന്നുമുള്ള അവരുടെ വ്യതിചലനമാണ്.

ക്രിസ്തുമതത്തിനോടൊപ്പം നിലകൊള്ളുന്ന ഈ സൈദ്ധാന്തിക വൈരുദ്ധ്യങ്ങൾ ഒരളവോളം അവരുടെ ലൗകിക വ്യവഹാരങ്ങളിലും കാണപ്പെടുന്നു. ദയ, വിനയം, സഹിഷ്ണുത, ത്യാഗം മുതലായ നിരവധി ഉദാത്തമായ വാക്കുകളോടൊപ്പം ക്രൂരത, അടിച്ചമർത്തൽ വ്യാപകമായ നീതിനിഷേധം, ലോക ജനതയിൽ നിസ്സഹായരായ വലിയൊരു വിഭാഗത്തെ അടിമപ്പെടുത്തൽ എന്നിവയും ഒപ്പത്തിനൊപ്പം നിൽക്കുന്നതായി കാണാം. നിയമ വാഴ്ച, നീതി, നീതിപാലനും മുതലായവ പാശ്ചാത്യ ക്രിസ്തീയ രാജ്യങ്ങളിൽ മാത്രം പ്രചാരണ മൂല്യമുള്ള നാണയങ്ങളാണ്. സാർവ്വദേശീയ ബന്ധങ്ങ

ളിൽ അവ വിഡ്ഢിത്തവും എടുക്കാത്ത നാണയങ്ങ ളുമാണ്. ഗൗരവ പൂർവ്വം എടുക്കേണ്ട അത്തരം വിഷ യങ്ങൾ പാശ്ചാത്യ ലോകത്തിന് പുറത്ത് നിസ്സാരങ്ങളാ യി അവർ കാണുന്നു. അന്തർദ്ദേശീയ നയതന്ത്രത്തിലും സാമ്പത്തിക ബന്ധങ്ങളിലും നീതി എന്താണെന്ന് അവർക്കറിയില്ല. ആ രംഗത്തെല്ലാം ദേശീയ താല്പര്യ ങ്ങളല്ലാതെ അവർക്ക് മറ്റൊന്നുമില്ല. പാശ്ചാത്യരുടെ രാഷ്ട്രീയ സാമ്പത്തിക ആധിപത്യത്തിനകത്ത് ക്രിസ്ത്യൻ മൂല്യങ്ങൾക്ക് ചുവടു വെക്കാൻ അനുവാ ദമില്ല. അവ എത്ര നല്ലതാണെങ്കിലും ശരി. ഇതാണ് ആധുനിക ലോകത്തെ ദാരുണമായ വൈരുദ്ധ്യം.

ക്രിസ്തുമതം പ്രലോഭനീയമായ അതിന്റെ പാശ് ചാത്യ സംസ്കാരത്തേയും നാഗരികതയേയും എടു ത്തുകാട്ടിക്കൊണ്ട് പൊതുവെ സങ്കുചിതവും ജീർണ്ണ വുമായ മത സമൂഹങ്ങളായി കഴിയുന്ന പൗരസ്ത്യരെ ക്ഷണിക്കാറുണ്ട്. സുഖപ്രദവും, സർവ്വ സ്വതന്ത്രവും സ്വച്ഛന്ദസുന്ദരവുമായ ജീവിതത്തിലേക്കാണ് അവരുടെ ക്ഷണം. വിമോചനത്തിനായുള്ള ആഹ്വാനത്തിൽ അർദ്ധ സാക്ഷരരായ വലിയൊരു വിഭാഗം മൂന്നാം ലോക ജനത തെറ്റിദ്ധരിച്ചുകൊണ്ട് ആകർഷിക്കപ്പെടു ന്നു. കൂടാതെ ക്രിസ്തുമതം എന്ന പൊതു ഘടക ത്തിലൂടെ തങ്ങൾ പരിഷ്കൃത ലോകത്തിൽ നിന്നു ള്ളവരായിത്തീരുന്നു എന്ന മാനസിക സംതൃപ്തി അവ രിൽ ഉണ്ടാക്കുന്നു. ഈ മൂന്നാം ലോകജനതയാകട്ടെ ജാതിശ്രേണികളുള്ള സമൂഹത്തിലെ ഏറ്റവും അടിച്ച മർത്തപ്പെട്ടവരും താഴെക്കിടയിലുള്ളവരുമാണ്. ഇങ്ങ നെ പരിഷ്കൃത ലോകത്തിലെത്താൻ ക്രിസ്തു മതത്തി നുള്ള സുപ്രധാനമായ പങ്ക് ആ മതത്തിലേക്ക് വലി യൊരു ജനവിഭാഗത്തെ ആകർഷിക്കുന്നു. ഇതാണ് പലപ്പോഴും സംഭവിക്കുന്നത്. ക്രിസ്തുമതത്തിന്റെ സിദ്ധാന്തങ്ങൾ മനസ്സിലാക്കുക എന്നത് അവരുടെ പരി ധിക്ക് പുറത്തുള്ള കാര്യമാണ്. അവരുടെ മനുഷ്യാ വസ്ഥ ഉയർത്തുന്നതിൽ മാത്രമാണ് ക്രിസ്തുമതം അവരെ സഹായിക്കുന്നത്. എന്നാൽ ആ വിമോചനമാ കട്ടെ വ്യാജവുമാണ്.

ഇപ്പോഴത്തെ ക്രിസ്തുമതം യേശുവിന്റെ അദ്ധ്യാ പനങ്ങളിൽ നിന്ന് ബഹുദൂരം അകലെയാണെന്ന് മേൽ വിവരണങ്ങളിൽ നിന്ന് തെളിയുന്നു. പാശ്ചാത്യ സംസ്കാരമാണ് ക്രിസ്തുമതമെന്ന് മനസ്സിലാക്കുന്നത് പ്രകടമായ തെറ്റാണ്. സമകാലീന ലോകത്തെ വിവിധ തലങ്ങളിലുള്ള ക്രിസ്തുമത രൂപങ്ങളെ ക്രിസ്തുവിൽ ആരോപിക്കുകയാണെങ്കിൽ തീർച്ചയായും അത് ക്രിസ്തുവിനെ അപമാനിക്കലായിരിക്കും. എല്ലാ നിയ മത്തിനും ചില നീക്കുപോക്കുകളൊക്കെയുമുണ്ട്. ഒരു ആരോപണവും ഒരു വലിയ സമൂഹത്തിന് ഒന്നടങ്കം ബാധകമാക്കാൻ സാധ്യമല്ല. ക്രൈസ്തവമായ ആത്മാർത്ഥത, സ്നേഹം, ത്യാഗം മുതലായ മൂല്യങ്ങൾ സത്യസന്ധമായി നടപ്പിൽ വരുത്തുന്ന വ്യക്തികളും ചെറുസംഘങ്ങളും പ്രതീക്ഷയുടെയും സജീവതയു ടെയും കൊച്ചു തുരുത്തുകളായി ക്രിസ്തീയ ലോകത്ത് കാണപ്പെടുന്നു എന്ന കാര്യത്തിൽ സംശയമില്ല. അധാർമ്മികതയുടെ പ്രക്ഷുബ്ധമായ പാരാവാരത്തിൽ ഈ കൊച്ചു ദ്വീപുകൾ അരിക് നശിച്ച് മുങ്ങിത്താഴുക യാണ്. അവ എത്ര തന്നെ ചെറുതും വിദൂരസ്ഥവുമാ ണെങ്കിലും യേശു ക്രിസ്തുവിന്റെ ചൈതന്യത്താൽ സേവന നിരതരായ അത്തരം ജ്വലിക്കുന്ന മാതൃകകൾ ഇല്ലായിരുന്നുവെങ്കിൽ അന്ധകാരം പാശ്ചാത്യചക്ര വാളത്തെ ഗ്രസിക്കുമായിരുന്നു. ഇതല്ലാതെ ക്രിസ്തീയ ലോകത്തെ അലങ്കരിക്കാൻ മറ്റൊന്നുമുണ്ടാകുമായിരു ന്നില്ല. കഷ്ടമെന്ന് പറയട്ടെ, അത്തരം വെളിച്ചങ്ങൾ ദ്രുതഗതിയിൽ മങ്ങിക്കൊണ്ടിരിക്കുകയുമാണ്.

ക്രിസ്തീയ ലോകത്തിന്റെ വിഭക്തമായ വ്യക്തിത്വ ത്തിനും, അവരിൽ അന്തർഹിതമായ കാപട്യത്തിനും സ്വയം ചികിത്സിച്ച് സുഖം പ്രാപിക്കാൻ യേശുവിന്റെ യാഥാർത്ഥ്യത്തിലേക്ക് ക്രിസ്തീയ ലോകം തിരിച്ചുപോ കേണ്ടത് അത്യാവശ്യമാണ്. മിത്തുകളുടെയും ഇതിഹാ സങ്ങളുടെയും ലോകത്ത് ജീവിതം തുടരുക എന്നത് വിനാശത്തിനുള്ള വഴിയാണ്. ഈ എളിയശ്രമങ്ങളു ടെയെല്ലാം മുഖ്യ ഉദ്ദേശ്യം ക്രിസ്തീയ ലോകത്ത് അവ രുടെ വിശ്വാസവും പ്രവർത്തനവും തമ്മിലുള്ള വർദ്ധി ച്ചുവരുന്ന വൈരുദ്ധ്യങ്ങളെപ്പറ്റി അവരെ ബോധവാന്മാ രാക്കുക എന്നതാണ്. സമൂഹ ശ്രേണിയിലെ താഴെക്കി ടയിലുള്ളവരുടെ അജ്ഞത ചൂഷണം ചെയ്ത് അവരെ മയക്കിക്കിടത്തി, കീഴ്പ്പെടുത്തി നിയന്ത്രിക്കുക എന്ന ഉദ്ദേശ്യത്തെ സഹായിക്കാൻ മിത്തുകൾ വളരെ നല്ല താണ്. എന്നാൽ, മൃതിയടഞ്ഞുപോയ ഒരു സമൂഹത്തെ ജീവനിലേക്ക് കൊണ്ടുവരുവാനും അതിശീഘ്രം ജീർണ്ണിക്കുന്ന അവരുടെ ധാർമ്മിക മൂല്യങ്ങളെ പുനർ സൃഷ്ടിക്കാനും അത്തരം മിത്തുകൾക്ക് കഴിയില്ല. അവ വെറും മിഥ്യാഭാവനകൾ മാത്രമാണ്. മിഥ്യാഭാവന കൾക്ക് മാനുഷിക വ്യവഹാരങ്ങളിൽ അർത്ഥവത്തായി ഇടപെടാൻ സാദ്ധ്യമല്ല.

*(ക്രിസ്തുമതം: 'യാഥാർത്ഥ്യത്തിൽ നിന്നും കെട്ടുകഥ യിലേക്ക്' എന്ന പുസ്തകത്തിൽ നിന്ന്)*

■

എം. ആലിക്കോയ

ലേഖനം

# ഉയിർത്തെഴുന്നേൽപ്പ്

## ധൈഷണികവും ദാർശനികവുമായ സമസ്യകൾ

**യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും ക്രിസ്തുമതത്തിന്റെ ദാർശനികവും യുക്തിപരവുമായ ബലഹീനത വ്യക്തമാക്കുന്നു. ഈ അടിസ്ഥാന ദൗർബല്യങ്ങൾ ഉൾക്കൊള്ളുന്ന ദൈവശാസ്ത്രത്തിന് മനുഷ്യന്റെ ആത്മീയജീവിതത്തെ എങ്ങനെ ദൈവോന്മുഖമാക്കിത്തീർക്കാനാവും?**

ഒരു ചാക്രികാനുഷ്ഠാനം പോലെ, ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും സംബന്ധിച്ചുള്ള ദൈവശാസ്ത്ര വിചിന്തനങ്ങൾ ലോകമെങ്ങുമുള്ള ക്രിസ്തീയ വേദികളിൽ ഈ ഏപ്രിൽ മാസം വീണ്ടും ചർച്ച ചെയ്യപ്പെടുകയാണ്. യേശു വെള്ളിയാഴ്ച കുരിശിലേറ്റപ്പെടുകയും ഞായറാഴ്ച ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു എന്നാണ് ക്രിസ്തീയ വിശ്വാസം.

ഉയിർത്തെഴുന്നേൽപ്പിന്റെയും സ്വർഗ്ഗരോഹണത്തിന്റെയും ദൈവശാസ്ത്രം ഇങ്ങനെ സംഗ്രഹിക്കാവുന്നതാണ്. 'യേശു കുരിശിന്മേൽ ശപ്തമരണം വരിച്ച് മനുഷ്യവംശത്തെ തങ്ങളുടെ പാപങ്ങളിൽനിന്ന് മുക്തമാക്കുകയും കല്ലറയിൽ അടക്കപ്പെടുകയും ചെയ്തു. മൂന്നാം ദിവസം മരിച്ചവരുടെ ഇടയിൽ നിന്ന് അദ്ദേഹം ഉയിർത്തെഴുന്നേൽക്കുകയും വിശകലനാതീതമായ ഒരു മാർഗ്ഗത്തിൽ സ്വർഗ്ഗത്തിലേക്ക് കരേറിപ്പോവുകയും ചെയ്തു. ഇതാണ് ക്രിസ്തീയ വിശ്വാസത്തിന്റെ സാരാംശം! എന്നാൽ, യഥാർത്ഥത്തിൽ ഇത് സംഭവിക്കുകയുണ്ടായോ? ചോദ്യം ചെയ്യപ്പെടാതെ ക്രിസ്ത്യാനികൾ വിശ്വസിക്കുന്ന ഈ സിദ്ധാന്ത പ്രമാണങ്ങൾക്ക് ചരിത്രപരവും വസ്തുതാപരവുമായ യാതൊരു സാധുതയുമില്ല. മനുഷ്യന്റെ അനുഭവയാഥാർത്ഥ്യങ്ങൾക്കും ഗ്രാഹ്യശേഷിക്കുമതീതമായതും തികച്ചും അസംഭാവ്യവും അസാദ്ധ്യവുമായ ഒന്നുമത്രെ, സ്വർഗാരോഹണത്തിന്റെയും ഉയിർത്തെഴുന്നേൽപ്പിന്റെയും സിദ്ധാന്തം. വിശ്വാസപരമായ മിഥ്യാഭ്രമത്തിൽ കെട്ടിപ്പടുത്ത ഈ വിശ്വാസവികല്പം മിതമായി പറഞ്ഞാൽ കെട്ടുകഥകളുടെ മണ്ഡലത്തിൽപ്പെട്ട ഒന്നത്രെ.

ചപല മാനസയുടെ ദൈവശാസ്ത്രം

ഒരു പ്രമുഖ യുക്തിചിന്തനായ റെനൻ, തന്റെ ഹിസ്റ്ററി ദെസ് ഒറിജിൻസ് ക്രിസ്ത്യൻസ്മെ (History Des Origins Christiansme) എന്ന ഗ്രന്ഥത്തിൽ പറയുന്നു:

"ഉയിർത്തെഴുന്നേൽപിന്റെ ബഹുമതി മഗ്ദലന മറിയക്ക് അവകാശപ്പെട്ടതാകുന്നു. അവളുടെ കടുത്ത മനശ്ചാഞ്ചല്യം സൃഷ്ടിച്ച പ്രതിച്ഛായ ഇപ്പോഴും ലോകസമക്ഷം ചൂഴ്ന്നു വിലസുകയാണ്. ദിവാസ്വപ്നക്കാർക്കിടയിലെ പ്രമുഖിയും രാജകുമാരിയുമെന്ന നിലയിൽ അവളാണ് തന്റെ ആവേശം നിറഞ്ഞ ആത്മാവിന്റെ സ്വപ്നദർശനത്തെ മറ്റാരേക്കാളും ലോകമനസ്സിൽ ഒരു യാഥാർത്ഥ്യമായി മാറ്റുന്നതിന് കാരണക്കാരി. അവളുടെ സ്ത്രീഹൃദയത്തിൽ നിന്ന് ഉയർന്ന 'അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു' എന്ന വാവിട്ടുള്ള ഉദ്ഘോഷം മനുഷ്യവംശത്തിന്റെ ഒരു നിർദ്ധാരിയായിത്തീർന്നു. അതിന് ഹേതുവായ ദുർബ്ബലയുക്തിയുടേയും ആദർശപരതയുടേയും പ്രേമത്തിന്റേയും ആവിഷ്കരണങ്ങൾ നിശിതമായ വിശകലനത്തിന് എന്തുകൊണ്ട് വിധേയമാക്കുന്നില്ല? വിധി കൈയൊഴിച്ച അസന്തുഷ്ടയും ദിവാസ്വപ്നക്കാരിയുമായ മഗ്ദലന മറിയം ഉരുവിട്ട വാക്കുകൾ മാനവരാശിക്ക് സമാശ്വാസവും അളവറ്റ ആഹ്ലാദവും പകരുകയുണ്ടായി.

അപ്പോൾ മഗ്ദലനക്കാരി മറിയയെക്കാൾ വലിയ ധിഷണാശാലി എവിടെയുണ്ട്?"

ഉയിർത്തെഴുന്നേൽപ്പിന്റെ വാങ്മയം അവതരിപ്പിച്ച മഗ്ദലനക്കാരി മറിയം ഏഴു പിശാചുക്കൾ ബാധിച്ചവളായിരുന്നു (ലൂക്കോ: 82) എന്നാണ് ബൈബിൾ പറയുന്നത്. മറ്റു വാക്കുകളിൽ ഭ്രാന്തിന്റെ വക്കോളമെത്തുന്ന ഹാലിളക്കമുള്ളവളായിരുന്നു അവൾ.

യേശുവിന്റെ കുരിശു സംഭവവും ഉയിർത്തെഴുന്നേൽപ്പും സ്വർഗ്ഗാരോഹണവും രണ്ടായിരം വർഷങ്ങളുടെ നിഗൂഢതയിൽ ആണ്ടുകിടക്കുന്ന വസ്തുകളത്രെ. ക്രിസ്തുവിന്റെ യഥാർത്ഥ ചരിത്രത്തെ സംബന്ധിച്ച വസ്തുതകൾ ഇക്കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. തുടർന്ന് കാലം കഴിയുംതോറും യേശു കുരിശിൽ മരിച്ചിട്ടില്ലെന്ന് സംശയാതീതമായി തെളിയിക്കുന്ന നിരവധി രേഖകൾ വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

## ഹദ്റത്ത് അഹ്മദി(അ)ന്റെ വെളിപ്പെടുത്തൽ

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ വാഗ്ദത്ത മസീഹും മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) 'മസീഹ് ഹിന്ദുസ്ഥാൻ മെ' (യേശു മിശിഹാ ഇന്ത്യയിൽ) എന്ന ഗ്രന്ഥം രചിക്കുകയുണ്ടായി. മുഴുവൻ ലോക ജനതക്കുമായി ഒരു മഹാസത്യം അദ്ദേഹം പ്രകാശനം ചെയ്തു. ഈ പുസ്തകം വഴി യേശു കുരിശിൽ പീഡിതനായെങ്കിലും കുരിശിൽ വെച്ച് മരിക്കുകയുണ്ടായില്ലെന്നും പ്രസ്തുത സംഭവത്തിനു ശേഷം അദ്ദേഹം കാണാതെ പോയ ഇസ്രായേൽ ഗോത്രത്തെ, ബാബിലോണിയൻ ചക്രവർത്തി നെബുക്കദ് നസറിന്റെ വിശാലമായ സാമ്രാജ്യത്വത്തിനു കീഴിൽ അടിമകളായി ചിതറിത്താമസിച്ചിരുന്ന യഹൂദികളുടെ പിന്തുടർച്ചക്കാരെത്തേടി ഭാരതത്തിലേക്ക് വരുകയുണ്ടായെന്നും തെളിവു സഹിതം സ്ഥാപിക്കുന്നു. പുരാതന കാലത്തെ വിശ്വസാമ്രാട്ടുകളായ നെബുക്കദ് നസർ, സൈറസ്, അലക്സാണ്ടർ മുതലായവരുടെ അടിമത്തത്തിൻ കീഴിലായിരുന്നു ഇസ്രായേലികൾ ചിതറിത്തെറിച്ചത്. പുരാതനകാലത്ത് അടിമകളായിരുന്ന യഹൂദികളുടെ പിൻതലമുറക്കാരുടെ ജനപദങ്ങൾ കശ്മീരിലും ഭാരതത്തിന്റെ മറ്റു വടക്കൻ ഭാഗങ്ങളിലും വ്യാപിച്ചിട്ടുണ്ടായിരുന്നു. യഹൂദികളെത്തേടിയുള്ള പര്യടനത്തിന്റെ ഭാഗമായി യേശു കശ്മീരിൽ വരികയും വാർദ്ധക്യം ബാധിച്ച് ശ്രീനഗറിൽ വെച്ച് ദിവംഗതനാവുകയും ചെയ്തു. അദ്ദേഹത്തിന്റെ ശവകുടീരം ഇപ്പോഴും ശ്രീനഗറിൽ കാണപ്പെടുന്നുണ്ട്. ഈ വസ്തുതയെ പ്രബലപ്പെടുത്തിക്കൊണ്ടുള്ള ആധുനിക ചരിത്ര പുരാവസ്തു ശാസ്ത്രഗവേഷണങ്ങൾ ഖുർആന്റേയും ബൈബിളിന്റേയും പ്രസ്താവനകൾക്ക് കരുത്തുറ്റ പിൻബലം നൽകുന്നുണ്ട്. ക്രൂശിക്കപ്പെട്ടുള്ള ശപ്തമൃത്യുവിൽനിന്ന് ദൈവം അദ്ദേഹത്തിന് ആപന്മുക്തിയേകുകയും ഒഴുകുന്ന അരുവികളുള്ള ഉന്മേഷദായകമായ ഒരു ഉന്നതഭൂവിൽ അഭയമരുളുകയും ചെയ്തതായി ഖുർആൻ പറയുന്നു. ശ്രീനഗറിലെ യേശുവിന്റെ ശവകുടീരത്തിന്റെ കണ്ടെത്തൽ യേശു കുരിശിൽ മരിക്കുകയുണ്ടായില്ലെന്ന വസ്തുതയെ സംബന്ധിച്ചുള്ള സർവ്വ സംശയങ്ങളേയും ദൂരീകരിക്കുകയും അനേകശതകങ്ങളായി യേശുവിന്റെ നിഗൂഢ ജീവിതത്തെ ആവരണം ചെയ്തിരിക്കുന്ന എല്ലാ അനിശ്ചിതത്വവും നീക്കം ചെയ്യുകയും ചെയ്യും. ദൈവം അദ്ദേഹത്തിന്റെ ആത്മാവിന് ശാന്തിയും കാരുണ്യവും ചൊരിയട്ടെ.

ഹദ്റത്ത് അഹ്മദ് (അ) വിളംബരപ്പെടുത്തിയ, യേശു കുരിശിൽ മരിച്ചിട്ടില്ല എന്ന യാഥാർത്ഥ്യം മുസ്ലിം ധൈഷണിക ലോകത്തെ ആവേശഭരിതരാക്കേണ്ടതായിരുന്നു. പക്ഷേ, ഇതേവരെ ആരും തന്നെ സമഗ്രമായി ഈ വിഷയം പഠിക്കാനോ വിശകലനം ചെയ്യാനോ മുന്നോട്ടു വരാൻ ധൈര്യമോ ചങ്കൂറ്റമോ കാണിച്ചിട്ടില്ല. ജൂത ക്രൈസ്തവ വെളിപാടുകളുടെ പാരമ്യമാണ് ഇസ്ലാമെന്നും യേശുവിന്റെ ജീവിതവും മരണവും ജൂതർക്കും ക്രിസ്ത്യാനികൾക്കുമെന്നതുപോലെ മുസ്ലിംകൾക്കും മർമ്മപ്രധാനമായൊരു വിഷയമാണെന്നും ക്രൈസ്തവ ലോകത്തിനു വേണ്ടത്ര ബോധ്യപ്പെട്ടിട്ടില്ല.

മോസസ്സിന്റെ ന്യായപ്രമാണത്തിന്റെ നിവർത്തിപ്പിനായി ദൈവത്താൽ പ്രേഷിതനായ സത്യപ്രവാചകനാണ് യേശു എന്നതാണ് ഖുർആന്റെ പ്രസ്താവന. യേശു കുരിശിൽ വെച്ച് ശപ്തമരണം വരിച്ചിട്ടില്ലെന്ന് വിശുദ്ധ ഖുർആൻ ശക്തിയുക്തം പ്രഖ്യാപിക്കുന്നു. ആ ദിവ്യ വ്യക്തിത്വത്തിന്മേലുള്ള കളങ്കം കഴുകിക്കളയുന്നതിനുള്ള തീവ്രപരിശ്രമം യേശുവെ ഒരു ദൈവിക പ്രവാചകനായി വിശ്വസിക്കുന്ന സർവ്വരുടെയും കർത്തവ്യമത്രെ. അതുകൊണ്ട് യേശു കുരിശിൽ മരണപ്പെടുകയുണ്ടായില്ല എന്ന കണ്ടെത്തൽ ജൂതന്മാർക്കും ക്രിസ്ത്യാനികൾക്കും മുസ്ലിംകൾക്കും ഒരുപോലെ ജിജ്ഞാസയുണർത്തുന്ന ഒരു വിഷയമാണ്.

## ക്രിസ്തീയ ദൈവശാസ്ത്രത്തിലെ യുക്തിഭംഗങ്ങൾ

1. യേശു മരിച്ചവരിൽ നിന്ന് ഉയിർത്തു വന്നു എന്ന സിദ്ധാന്തം യുക്തിചിന്തക്കും സാമാന്യബുദ്ധിക്കും നിരക്കാത്തതാണ്. മരണത്തിന് ശേഷം ഉയിർത്തെഴുന്നേൽക്കുക എന്നത് തികച്ചും അവിശ്വസനീയവും അസംഭാവ്യവുമാണ്. സുവിശേഷ വചനങ്ങളിൽനിന്ന് നിർമ്മിച്ചെടുത്ത ദുർബ്ബലമായ തെളിവ് ഈ സിദ്ധാന്തം സ്ഥാപിക്കാൻ തികച്ചും അപര്യാപ്തവുമാണ്. യേശു മരിച്ചതിന്ശേഷം മൃതരായവർക്കിടയിൽ മൂന്നുനാൾ കിടക്കുകയും പിന്നീട് ജീവിതത്തിലേക്ക് തിരിച്ചുവരികയും ചെയ്തു എന്നതിനേക്കാൾ, പീഡനമേറ്റ ക്രിസ്തു ബോധരഹിതനാവുകയും തുടർന്ന് സുഖം പ്രാപിക്കുകയുമാണുണ്ടായത് എന്നതിനാണ് കൂടുതൽ സാധ്യതയുള്ളത്. ഇത് തന്നെയാണ് യാഥാർത്ഥ്യവും. അതുകൊണ്ട് ഖുർആന്റെ ഈ സമീപനം യുക്തിപരവും ബുദ്ധിപരവുമാണ്.

2. യേശു കുരിശിലേറ്റപ്പെടുന്നതിന് മുമ്പോ അതിന് ശേഷമോ ആകാശത്തേക്ക് പോയി എന്ന ആശയം കെട്ടുകഥപോലെ അയുക്തിവും നിരർത്ഥകവുമാണ്. ശ്രവണമാത്രയിൽ തന്നെ അത് നിരാകരണയോഗ്യമാണ്. ഒരാൾക്ക് സ്ഥൂല ദേഹത്തോടെ ആകാശത്തിൽ പോകാനും അവിടെനിന്ന് ഇറങ്ങിവരാനും കഴിയുകയില്ല എന്നുള്ളത് ബൈബിളിലെ ഏലിയാ പ്രവാചകന്റെ സംഭവത്തിൽ പ്രസ്താവിതമായ പ്രകൃതി നിയമമത്രെ. യേശു തന്നെയും ആത്മീയാർത്ഥത്തിൽ മാത്രമാണ് ബൈബിളിലെ മലാഖിയുടെ ഉടലോടെയുള്ള അവരോഹണ കഥമനസിലാക്കിയത്.

എങ്കിൽ പിന്നെ യേശുവിന്റെ ആരോഹണാവരോഹണങ്ങൾ വാച്യാർത്ഥത്തിൽ എടുക്കേണ്ടതുണ്ടെന്ന് കരുതുന്നതെങ്ങനെയാണ്? അത്തരം സങ്കൽപങ്ങൾ ദൈവവചനങ്ങൾക്ക് നിരക്കുന്നതല്ല. മനുഷ്യസൃഷ്ടി തൊട്ട് ഇന്നേവരെയും ശാരീരികാരോഹണാവരോഹണങ്ങളുടേതായ ഏതെങ്കിലും ഒരു സംഭവം പോലും ഉണ്ടായിട്ടില്ലാത്തതുമത്രെ.

3. തന്റെ കർത്തവ്യങ്ങൾ നിർവ്വഹിച്ചു തീർക്കുന്നതിനുമുമ്പേ യേശു സ്വർഗ്ഗം പൂകിയെന്നുള്ള ഗുരുതരമായ കുറ്റം അദ്ദേഹത്തിനു മേൽ ആരോപിക്കുകയെന്ന ആശയം തന്നെ ധർമ്മബോധമുള്ളയാൾക്ക് ഉൾക്കിടിലമുണ്ടാക്കുന്നു. സൽക്കാര്യങ്ങൾ ചെയ്യുവാൻ കഴിവുള്ളയാളും തന്റെ സഹജീവികൾക്ക് വേണ്ടപ്പെട്ട സേവനങ്ങളും മഹത്തായ നേട്ടങ്ങളും നൽകാൻ ജീവിച്ചിരിക്കുന്ന ഒരാളെ സർവ്വശക്തനായ ദൈവം എടുത്തകറ്റുമെന്നും തന്റെ ദൗത്യം നിർവ്വഹിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ ഒഴിവാക്കി സ്വർഗ്ഗത്തിൽ പ്രതിഷ്ഠിക്കുമെന്നുമുള്ള ബുദ്ധിശൂന്യവും അബദ്ധജടിലവുമായ ഒരു നടപടി ദൈവത്തിനുമേൽ ആരോപിക്കാനാവില്ല.

4. യേശു സ്വയം തന്നെ കുരിശിൽ ആത്മഹത്യയുടെ മാർഗ്ഗം തിരഞ്ഞെടുത്തുവെന്നുള്ളത് യുക്തിചിന്തക്കെതിരാണ്. സ്വർഗ്ഗത്തിൽ ചടഞ്ഞിരുന്നു തന്റെ ജീവിതത്തിലെ വിലയേറിയ വർഷങ്ങൾ അദ്ദേഹം പാഴാക്കിക്കളഞ്ഞു എന്നതും അത്ര തന്നെ യുക്തിഹീനമത്രെ. ഒരാൾ മറ്റുള്ളവർക്കായി ആദ്യം ആത്മഹത്യയനുഷ്ഠിക്കുകയും തുടർന്ന് ജീവിതത്തിലേക്ക് തിരിച്ചെത്തുകയും അൽപസമയത്തിനുശേഷം സ്വർഗ്ഗത്തിൽ പോവുകയും തന്റെ ശിഷ്ടനാളുകൾ അവിടെ നിശ്ചേഷ്ടനായി കഴിഞ്ഞുകൂടുകയും ചെയ്യുക എന്ന ഭാവനയേക്കാൾ അസംബന്ധമായി മറ്റെന്തുണ്ട്?

5. ഇല്ലാത്തതെന്ന് തെളിയിക്കാൻ ഒരു തെളിവുമാവശ്യമില്ലാത്തയത്ര നിരർത്ഥകമാണ് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണകഥ. മേൽ വിവരിച്ച തെളിവുകളും വസ്തുതകളും പ്രസ്താവിക്കപ്പെട്ടിരുന്നില്ലെങ്കിൽപോലും യുക്തിചിന്തയുടെ തീർപ്പ് ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിന് എതിരാണ്.

## ആത്മീയതയുടെ ശോഷണം: പ്രതിഭാശാലികളുടെ സാക്ഷ്യങ്ങൾ

സാഹിതീയമായ ഭാവനാവിലാസങ്ങളിലും കെട്ടുകഥയിലും കെട്ടിപ്പടുത്ത ക്രൈസ്തവ സിദ്ധാന്തങ്ങൾ പാശ്ചാത്യലോകത്തെ ധിഷണാശാലികൾ പുനഃപരിശോധനക്ക് വിധേയമാക്കുമ്പോൾ ഹദ്റത്ത് അഹ്മദി (അ)ന്റെ വാദമുഖങ്ങൾക്ക് പൂർവ്വാധികം പ്രസക്തിയേറുകയാണ്.

ധിഷണാശാലിയായ മനുഷ്യന്റെ യുക്തിബോധത്തിന് പ്രതിബദ്ധത പുലർത്താൻ കഴിയാത്ത ക്രിസ്തുമതത്തിന് മനുഷ്യനെ എങ്ങനെ ആത്മീയമായി പ്രചോദിപ്പിക്കാനാവും? ക്രിസ്തീയ വിശ്വാസത്തിലെ ഈ കടങ്കഥകൾ പ്രതിഭാശാലികളായ ക്രിസ്തീയ പണ്ഡിതൻമാരെ നാസ്തിക ചിന്താഗതിയിലേക്ക് തിരിയാൻ പ്രേരിപ്പിക്കുന്നു. ജർമ്മനിയിലെ റുഡോൾഫ് ബർത്മാൻ, ബൈബിൾ കഥയെ ഒരു കെട്ടുകഥയായിട്ടാണ് പരിഗണിക്കുന്നത്. ബൈബിളിലെ ഉൽപ്പത്തി സിദ്ധാന്തങ്ങൾ ശാസ്ത്രദൃഷ്ട്യാ പ്രാകൃതമായിരിക്കുന്നയത്ര തന്നെ ദാർശനികമായും അത് പ്രാകൃതമാണെന്ന് ബ്രിട്ടണിലെ ക്രൈസ്തവ പണ്ഡിതനായ ജോൺ പ്രസ്താവിക്കുന്നുണ്ട്. നവീന സഭാ പരിഷ്ക

രണം എന്ന തന്റെ പുസ്തകത്തിൽ ഫുൾവിച്ച് ബിഷപ്പ് എഴുതുന്നു: "ദൈവാസ്തിക്യ സങ്കൽപ സിദ്ധാന്തം അപ്രസക്തമാണ്. നമ്മിലേറെപ്പേരും പ്രായോഗിക നാസ്തികരുമത്രെ. ദൈവം പരിമിതനും അപ്രസക്തനും ദൈവിക ഗുണങ്ങൾ ഇല്ലാത്തവനുമാണെന്നാണ് ക്രിസ്തീയ ദൈവശാസ്ത്രം പഠിപ്പിക്കുന്നത്. ചുരുക്കത്തിൽ, ദൈഷണികമായി സ്വീകാര്യമല്ലാത്തതിനാൽ ക്രിസ്തീയ വിശ്വാസം പുരോഗമന ചിന്തകർ വെച്ചുപുലർത്തുക എന്നത് പ്രയാസകരമാണ്."

യേശു കുരിശിൽ മരണപ്പെടുകയും സ്വർഗ്ഗത്തിലേക്ക് ആരോഹണം ചെയ്യുകയും ചെയ്തിട്ടില്ലെങ്കിൽ അദ്ദേഹം എങ്ങോട്ടുപോയി എന്ന കാര്യം ബാക്കിനിൽക്കുന്നു. കുരിശ് സംഭവാനന്തരം ഗലീലിയിൽ ഏതാനും ആഴ്ചകൾ കഴിച്ചുകൂട്ടിയ യേശുവിന്റെ തിരോധാനമാണ് ഇത് സംബന്ധിച്ച പ്രഹേളിക. യേശുവിന്റെ സ്വർഗ്ഗാരോഹണ കഥയുടെ സാങ്കൽപ്പികവിവരങ്ങൾ ചമത്ക്കാര ചാരുതയോടെ ബൈബിളിൽ കാണാമെങ്കിലും അദ്ദേഹത്തിന്റെ ജീവചരിത്രം വളരെ ഹ്രസ്വമായി മാത്രമെ പ്രസ്തുത ഗ്രന്ഥത്തിൽ കാണപ്പെടുന്നുള്ളൂ എന്നത് വിചിത്രം തന്നെ. അമർത്യതയിലേക്ക് ഉടലോടെയുള്ള സ്ഥാനാന്തരത്തിന്റെ ഭാവനാ സങ്കല്പത്തിൽ നിന്ന് യേശുവിന്റെ ജീവിതം സംബന്ധിച്ച വസ്തുനിഷ്ഠമായ അന്വേഷണത്തിലേക്ക് നമ്മുടെ ശ്രദ്ധ തിരിയേണ്ടതുണ്ട്.

## യേശുവിന്റെ ചരിത്രപൂരണം

കുരിശ് സംഭവാനന്തരമുള്ള യേശുവിന്റെ ജീവിതം ഒരു പ്രഹേളികയായി തുടരുമ്പോൾ അതിനുള്ള യുക്തിപരവും ചരിത്രപരവുമായ പൂർണത എന്ന നിലയ്ക്ക് അഹ്മദിയ്യാ പ്രസ്ഥാനസ്ഥാപകരായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) രചിച്ച 'യേശു മിശിഹ ഇന്ത്യയിൽ' എന്ന പുസ്തകം ലോകത്തിന് മാർഗ്ഗദർശനം നൽകുന്നു. കാണാതെ പോയ ഇസ്രായേൽ ഗോത്രങ്ങളെത്തേടിയുള്ള യേശുവിന്റെ ഇന്ത്യവരെയുള്ള സഞ്ചാരവും അദ്ദേഹത്തിന്റെ സംതൃപ്ത വാസത്തിന്റെ സംക്ഷിപ്തവിവരണവും ഏറ്റവും വസ്തുനിഷ്ഠമായി ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു. സർവ്വോപരി ഹദ്റത്ത് അഹ്മദ് (അ) മുഴുവൻ ക്രൈസ്തവലോകത്തേയും അക്കാദമിക് പണ്ഡിതന്മാരേയും അഭിസംബോധന ചെയ്ത് ചൂണ്ടിക്കാട്ടിയ ശ്രീനഗറിലെ യേശുവിന്റെ കല്ലറ ദൈഷണിക ലോകത്തിനു മുമ്പിൽ സമൂർത്തമായൊരു തെളിവാണ്. യേശുവിന്റെ എല്ലാ സമസ്യകളുടെയും വിധിതീർപ്പിനായി ഹദ്റത്ത് അഹ്മദ് (അ) തൊട്ടുകാട്ടിയ സമൂർത്തമായ ഈ സ്മാരകത്തോളം ഉജ്ജ്വലമായ മറ്റെന്ത് തെളിവാണ് പണ്ഡിതലോകത്തിന് വേണ്ടത് ?

## യേശു പുകമറക്കുള്ളിൽ

ക്രിസ്തുവിനെപ്പറ്റിയുള്ള വസ്തുനിഷ്ഠമായ അന്വേഷണങ്ങളിൽ നിന്ന് ക്രിസ്തുസഭ, സ്വയം മാറിനിൽക്കുകയും മറ്റുള്ളവർ നടത്തുന്ന എല്ലാ രൂപത്തിലുമുള്ള അന്വേഷണങ്ങളേയും മധ്യകാല ശൈലിയിൽ അടിച്ചമർത്തുകയും തമസ്കരിക്കുകയും ചെയ്യുകയാണ്. ക്രിസ്തുവെ സംബന്ധിക്കുന്ന എല്ലാ ദുരൂഹതകളും അവ്യക്തതയിൽ തന്നെ നിലനിർത്താനും ക്രിസ്തുവുമായി ബന്ധമുള്ള എല്ലാ പ്രതിഭാസങ്ങളെയും അന്വേഷിച്ചറിയാനുള്ള എല്ലാ ശ്രമങ്ങളും പരാജയമടയുമെന്നുള്ളത് ഉറപ്പാക്കാനും സഭ എല്ലായിപ്പോഴും ജാഗരൂകമായി കാവൽനിൽക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന് ഹോൾഗർ ക്രൈസ്റ്റർ, യേശു ഇന്ത്യയിൽ ജീവിച്ചു (Jesus Lived in India) എന്ന പുസ്തകത്തിൽ എഴുതിയത് ശ്രദ്ധേയമത്രെ.

## ആദരം ചൊരിയപ്പെട്ട യുഗപുരുഷൻ

യേശു കുരിശിന്മേൽ മരണപ്പെട്ടില്ലെന്നും പ്രവാസി ജീവിതത്തിനു ശേഷം വൃദ്ധനാകുവോളം ജീവിച്ച് മരിക്കുകയാണുണ്ടായതെന്നും ഖുർആൻ മനസ്സിലാക്കിത്തരുന്നു. അദ്ദേഹം ആകാശാരോഹണം ചെയ്തിട്ടില്ലെന്നുള്ളത് ഖുർആന്റെ തീർപ്പെത്രെ. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ആദ്യമായി ലോകത്ത് അവതരിപ്പിച്ച ഈ സത്യം പാശ്ചാത്യ പണ്ഡിതന്മാർക്ക് ബോദ്ധ്യപ്പെടാനും സ്വീകാര്യമാവാനും ഇടയായിട്ടുണ്ടെന്നുള്ളത് ഇസ്‌ലാമിക ലോകത്തിനു ലഭിച്ച ദൈവിക വരമത്രെ. ഉദാഹരണത്തിന് ബ്രിട്ടനിലെ റെജിനാൾഡ് ചാൾസ് എവറാഡ് സ്കോൾ ഫീൽഡ് 'യേശുവിന്റെ ജീവിത നിരീക്ഷണം' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു:

"യേശു കുരിശുമരണത്തിൽ നിന്ന് രക്ഷിക്കപ്പെടുകയുണ്ടായി എന്നു പറയാനുള്ള പ്രചോദനം ലഭിച്ചയാൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ആയിരുന്നു. വ്യത്യസ്തമായ ഒരു വെളിച്ചത്തിൽ ക്രിസ്ത്യാനിറ്റിയെ നോക്കിക്കാണാൻ നാം അവസാനം പ്രാപ്തരായിരിക്കുന്നു. ആ വിശ്വാസത്തിന്റേയും സിദ്ധാന്തശാഠ്യത്തിന്റേയും നെടുംതൂണുകളിൽ ഒന്നായ സ്വർഗ്ഗാരോഹണത്തെപ്പോലുള്ള സംഗതികൾ ഒന്നും തന്നെ ഉള്ളതായിരുന്നില്ല എന്ന് എനിക്കിപ്പോൾ ബോധ്യം വന്നിരിക്കുന്നു. എന്നിട്ടും ക്രിസ്തീയ വേദഗ്രന്ഥങ്ങളിൽ ഈ ദുർവ്യാഖ്യാനത്തിന് സ്ഥലം പിടിക്കാൻ എങ്ങനെ കഴിഞ്ഞു?

തത്തിനുശേഷം സ്വാഭാവികമായ മരണം പ്രാപിച്ചുവെന്നും അദ്ദേഹത്തിന്റെ ഭൗതിക ശരീരം കശ്മീരിലെ ശ്രീനഗറിൽ അടക്കം ചെയ്തിട്ടുണ്ടെന്നും പ്രമാണയുക്തം വസ്തുനിഷ്ഠമായി ഹദ്റത്ത് അഹ്മദ് (അ) തെളിയിക്കുകയുണ്ടായി. ആധുനിക ധൈഷണിക ലോകത്തിന്റെ ക്രിസ്തുവിനെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ എത്തിനില്ക്കുന്നത് ഹദ്റത്ത് അഹ്മദി(അ)ന്റെ ഗവേഷണ വീഥിയിലാണ്. അങ്ങനെ ഒരു മഹാസത്യം മനുഷ്യമനസ്സുകളിൽ പുലരൊളി വീശിത്തുടങ്ങുകയാണ്.

ഹദ്റത്ത് അഹ്മദ് (അ) എഴുതി:

"സത്യത്തിലേക്ക് മനുഷ്യമനസ്സുകളെ ആനയിക്കാനുള്ള ഔന്നത്യം സ്വർഗ്ഗത്തിനുണ്ട്. പരിശുദ്ധങ്ങളായ ആത്മാക്കൾക്കുമേൽ മാലാഖന്മാർ ഇറങ്ങിയെത്തുന്നു. യൂറോപ്പിലെ വിദ്വൽപ്രധാനികളുടെ മനസ്സുകൾ ഈ വഴിക്കത്രെ തിരിഞ്ഞുകൊണ്ടിരിക്കുന്നത്. ത്രിത്വത്തോട് വിടയോതിക്കഴിഞ്ഞിരിക്കണം ബുദ്ധിമാന്മാർ. ദൈവത്തിന്റെ ഏകത്വത്തിന്റെ ഇച്ഛക്ക് തങ്ങളുടെ ജീവൻ ബലിദാനം നൽകയാണവർ" (ബറാഹീനെ അഹ്മദിയ്യാ). ■

സ്സിൽ ഇന്ത്യയിൽ എത്തിയിട്ടുണ്ടാവണമെന്ന് ഇവ നമ്മോട് പറയുന്നു. ഞാനതു സ്വീകരിക്കുകയും ചെയ്യുന്നു."

"ക്രിസ്തുവിനെ സംബന്ധിച്ച ഒരു മരണ പരിശോധന" എന്ന ഗ്രന്ഥത്തിന്റെ കർത്താവും കത്തോലിക്കാ പണ്ഡിതനുമായ ജോൺ റെബ്ബാൻ അഥവാ കുർട്ട് ബർണ ഒരു സിംബോസിയത്തിൽ ജൂത ക്രിസ്ത്യൻ മുസ്ലിം ശ്രോതാക്കളെ അഭിസംബോധ ചെയ്തുകൊണ്ടു പറയുകയുണ്ടായി:

"അല്ലയോ മഹതീ മഹാന്മാരേ, ഒരു ക്രിസ്ത്യാനി എന്ന നിലയിൽ ഞാൻ നിങ്ങളോട് ചിലത് പറയേണ്ടതുണ്ട്. 1835-ൽ ജനിക്കുകയും 1908-ൽ ചരമം പ്രാപിക്കുകയും ചെയ്ത ഖാദിയാനിലെ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ദൈവത്തിന്റെ യഥാർത്ഥത്തിലുള്ള സത്യവാനായ ഒരു സന്ദേശവാഹകൻ മാത്രമല്ല, എല്ലാ മുസ്ലിംകൾക്കും മുഴുവൻ ലോകത്തിനുമുള്ള യഥാർത്ഥ സന്ദേശവാഹകനുമായിരുന്നു."

## ഉപസംഹാരം

യേശു കുരിശിൽ മരിച്ചിട്ടില്ലെന്നും സുദീർഘമായ പ്രവാസജീവി

"മിർസാ ഗുലാം അഹ്മദ് (അ) തന്റെ ഉൾക്കാഴ്ച കൊണ്ട് ഈ എല്ലാ മുൻവിധികളേയും മുറിച്ചുകടന്ന് ഏറ്റവും ഉയർന്ന ധീരതയുടെ ആൾരൂപമായി. അദ്ദേഹം ഏറ്റവും മികച്ച പ്രകീർത്തനത്തിന് അർഹനായേ പറ്റൂ. 1899-ൽ ബ്രിട്ടീഷ് രാജാവിന്റെ മുഖത്തു വെച്ചും വിക്ടോറിയാ ക്രിസ്തീയ പ്രമാണ ശാഠ്യത്തിന്റെ സർവ്വ കരുത്തിനു മുമ്പാകെയും ഇത്തരം ആശയങ്ങൾ പ്രകടിപ്പിക്കുക എളുപ്പമായിരുന്നില്ല. റജിനാൾഡ് ചാൾസ് ഇപ്രകാരം സംഗ്രഹിക്കുന്നു. "മുഹമ്മദിന്റെ നാമത്തെ പ്രകീർത്തിതമാക്കുകയും പാശ്ചാത്യലോകത്തിന്റെ ശ്രദ്ധയിലേക്ക് സർവ്വതും എത്തിക്കുകയും ചെയ്ത മിർസാ ഗുലാം അഹ്മദിനെ സ്നേഹപൂർവ്വം ആശ്ലേഷിക്കാനും അദ്ദേഹത്തെ മുഹമ്മദിന്റെ യഥാർത്ഥ പുത്രനായി അംഗീകരിക്കാനും മുസ്ലിംകൾക്ക് ദൈവം തോന്നിപ്പിക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കേണ്ടത് എന്റെ കർത്തവ്യമായി അവശേഷിക്കുന്നു. ക്രിസ്ത്യാനികൾക്കാകട്ടെ അദ്ദേഹത്തിനു ആശിസ് നേരുക എന്നതും."

ക്രിസ്തീയ സ്രോതസ്സുകളിൽ നിന്ന് ചരിത്രപരമായുള്ള യേശുവിനെക്കുറിച്ച് യാതൊന്നും അറിയാനാവില്ലെന്ന് പറഞ്ഞുകൊണ്ട് പ്രശസ്ത ദൈവശാസ്ത്ര പണ്ഡിതൻ റുഡോൾഫ് ബർട്ട്മാൻ ഇപ്രകാരം ഉപസംഹരിക്കുന്നു: "ഇസ്ലാമിലെ അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകനും സഹപ്രവർത്തകരും യേശുവിന്റെ കശ്മീരിലേക്കുള്ള പര്യടനത്തെക്കുറിച്ചുള്ള വസ്തുതകൾ ശേഖരിക്കുകയുണ്ടായിട്ടുണ്ട്. പുരാവസ്തു ഗവേഷകനായ പ്രൊഫ. ഹസ്നെയനും അവയെ സംബന്ധിച്ച് വിശദീകരിച്ചെഴുതിയിട്ടുണ്ട്. യേശു ഏതാണ്ട് 60-ാമത്തെ വയ

## ദരിദ്രനെ ഭയപ്പെടുക

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. നബി തിരുമേനി (സ) അരുൾ ചെയ്തു. 'പ്രാകൃതരെന്നു തോന്നത്തക്ക വിധം ചീകാതെ പൊടി പാറിയ മുടിയോടു കൂടിയ എത്രയോ ആളുകളുണ്ട്. അവജ്ഞയാൽ വാതിലുകൾ അവരുടെ നേരെ കൊട്ടിയടക്കപ്പെടുന്നു. എന്നാലും (അവർക്ക് അല്ലാഹുവിന്റെ അടുത്ത് സ്ഥാനമുണ്ട്. അതിനാൽ) അല്ലാഹുവിന്റെ പേരിൽ അവർ ആണയിട്ടാൽ അല്ലാഹു അവരുടെ വാക്കുകൾ സാക്ഷാൽക്കരിക്കും.'

***(മുസ്ലിം)***

സക്കരിയ്യാ വിർക്ക് - കാനഡ

ലേഖനം

# ഇബ്നു അറബി (1165-1240): സൂഫിയും ജ്ഞാനിയും

**ആത്മീയജ്ഞാനികളുടെ രാജകുമാരൻ എന്നറിയപ്പെട്ട പതിമൂന്നാം നൂറ്റാണ്ടിലെ സൂഫിവര്യൻ ഇബ്നു അറബിയെപ്പറ്റി.**

മുഹ്യുദ്ദീൻബിൻ അറബി ഇസ്ലാമിക സ്പെയിനിലെ പ്രസിദ്ധനായ യോഗിയും സൂഫിവര്യനും കവിയും തത്ത്വജ്ഞാനിയുമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്ത് സൂഫികൾക്കിടയിൽ ഏറ്റവും പ്രാമാണികനായ ആത്മീയാചാര്യനായി അദ്ദേഹം അംഗീകരിക്കപ്പെടുകയുണ്ടായി. മികവുറ്റ ഒരദ്ധ്യാപകനും ദാർശനികനുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ മുഴുവൻ പേര് മുഹമ്മദ് അലി ബിൻ മുഹമ്മദ് ബിൻ അബി അൽ അറബി അത്തായി അൽ ഹാത്തിമി എന്നായിരുന്നു. മുസ്ലിം സ്പെയിനിലെ മദീനത്തുല മുർസിയ (മുർസ്യ) പട്ടണത്തിൽ 1165 ആഗസ്തിലാണ് അദ്ദേഹം ഭൂജാതനായത്. ഇബ്നു അറബിയുടെ അറബി കുടുംബത്തിന്റെ വേരുകൾ ഔദാര്യത്തിൽ അതിപ്രശസ്തനായ ഹാതിം അൽതായിയിലെത്തുന്നു.

കോർഡോബയിലെ ചീഫ് ജഡ്ജിയായിരുന്ന ഇബ്നു റുഷ്ദിന്റെ ഉറ്റ മിത്രമായി കരുതപ്പെട്ടിരുന്ന അദ്ദേഹത്തിന്റെ പിതാവ് അലി ബിൻ അൽ അറബി വളരെ സ്വാധീനമുള്ളയാളും മുഹമ്മദ് ബിൻ സഈദ് മർദാനിഷിന്റെ രാജസദസ്സുമായി ബന്ധപ്പെട്ട വ്യക്തിയുമായിരുന്നു. ഇബ്നു അറബിക്ക് 8 വയസ്സുള്ളപ്പോൾ, മുർസ്യയിലെ ജോലി കാരണം അദ്ദേഹത്തിന്റെ കുടുംബം ലിസ്ബൻ വഴി സെവില്ലയിലേക്ക് മാറി. സെവില്ലയിലെ അമീർ അബൂ യഅ്ഖൂബ് യൂസുഫ് അദ്ദേഹത്തിന്റെ പിതാവിന് രാജസദസ്സിൽ ഒരു ഉന്നത സ്ഥാനം വാഗ്ദാനം ചെയ്തിരുന്നു. തന്റെ ജീവിതത്തിലെ അടുത്ത മുപ്പത് വർഷം ഇബ്നു അറബി ഇവിടെയാണ് ചെലവഴിച്ചത്. സൂഫിസത്തിന്റെ ഒരു പ്രധാന കേന്ദ്രമായിരുന്നു സെവില്ല. അവിടെ ജീവിച്ചിരുന്ന സൂഫിമാരുടെ എണ്ണം ഒരു റിക്കാർഡായിരുന്നു. അവിടെ വെച്ച് അദ്ദേഹം രണ്ട് പുണ്യവതികളെ കണ്ടുമുട്ടി. അവരദ്ദേഹത്തിൽ ശക്തമായ സ്വാധീനം ചെലുത്തി. മെർക്കനെയിലെ യസാമിനും കോർഡോബയിലെ ഫാത്തിമയും. യസാമിനെ കുറിച്ച് അദ്ദേഹത്തിന്റെ നിരീക്ഷണം:

*“ആത്മീയ പ്രവർത്തനങ്ങളിലും ആശയവിനിമയത്തിലും ഏറ്റവും ഉന്നതമായ നിലയിലായിരുന്നു അവർ. ശക്തവും നിർമ്മലവുമായ ഒരു ഹൃദയയത്തിനുടമയായിരുന്നു. കുലീനമായ ആത്മീയശക്തിയും നല്ല വിവേചനശക്തിയുമുണ്ടായിരുന്നു. അവയിൽ നിന്ന് അല്പം എന്നോട് വെളിപ്പെടുത്താറുണ്ടായിരുന്നു. എന്റെ സ്വന്തം കഴിവിനെക്കുറിച്ചവർക്കറിയാമായിരുന്നു. ഇതെന്നെ സന്തുഷ്ടനാക്കി.’*

ഇബ്നു അറബി തന്റെ പ്രാഥമിക വിദ്യാഭ്യാസം മൂർസിയയിലും ലിസ്ബനിലും പൂർത്തിയാക്കി. സെവില്ലയിൽ അദ്ദേഹം വിശുദ്ധ ഖുർആനും ഹദീസും ശരീഅത്തും അറബി വ്യാകരണവും ഗദ്യരചനയും പഠിച്ചു. പഠനത്തിൽ അദ്ദേഹം വളരെ മുന്നേറിയതിനാൽ സെവില്ലയിലെ ഗവർണ്ണർ അദ്ദേഹത്തെ ഒരു സെക്രട്ടറിയായി നിയമിച്ചു. വളരെ ചെറുപ്പത്തിൽ തന്നെ ഇബ്നു അറബിയുടെ ആത്മീയനേട്ടങ്ങൾ പ്രകടമായിരുന്നു. അദ്ദേഹം മിക്കസമയവും സൂഫികളുമായി സഹവസിച്ചു. എന്തെന്നാൽ, ആദ്യമേ തന്നെ അദ്ദേഹത്തിന്റെ കുടുംബത്തിൽ ‘തസവ്വുഫ്’ പരിശീലിച്ചിരുന്നു. ഇരുപതാംവയസ്സിൽ അദ്ദേഹം സൂഫിപഥത്തിൽ പ്രവേശിച്ചു.

## സൂഫിസം കുടുംബത്തിൽ

അദ്ദേഹത്തിന്റെ കുടുംബം സാംസ്കാരിക ബന്ധങ്ങൾക്ക് പുറമേ മതപരമായ പ്രവണതകളിലേക്ക് ചാഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മാതൃസഹോദരന്മാരിൽ രണ്ടുപേർ സൂഫികളായിരുന്നു; അബൂ മുസ്‌ലിം അൽ കൗലാനിയും യഹ്‌യാ ബിൻ യോഹ്മാനും. അൽ കൗലാനി രാത്രി മുഴുവൻ നമസ്കാരത്തിൽ കഴിച്ചുകൂട്ടുക പതിവായിരുന്നു. നിന്ന് ക്ഷീണിതനുമാകുമ്പോൾ അദ്ദേഹം തന്റെ കാലുകളിൽ വടികൊണ്ടടിക്കുമായിരുന്നു.

രണ്ടാമത്തെ സഹോദരൻ യഹ്‌യാ ബിൻ യോഹ്മാൻ ലിസ്ബൻ പട്ടണത്തിന്റെ ഭരണാധികാരിയായിരുന്നു. ജ്ഞാനവാദിയായ അബു അബ്ദുല്ലാഹ് അൽ തുനീശി എന്ന ഒരു വിശുദ്ധ വ്യക്തിയെ കണ്ടുമുട്ടിയശേഷം അദ്ദേഹം രാജാധികാരം ഉപേക്ഷിക്കുകയും അദ്ദേഹത്തിന്റെ ശിഷ്യനാവുകയും ചെയ്തു. ദുആക്ക് വേണ്ടി ജനങ്ങൾ ഇബ്നു അറബിയോട് അപേക്ഷിക്കുമ്പോൾ അദ്ദേഹം അവരോട് പറയും: 'യഹ്‌യാ ബിൻ യോഹ്മാന്റെയടുക്കൽ പോവുക. എന്തെന്നാൽ അദ്ദേഹം രാജാവായി, പിന്നീട് സൂഫിയായ വ്യക്തിയാണ്. യോഹ്മാനെപ്പോലെയുള്ള ജീവിതപരീക്ഷണം ഞാൻ അഭിമുഖീകരിച്ചിരുന്നുവെങ്കിൽ ഞാൻ വിജയിക്കില്ലായിരുന്നു.

## സൂഫിസത്തിലേക്കുള്ള ബൈഅത്ത്

1184ൽ 20 വയസ്സുള്ളപ്പോഴായിരുന്നു താൻ ഒരു സൂഫിയായിത്തീർന്നതെന്ന് ഇബ്നു അറബി പ്രസ്താവിക്കുന്നു. സെവില്ലയിലെ ഒരു പ്രമുഖ നേതാവിന്റെ വീട്ടിലേക്ക് മറ്റു പൗരപ്രമുഖന്മാരോടൊപ്പം ഇബ്നു അറബിയും ഒരു വിരുന്നിന് ക്ഷണിക്കപ്പെട്ടു. അവർ ഒരു പാനീയം കുടിക്കാൻ തുടങ്ങി. പാനീയം ഇബ്നു അറബിയുടെ സമീപമെത്തിയപ്പോൾ അദ്ദേഹം ഇപ്രകാരം ഒരു ശബ്ദം കേട്ടു: "ഓ മുഹമ്മദ്, ഇതിനുവേണ്ടിയാണോ നീ സൃഷ്ടിക്കപ്പെട്ടത്?" അദ്ദേഹം പാനീയം താഴെ വെച്ചു ഉടനെ സ്ഥലം വിട്ടു. വീട്ടിന് പുറത്ത് അദ്ദേഹം ഒരു ഇടയനെ കണ്ടുമുട്ടി. അവന്റെ കൂടെ പട്ടണത്തിന്റെ പ്രാന്തപ്രദേശങ്ങളിലേക്ക് പോയി. അവിടെ വച്ച് വസ്ത്രങ്ങൾ കൈമാറി. ചുറ്റിത്തിരിഞ്ഞശേഷം അദ്ദേഹം കബർസ്ഥാനിലെത്തി. ദിക്റെ ഇലാഹി (ദൈവസ്മരണ)യിൽ മുഴുകി നാലു ദിവ സം കഴിച്ചുകൂട്ടി. അവസാനം അദ്ദേഹം പുറത്തുവന്നപ്പോൾ ജ്ഞാനത്തിന്റെ വിവിധ ശാഖകളെക്കുറിച്ചുള്ള ബൃഹത്തായ അറിവിനാൽ അദ്ദേഹം അനുഗൃഹീതനായി. ജീവിതമാറ്റത്തിന്റെ ഈ അനുഭവത്തിനുശേഷം അദ്ദേഹം തന്റെ ഗുരുവായ ശേഖ് യൂസുഫ് ബിൻ യുഖ്‌ലഫ് അൽ-കൂമിയുടെ മാർഗ്ഗദർശനത്തിൻ കീഴിൽ ഒമ്പതുമാസം ഏകാന്തവാസം അനുഷ്ഠിച്ചു. ഇബ്നു അറബി പറയുന്നു: "എന്റെ ഏകാന്തവാസം ഫജ്ർ സമയത്താണ് തുടങ്ങിയത്, അപ്പോൾ സൂര്യനുദിക്കാനാരംഭിച്ചിരുന്നു. പരോക്ഷ ലോകത്തിന്റെ രഹസ്യങ്ങൾ (ഗൈബ്) എന്നിൽ പ്രത്യക്ഷപ്പെടുകയായിരുന്നു. പതിനാല് മാസം ഞാനീ ഏകാന്തവാസം അനുഷ്ഠിച്ചു. എന്നോട് പറയപ്പെട്ട എല്ലാ രഹസ്യങ്ങളും ഞാൻ എഴുതിയെടുത്തു.

ഭരണവകുപ്പിൽ അദ്ദേഹത്തിനു ആദ്യം കിട്ടിയ നിയമനം ഒരെഴുത്തുകാരനായിട്ടായിരുന്നു. മന്ത്രിസഭയിൽ ഇത് പ്രധാനപ്പെട്ട ഒരു പദവിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് രാജ്യത്തെ ഒരു മന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം രാജ്യം മുഴുവൻ പ്രശസ്തമായിരുന്നു. ആത്മീയാനുഭവത്തിനു ശേഷം അദ്ദേഹം ജോലി ഉപേക്ഷിച്ചു. അദ്ദേഹം ഒരു ദർവേശായി ജീവിക്കാനിഷ്ടപ്പെട്ടു.

## ഇബ്നു റുശ്ദുമായുള്ള കൂടിക്കാഴ്ച

ഇബ്നു അറബിയുടെ അസാധാരണമായ പാണ്ഡിത്യവും ആത്മീയ ഉൾക്കാഴ്ചയും കാരണമായി അദ്ദേഹത്തിന്റെ പ്രസിദ്ധി സ്പെയിനിലുടനീളം വ്യാപിച്ചു. അരിസ്റ്റോട്ടിലിന്റെ പ്രാമാണിക വ്യാഖ്യാതാവും കൊർഡോബയിലെ ഖാദിയുമായിരുന്ന ഇബ്നു റുശ്ദ് ഇബ്നു അറബിയുമായി കൂടിക്കാഴ്ച നടത്താൻ അദ്ദേഹത്തിന്റെ പിതാവിനോടഭ്യർത്ഥിച്ചു.

രണ്ടുപേരും പ്രശസ്തരായ വ്യക്തികളായിരുന്നതിനാൽ ഈ കൂടിക്കാഴ്ചക്ക് സവിശേഷമായ പ്രാധാന്യമുണ്ടായിരുന്നു. പാശ്ചാത്യ ലോകത്തെ ഏറ്റവും സ്വാധീനമുള്ള ചിന്തകനായ റുശ്ദ് യുക്തിജ്ഞാനത്തിന്റെ പ്രണേതാവായിരുന്നു. ഇബ്നു അറബിയാകട്ടെ, ആത്മീയ ജ്ഞാനിയുമായിരുന്നു. സൂഫിസത്തിലെ ഉന്നതനായിരുന്ന ഇബ്നു അറബിയെ സംബന്ധിച്ചിടത്തോളം അറിവ് എന്നത് 'ദർശന'മാണ്. തന്റെ സന്ദർശനത്തെക്കുറിച്ച് ഇബ്നു അറബി സ്വന്തം വാക്കുകളിൽ പ്രതിപാദിക്കുന്നു:

*"എന്റെ ഏകാന്തവാസക്കാലത്ത് ദൈവം എനിക്കിറക്കിയ വെളിപാടുകളെക്കുറിച്ച് ഇബ്നു റുശ്ദ് കേട്ടറിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ഒരു ദിവസം ഞാനദ്ദേഹത്തെ കാണാൻ പോയി. എന്റെ ഏകാന്തജീവിതകാലത്ത് ദൈവം എനിക്ക് നൽകിയ വെളിപാടുകളെക്കുറിച്ച് അദ്ദേഹം കേട്ടിരുന്നു. ഈ രഹസ്യങ്ങളെക്കുറിച്ചു*

*കേട്ട ആരും അത്ഭുതപ്പെടുമായിരുന്നു. അപ്പോഴും ഞാൻ ദീക്ഷ കിളിർക്കാത്ത ഒരു യുവാവായിരുന്നു. ഇബ്നു റുശ്ദ് എന്റെ പിതാവിന്റെ ഉറ്റസുഹൃത്തായിരുന്നു. ഞാൻ മുറിയിലേക്ക് പ്രവേശിച്ചപ്പോൾ എന്നോടുള്ള ആദരവ് മൂലം അദ്ദേഹം എഴുന്നേറ്റു നിന്നു. അദ്ദേഹം എന്നെ ആലിംഗനം ചെയ്തു. എന്നെ സംബോധന ചെയ്ത് 'അതെ' എന്ന് പറഞ്ഞു. 'അതെ' എന്ന് ഞാനും പ്രതിവചിച്ചു. അദ്ദേഹം പറഞ്ഞത് എനിക്ക് മനസ്സിലായി എന്ന് വിചാരിച്ച് അദ്ദേഹം എന്റെ പ്രതികരണത്തിൽ സന്തുഷ്ടി പ്രകടിപ്പിച്ചു. അപ്പോൾ ഞാൻ അദ്ദേഹത്തിന്റെ സന്തുഷ്ടിയുടെ കാരണം മനസ്സലാക്കി 'ഇല്ല' എന്നു മറുപടി പറഞ്ഞു. ഇതു കേട്ടപ്പോൾ ഇബ്നു റുശ്ദ് എന്നിൽ നിന്ന് പിന്നോട്ട് വലിഞ്ഞു. അദ്ദേഹത്തിന്റെ നിറം മാറി. അദ്ദേഹം എന്നെപ്പറ്റി ധരിച്ചുവെച്ച കാര്യത്തിൽ സംശയഗ്രസ്തനായി. പിന്നെ അദ്ദേഹം എന്നോടു ചോദിച്ചു: "ആത്മീയമായ പ്രകാശം കൊണ്ടും (കശ്ഫ്) ദൈവിക പ്രചോദനം കൊണ്ടും താങ്കൾ എന്ത് പരിഹാരമാണ് കണ്ടെത്തിയത്? താങ്കൾക്ക് ലഭിച്ച ജ്ഞാനവുമായി യുക്ത്യാധിഷ്ഠിതമായ നിഗമനാത്മക ചിന്തകൾ യോജിക്കുന്നുണ്ടോ?" അതെ, ഇല്ല, എന്ന് ഞാൻ ഉത്തരം നൽകി. സമ്മതത്തിനും നിഷേധത്തിനും മദ്ധ്യേ വിഷയത്തിന്റെ അന്തഃസത്ത വഴുതിപ്പോയി. വിഷയത്തിന്റെ ഉടലിൽ നിന്ന് കഴുത്ത് വേർപെട്ടത് പോലെ. ഇതു കേട്ടപ്പോൾ റുശ്ദ് വിളറിപ്പോയി. "ലാ ഹൌല വലാ ഖുവ്വത്ത്" (അല്ലാഹുവല്ലാതെ ഒരു ശക്തിയുമില്ല) എന്നദ്ദേഹം ആത്മഗതം പറഞ്ഞപ്പോൾ അദ്ദേഹം വിളറുന്നതായി ഞാൻ കണ്ടു. എന്റെ ദുസ്സൂചന അദ്ദേഹത്തിന് മനസ്സിലായതു കാരണമായിരുന്നു ഇത്.*

ഗൂഢാർത്ഥമായ ഭാഷയിൽ യുക്തിപരമായ പര്യവേക്ഷണങ്ങൾകൊണ്ട് ദൈവത്തേയും ലോകത്തേയും കുറിച്ചുള്ള പരിപൂർണ്ണമായ ജ്ഞാനങ്ങളാർജ്ജിക്കാൻ സാധ്യമല്ല എന്ന് ആ യുവാവ് ഗൂഢാർത്ഥപരമായ ഭാഷയിൽ ഇബ്നു റുശ്ദിനെ അറിയിച്ചു.

മറ്റൊരവസരത്തിൽ, ഇബ്നു റുശ്ദ് തന്റെ പക്കലുള്ള അറിവുകൾ എനിക്ക് പറഞ്ഞുതരാൻ വേണ്ടി ഞാനുമായി ഒരു കൂടിക്കാഴ്ച നടത്തണമെന്ന് എന്റെ പിതാവിനോട് ആവശ്യപ്പെട്ടു. അദ്ദേഹം അതീവ ബുദ്ധിമാന്മാരിൽ ഒരാളായതിനാൽ, അറിവില്ലാത്ത സമയത്ത് ഏകാന്തവാസം അനുഷ്ഠിക്കുകയും ഒരു ചർച്ചയും പ്രഭാഷണവും ഗവേഷണവും ഒരദ്ധ്യാപകന്റെ കീഴിൽ അദ്ധ്യയനവും ഇല്ലാതെത്തന്നെ പൂർണ്ണ ജ്ഞാനം നേടുകയും ചെയ്ത ഒരു വ്യക്തിയെ കണ്ടുമുട്ടിയതിൽ അല്ലാഹുവിന് നന്ദി പ്രകാശിപ്പിച്ചു. ഇബ്നു റുശ്ദ് പറഞ്ഞു: "ഈ അനുഭവത്തിന്റെ ഗുരുജീവിച്ചിരിക്കുന്ന കാലത്ത് ജീവിക്കാൻ സാധ്യമായതിന് ദൈവത്തിന് സ്തുതി. അല്ലാഹുവിന്റെ വാതിലുകളുടെ പൂട്ടുകൾ അദ്ദേഹം തുറക്കുന്നു. എന്റെ സ്വന്തം നയനങ്ങൾ കൊണ്ട് അവയിലൊരാളെ കാണാൻ സാധിപ്പിച്ചതിന് ദൈവത്തിന് സ്തുതി."

ഈ കണ്ടുമുട്ടലിൽ ഈ യുവസൂഫിക്കു മേൽകൈ ലഭിച്ചു. സഞ്ചാരിയായ വൃദ്ധ തത്ത്വജ്ഞാനി മൂകനായിപ്പോയി. ഇത് അദ്ദേഹത്തിന്റെ തത്ത്വജ്ഞാനപരമായ ചിന്തയും യോഗദർശനപരമായ അനുഭവവും തുറന്നുകാട്ടുന്നു. അതായത് യോഗദർശനവും തത്ത്വജ്ഞാനവും എങ്ങനെ ഊടും പാവുമായി ചേർന്നിരിക്കാം എന്ന് തെളിയിക്കുന്നു. ഇവിടെ ആത്മീയജ്ഞാനം തത്ത്വജ്ഞാനത്തെ കവച്ചുവെച്ചു. എന്തെന്നാൽ ഇബ്നു അറബി തത്ത്വജ്ഞാനത്തിന്റേയും ഒരു ഗുരുവായിരുന്നു.

## അദ്ദേഹത്തിന്റെ യാത്രകൾ

1193ൽ 30-ാം വയസ്സിൽ ഇബ്നു അറബി തന്റെ ആദ്യവിദേശ യാത്ര നടത്തി. അദ്ദേഹം തുനീസിലേക്ക് യാത്ര ചെയ്തു. അവിടെ വെച്ച് അദ്ദേഹം അബ്ദുൽ അസീസ് ബിൻ അബൂബക്കർ അൽ ഖുറൈശി അൽ മഹ്ദവിയെ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം അന്തലൂസി(സ്പെയിൻ)ലെ താൻ ബന്ധപ്പെട്ട 55 സൂഫിമാരുടെ ജീവചരിത്രം എഴുതി. 'റൂഹുൽ ഖുദ്സ്' എന്നായിരുന്നു ആ ഗ്രന്ഥത്തിന്റെ പേര്.

ഒരുപക്ഷേ, വടക്കെ ആഫ്രിക്കയിലെ സിവിൽ യുദ്ധം കാരണമായിരിക്കണം ഇബ്നു അറബി അന്തലൂസിലേക്ക് തിരിച്ചുവന്നു. 1194ൽ അദ്ദേഹം ഫെസിലേക്ക് യാത്ര ചെയ്തു. അലാർകോസിലെ ക്രിസ്തീയ സൈന്യത്തിന്റെ മേൽ അൽ മൊഹാദിലെ ഭരണകർത്താവായിരുന്ന യഅ്ഖൂബ് അൽ മൻസൂറിന്റെ വിജയത്തെക്കുറിച്ച് അദ്ദേഹം പ്രവചിച്ചു. 1195 ആവുമ്പോഴേക്ക് അദ്ദേഹം സെവില്ലയിൽ തിരിച്ചെത്തി. അവിടെ മിക്കസമയവും അദ്ദേഹം പഠനത്തിലും ചർച്ചയിലും കഴിച്ചുകൂട്ടി. അപ്പോഴേക്കും ഇബ്നു അറബിയുടെ ആത്മീയമായ പ്രമാണികതയെക്കുറിച്ചുള്ള യശസ്സ് കാരണം മറ്റുള്ളവരും അദ്ദേഹത്തോട് ആദരവ് കാണിച്ചു തുടങ്ങി.

അൽ അസ്ഹർ പള്ളിയിലെ ഇമാമായിരുന്ന അബ്ദുൽ കരീമിന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ 1196ൽ അദ്ദേഹം ഫെസിലേക്ക് മടങ്ങി. ആത്മീയൗന്നത്യമുള്ള വ്യക്തികളുമായി കണ്ടുമുട്ടാൻ അദ്ദേഹം ഇടയ്ക്കിടെ ഇബ്നു ഹയ്യൂമിന്റെ

തോട്ടത്തിൽ പോവാറുണ്ടായിരുന്നു. ഇവിടുത്തെ താമസത്തിനിടയിൽ അദ്ദേഹത്തിന് നിരവധി ശിഷ്യന്മാരുണ്ടായി. അദ്ദേഹത്തിന്റെ ആത്മീയാവസ്ഥയും ഉന്നതമായിരുന്നു. താൻ മുഹമ്മദിന്റെ പുണ്യവാളത്വത്തിന്റെ മുദ്രയുടെ ജ്ഞാനം (ഖാത്തമുൽഔലിയാ) നേടിയിട്ടുണ്ടെന്നും അദ്ദേഹം നമ്മോട് പറയുന്നു. എ.ഡി. 1198ൽ അദ്ദേഹം ഗ്രാനഡ വഴി മുർസ്യയിലേക്ക് തിരിച്ചുവന്നു. മുർസിയയിൽ നിര്യാതനായ കൊർഡോബയിലെ ഇബ്നു റുശ്ദിന്റെ അന്ത്യോപാചാരങ്ങളിൽ അദ്ദേഹം പങ്കെടുത്തു. അപ്പോൾ ഇബ്നു റുശ്ദിന്റെ ഭൗതികാവശിഷ്ടം ഖബറടക്കാനായി അദ്ദേഹത്തിന്റെ ജന്മസ്ഥലത്തേക്ക് കൊണ്ടുവന്നിരുന്നു.

ഈയവസരത്തൽ ഇബ്നു അറബി താഴെ കൊടുത്ത വരികൾ രചിച്ചു.

*ഇതാണ് ഇമാം, ഇവയാണദ്ദേഹത്തിന്റെ രചനകൾ.*

*അദ്ദേഹത്തിന്റെ ആശകൾ സഫലീകരിക്കപ്പെട്ടോ എന്ന് ഞാനറിഞ്ഞിരുന്നെങ്കിൽ.*

എ.ഡി. 1200ൽ അദ്ദേഹം മറാക്കേഷിലേക്ക് പോയി. അവിടെ അഗതി മന്ദിരത്തിന്റെ സൂക്ഷിപ്പുകാരനായ സിയൂട്ടയിലെ അബു അൽ അബ്ബാസിന്റെ കൂടെ കുറച്ചുസമയം ചെലവഴിച്ചു. ഇവിടെ വെച്ച് അദ്ദേഹത്തിന് രണ്ട് ആത്മീയാനുഭവങ്ങളുണ്ടായി. അത് അദ്ദേഹത്തിന് കൂടുതൽ ആ ത്മീയഔന്നത്യം നേടിക്കൊടുത്തു. പിന്നീട് കിഴക്കോട്ടുള്ള യാത്രയിൽ അദ്ദേഹം ബുജിയയും തുനീസും സന്ദർശിച്ചു.

## പൗരസ്ത്യദേശത്തെ ജീവിതം

തന്റെ കൂട്ടുകാരനായ അൽഅസാറുമൊന്നിച്ച് അദ്ദേഹം പൗരസ്ത്യദേശങ്ങളിലേക്ക് യാത്ര ചെയ്തു. ചുരുങ്ങിയ സമയം കൈറോയിലും അലക്സാൻഡ്രിയയിലും ചെലവഴിച്ചശേഷം എ.ഡി. 1201ൽ അദ്ദേഹം മക്കയിലെത്തി. അദ്ദേഹം, അവിടെ സമൂഹത്തിൽ ഉന്നതപദവിയലങ്കരിച്ചിരുന്ന സൂഫിയായ ഇസ്ഫംഹാനിലെ സാഹിർ ബിൻ റുസ്തമന്റെ ആതിഥ്യത്തിൽ കഴിച്ചുകൂട്ടി.

സാഹിറിന് നിസാം ഐനുൽ ശ്ശംസ് എന്നു പേരുള്ള ഒരു പുത്രിയുണ്ടായിരുന്നു. അവളുടെ ആകർഷകമായ നോട്ടം ഇബ്നു അറബിയെ സ്നേഹഗീതങ്ങളുടെ ഒരു സമാഹാരമായ 'തർജുമാനുൽ അശ്വാഖ്: രചിക്കാൻ പ്രചോദനം നൽകി. നിസാം അത്യധികമായ സൗന്ദര്യം കൊണ്ടും ബുദ്ധിസാമർത്ഥ്യം കൊണ്ടും ആത്മീയാനുഭവങ്ങൾ കൊണ്ടും അനുഗൃഹീതയായിരുന്നു.

'അവളുടെ കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യം, പെരുമാറ്റത്തിന്റെ സുന്ദരമായ ഒതുക്കം, സംസാരത്തിന്റെ മൃദുലമായ മാധുര്യം, അവളുടെ ചുറ്റുമുള്ളവരെ ആകർഷിച്ചു.' ഇബ്നു അറബി 'തർജ്ജുമാനുൽ അശ്വാഖി'ൽ എഴുതി.

മക്കയിലായിരുന്നപ്പോൾ അദ്ദേഹം ഹജ്ജ് ചെയ്തു. കഅ്ബ ത്വവാഫ് (പ്രദക്ഷിണം) ചെയ്യുമ്പോൾ 'ഹജ്റുൽ അസ്വദ്' കടന്നുപോകുമ്പോൾ അദ്ദഹം ഒരു ദർശനം കണ്ടു. അദ്ദേഹത്തിന്റെ ആത്മീയപക്വതയുടെ നിർണ്ണായകമായ ഒരു ഘട്ടമായിരുന്നു ഈ ദർശനം.

മക്കയിൽ വെച്ച് അദ്ദേഹം തന്റെ മാസ്റ്റർപീസായ 'ഫുത്തുഹാത്തുൽ മക്കിയ്യ' എഴുതാൻ ആരംഭിച്ചു. എ.ഡി. 1204ൽ അദ്ദേഹം മക്കയിൽ നിന്ന് ബാഗ്ദാദിലേക്കും മൊസുളിലേക്കും പോയി. അദ്ദേഹം അവിടെ വെച്ച് 'തനസ്സുലാത്തുൽ അൽമാസിലിയ്യ' (മൊസുലിലെ വെളിപാടുകൾ) രചിച്ചു. അതിൽ വുളുവിന്റേയും നമസ്ക്കാരത്തിന്റേയും പ്രാധാന്യം അദ്ദേഹം വിവരിക്കുകയുണ്ടായി. എ.ഡി. 1206ൽ കയ്റോയിലേക്ക് മടങ്ങുംവഴി ഹെബ്രോണിൽ എത്തി. അവിടെ അധികാരികൾ അദ്ദേഹത്തിൽ മതനിന്ദ ചുമത്തി. എന്നാൽ, ബുജിയയിലെ അബുഅൽ ഹസ്സനിൽ നിന്ന് കിട്ടിയ കത്ത് കാരണം ഭരണാധികാരിയായ ഹാസിറുദ്ദീൻ അൽ മാലിക് അൽ ആദിൽ ഇക്കാര്യത്തിൽ ഇടപെടുകയാണുണ്ടായത്. (തുടരും)

**(The Review of Religions, August 2007)**

**വിവർത്തകൻ: കെ.വി. ഹസ്സൻ കോയ, കോഴിക്കോട്.** ■

## തുമ്മൽ

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ)യുടെ വഴക്കം ഇങ്ങനെയായിരുന്നു. തിരുനബി (സ) തുമ്മുമ്പോൾ തന്റെ കൈയോ വസ്ത്രമോ വായിന്മേൽവെച്ച് തലകുനിക്കുമായിരുന്നു. അല്ലെങ്കിൽ തന്റെ ശബ്ദം താഴ്ത്തുമായിരുന്നു. (തലകുനിക്കുമെന്നോ, ശബ്ദം താഴ്ത്തുമെന്നോ ഏതാണ് പറഞ്ഞതെന്ന കാര്യത്തിൽ നിവേദകൻ സംശയിക്കുന്നു.)

***(തിർമിദി)***

റഫി അഹ്മദ്

ലേഖനം

# ബൈബിൾ പുതിയ നിയമം ഉത്ഭവവും ചരിത്രവും

## ബൈബിൾ പുതിയനിയമത്തിന്റെ ആധികാരികത തികച്ചും വികലവും സംശയഗ്രസ്തവുമാണ്.

ക്രിസ്തുമതത്തിന്റെ ത്രിത്വം, ദൈവാവതാരം, പ്രതി പകരബലി എന്നീ സിദ്ധാന്തങ്ങൾ പഴയനിയമത്തിന്റെ ഏകദൈവതത്ത്വങ്ങൾക്ക് കടകവിരുദ്ധമാണ്. ക്രിസ്തുമതം അതിന്റെ മതസിദ്ധാന്തങ്ങൾ രൂപപ്പെടുത്തിയത് സുവിശേഷങ്ങളിൽ നിന്നാണ് അഥവാ പുതിയ നിയമത്തിൽ നിന്നാണ് എന്നാണ് അവകാശപ്പെടുന്നത്. അതുകൊണ്ട് സുവിശേഷങ്ങളെ സംബന്ധിച്ച വിമർശനപഠനങ്ങൾ ക്രിസ്തുമതത്തെ വിലയിരുത്താൻ മാത്രമല്ല, ആ മതത്തിന് സെമിറ്റിക്ക് മതങ്ങളുമായുള്ള ബന്ധത്തെപ്പറ്റി പഠിക്കാനും സഹായകമാകും. ഈ ലേഖനത്തിൽ പുതിയ നിയമത്തിന്റെ ഉറവിടങ്ങളെ സംബന്ധിച്ചും അതിന്റെ ചരിത്രത്തെ സംബന്ധിച്ചും അന്വേഷിക്കാനാണ് ശ്രമിക്കുന്നത്. അതായത് ക്രിസ്തുമതം പ്രചരിപ്പിക്കുന്ന മതസിദ്ധാന്തങ്ങൾ യഥാർത്ഥത്തിൽ യേശു പ്രബോധിച്ചത് തന്നെയാണോ എന്നാണ് ആരായുന്നത്.

ബൈബിളിനെ സംബന്ധിച്ച് ധാരാളം വിമർശനപഠനങ്ങൾ വന്നിട്ടുണ്ട്. സ്പിനോസയും ഹ്യൂമും ബൈബിളിന്റെ വിശ്വാസ്യതയെ ചോദ്യം ചെയ്തുകൊണ്ട് വിമർശനഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചവരാണ്. 18ാം നൂറ്റാണ്ടിൽ ബൈബിൾമതം വോൾട്ടയർ, സിസറോത്ത്, തോമസ് പെയ്ൻ മുതലായവരുടെ യുക്തിപരമായ വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിൽ സി.എഫ്. സ്റോബ് തന്റെ 'Influential life of Jesus' എന്ന ഗ്രന്ഥത്തിൽ ഇതിഹാസവൽകൃതനായ യേശുവിൽ നിന്ന് ചരിത്രപുരുഷനായ യേശുവിനെ വേർതിരിച്ച് മനസ്സിലാക്കിയിട്ടുണ്ട്. അതേ നൂറ്റാണ്ടിൽ 1906ൽ തോമസ് ജെഫേഴ്സൺ നാല് സുവിശേഷങ്ങളിൽ നിന്ന് വിഷയങ്ങൾ സംഗ്രഹീതരൂപത്തിൽ സമാഹരിച്ചു. 'Life and Morals of Jesus of Nazareth' എന്ന പേരിൽ ഒരു പുസ്തകം പുറത്തിറക്കി. ആൽബർട്ട് ഷെയിറ്റ്സർ യേശുവിന്റെ അദ്ധ്യാപനങ്ങൾ ദിവ്യപരിവേഷങ്ങളില്ലാതെ സാധാരണ രീതിയിൽ 'The quest of the Historical Jesus' എന്ന പേരിൽ പുറത്തിറക്കി. ഈയടുത്തകാലത്ത് 'ജീസസ് സെമിനാറി'ൽ പങ്കെടുത്തവർ സുവിശേഷങ്ങളുടെ ചരിത്രപരമായ ആധികാരികതയെ സംബന്ധിച്ച സൂക്ഷ്മപഠനങ്ങളിൽ ഗണ്യമായ തോതിൽ സംഭാവനകൾ നൽകുകയുണ്ടായി. വാസ്തവത്തിൽ യേശു എന്താണ് പറഞ്ഞത് എന്നതിനെ സംബന്ധിച്ച് ഉത്തരം നൽകാനാണ് 'ജീസസ്സെമിനാറിൽ' അവർ ശ്രമിച്ചത്.

### സമാഹരണവും സംഗ്രഥനവും

യേശുവിന് ശേഷം വളരെ ദശാബ്ദങ്ങൾ കഴിഞ്ഞാണ് മൊഴിരൂപത്തിൽ ക്രിസ്തുവിന്റെ വചനങ്ങൾ കൈമാറ്റപ്പെട്ടത്. അദ്ദേഹത്തിന്റെ വചനങ്ങളെപ്പറ്റിയും പ്രവൃത്തികളെ സംബന്ധിച്ചുമുള്ള കഥകൾ അദ്ദേഹത്തിന്റെ അനുയായികൾക്കിടയിൽ വാമൊഴി രൂപത്തിൽ പ്രചരിക്കുകയായിരുന്നു. അതിൽ ദൃക്സാക്ഷികളും ഉൾപ്പെട്ടിരുന്നു. മാർക്കോസിന്റെ സുവിശേഷമാണ് ആദ്യം എഴുതപ്പെട്ടതെന്നാണ് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അത് ക്രി.വ. 65നും 70നും മദ്ധ്യേയാണ് എഴുതപ്പെട്ടത്. നാലാം നൂറ്റാണ്ടിലെ സഭാചരിത്രകാരനും നിഖ്യാ കൗൺസിലിലെ പ്രമുഖാംഗവുമായ ഇയൂസിബസിന്റെ അഭിപ്രായം മാർക്കോസിന് യേശുവിനെ സംബന്ധിച്ച് യാതൊരു അറിവുമില്ലായിരുന്നുവെന്നും അദ്ദേഹം റോമിലെ പത്രോസിന്റെ ഒരു ശിഷ്യൻ മാത്രമായിരുന്നുവെന്നുമാണ് (2). പത്രോസിന്റെ വാമൊഴിയായിപ്പറഞ്ഞ കാര്യങ്ങൾ തന്റെ ഓർമ്മയിൽനിന്ന് എടുത്തെഴുതുവാൻ മാർക്കോസിനെ ക്രിസ്ത്യാനികൾ പ്രേരിപ്പിക്കുകയായിരുന്നുവെന്ന് ചില പുരാവൃത്തങ്ങ

ളിൽ പറയുന്നു. അതുപോലെ പല ആധുനിക ബൈബിൾ പണ്ഡിതന്മാരും മാർക്കോസിന്റെ സുവിശേഷം പത്രോസിൽ നിന്ന് ലഭിച്ചതോ അതല്ല അക്കാലത്ത് ക്രിസ്ത്യാനികൾക്കിടയിലുണ്ടായിരുന്ന വാമൊഴി പാരമ്പര്യം അദ്ദേഹം പകർത്തിയെഴുതിയതോ എന്നും സംശയിക്കുന്നു. എന്തായാലും മാർക്കോസ് ആരാണെന്ന് ആർക്കും അറിയില്ല. അതായത് മാർക്കോസ് എഴുതിയ സുവിശേഷത്തിന്റെ കർത്താവ് ആരാണെന്ന് ഇപ്പോഴും അജ്ഞാതമായിക്കിടക്കുന്നു.(3)

പണ്ഡിതന്മാർ പറയുന്നത് 'Q', എന്ന പേരിൽ മറ്റൊരു ആധികാരികരേഖ ഉണ്ടായിരുന്നു എന്നാണ്. പക്ഷേ, അത് ഇപ്പോൾ നഷ്ടപ്പെട്ടു പോയിരിക്കുന്നു. അതിൽ യേശുവിന്റെതായി 250 വചനങ്ങൾ ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. 'Q' രേഖ ക്രി. വർഷം 50 നോടടുപ്പിച്ച് എഴുതപ്പെട്ടതാണെന്ന് വിശ്വസിക്കപ്പെടുന്നു. മത്തായിയുടെ സുവിശേഷം ക്രി. വ. 80നും 85നും ഇടയിൽ എഴുതപ്പെട്ടതായിരിക്കും. മാർക്കോസിന്റെ 661 വചനങ്ങളിൽ 610 വചനങ്ങളും മത്തായി പകർത്തിയിട്ടുണ്ട്. പക്ഷേ, ആ വചനങ്ങൾ മത്തായി വളരെ വികസിപ്പിക്കുകയും പോരാത്തതിന് 'Q' രേഖയിൽ നിന്ന് എടുക്കുകയും ചെയ്തിരിക്കണം. മത്തായി യേശുവിന്റെ ജനനകഥ തന്റെ സുവിശേഷത്തിൽ കൂട്ടിച്ചേർക്കുകയും പഴയനിയമത്തിലെ പ്രവചനങ്ങളുടെ പുലർച്ചയായി അത് രേഖപ്പെടുത്തുകയും ചെയ്യുന്നു.

ക്രി. വ. 85-90 വർഷങ്ങളിലാണ് പുറംജാതിക്കാരനായ ലൂക്കോസ്, മാർക്കോസിന്റെ സുവിശേഷങ്ങളുടെ നല്ലൊരു ഭാഗം പുനരവതരിപ്പിച്ചുകൊണ്ട് അതിനോടൊപ്പം മറ്റു വിഷയങ്ങളും കൂട്ടിച്ചേർത്ത് തന്റെ സുവിശേഷം രൂപപ്പെടുത്തിയത്. ലൂക്കോസ് ആദിമസഭയുടെ ചരിത്രങ്ങളടങ്ങിയ 'പ്രവൃത്തിക' (Acts)ളുടെ ഗ്രന്ഥകാരൻ കൂടിയാണ്. ലൂക്കോസ് മൂന്നാംതലമുറയിൽപ്പെട്ട ക്രിസ്ത്യാനിയാണ്. അദ്ദേഹം തന്റെ സുവിശേഷത്തിൽ ഇപ്രകാരം പറയുന്നു:

*'നമ്മുടെ ഇടയിൽ നടന്ന കാര്യങ്ങൾ തുടക്കം മുതൽ ദൃക്സാക്ഷികളും വചനശുശ്രൂഷകരുമായിരുന്നവർ നമ്മെ അറിയിച്ചവിധത്തിൽതന്നെ, സമാഹരിച്ച ഒരു വിവരണം എഴുതാൻ പലരും ഉദ്യമിച്ചിട്ടുണ്ട്.'* (ലൂക്കോ 1:1-2)

വളരെ കൗതുകകരമായ കാര്യം മത്തായിയ്ക്കോ ലൂക്കോസിനോ യേശുവിനെ നേരിട്ടറിയില്ല എന്നതാണ്(3)

മത്തായി, മാർക്കോസ്, ലൂക്കോസ് എന്നീ സുവിശേഷങ്ങളുടെ സാമ്യത കാരണം അവയെ സിനോപ്റ്റിക് (ഒരുപോലെ കാണപ്പെടുന്നത്) എന്നാണ് വിളിക്കുന്നത്. മത്തായി, ലൂക്കോസ് എന്നിവരുടെ സുവിശേഷകാരന്മാർക്ക് മാർക്കോസിന്റെ സുവിശേഷത്തെപ്പറ്റി അറിയാമായിരുന്നുവെന്നും അവർ അതിന്മേലാണ് തങ്ങളുടെ സുവിശേഷം എഴുതിയതെന്നുമുള്ള വസ്തുത പരക്കെ അംഗീകരിക്കപ്പെട്ടതാണ്. അത് നേരിട്ടുള്ള സാക്ഷ്യമായിരുന്നില്ല. നാലാമത്തെ സുവിശേഷമായ യോഹന്നാൻ മറ്റു മൂന്ന് സുവിശേഷങ്ങളിൽ നിന്നും വ്യത്യസ്തമാണ്. അത് 'അജ്ഞാത നാമകമായ' സുവിശേഷം എന്നാണ് പല വ്യാഖ്യാതാക്കളും പറയുന്നുണ്ട്. യോഹന്നാൻ എന്ന സുവിശേഷക്കാരന് മാർക്കോസിന്റെ സുവിശേഷം സുപരിചിതമായിരുന്നു. അദ്ദേഹം ഒരു പക്ഷേ, ലൂക്കോസുമായി ബന്ധപ്പെട്ട പലരുമായും ചർച്ച ചെയ്തിരിക്കാനും സാധ്യതയുണ്ട്. ഒരുപോലെ കാണപ്പെടുന്ന മത്തായി, മാർക്കോസ്, ലൂക്കോസ് സുവിശേഷങ്ങളിൽനിന്ന് ഭിന്നമായി അതിലെ ഒരുപാട് ഭാഗങ്ങൾ യോഹന്നാൻ വിട്ടുകളഞ്ഞിരിക്കുന്നു. പല സംഭവങ്ങളുടേയും കാലാനുക്രമം തെറ്റിച്ച് കുഴപ്പമുണ്ടാക്കുകയും ചെയ്തിരിക്കുന്നു. മാത്രമല്ല, ഈ സുവിശേഷത്തിന്റെ കർത്താവിന് ഗ്രീക്ക് തത്ത്വശാസ്ത്രത്തിന്റെ സ്വാധീനവുമുണ്ടായിരുന്നു. ദൈവവചനങ്ങൾ വിവരിക്കുന്ന സന്ദർഭങ്ങളിൽ ഈ ഗ്രീക്ക് സ്വാധീനം പ്രകടമാണ്.

യോഹന്നാന്റെ സുവിശേഷം മറ്റു മൂന്ന് സുവിശേഷങ്ങൾ എഴുതപ്പെട്ടതിനുശേഷം രചിക്കപ്പെട്ടതാണ്. അത് ഒരിക്കലും ഒരു ദൃക്സാക്ഷി വിവരണമല്ല. ആദിമസഭയിൽ യോഹന്നാന്റെ സുവിശേഷം വേദവിപരീതമായി ഗണിച്ചിരുന്നു(5). പല പണ്ഡിതന്മാരുടേയും അഭിപ്രായം യോഹന്നാൻസുവിശേഷം സിറിയയിൽ വെച്ച് ഒരു കൂട്ടം ആളുകൾ ചേർന്ന് രചിച്ചുവെന്നാണ്.

വാസ്തവത്തിൽ ഗ്രന്ഥകാരന്മാരെപ്പറ്റി യാതൊരറിവുമില്ലാതെയാണ് ആദിമസഭയിൽ സുവിശേഷങ്ങൾ പ്രചരിച്ചത്. ആദിമസഭക്ക് അറിയാത്ത സുവിശേഷ ഗ്രന്ഥകാരന്മാരുടെ നാമങ്ങൾ ആദിമസഭ പിന്നീട് നൽകുകയാണുണ്ടായത്. 3,5 സുവിശേഷങ്ങൾ ഒരുപാട് മാറ്റത്തിരുത്തലുകൾക്ക് വിധേയമായിട്ടുണ്ടെന്നു എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നു.

*സുവിശേഷപാഠങ്ങളുടെ മാർജിനിൽ രേഖപ്പെടുത്തിയ നോട്ടുകൾ പലപ്പോഴും പാഠത്തിന്റെ ഭാഗങ്ങളായി മാറ്റിയിരിക്കണം. പൊതുപ്രാർത്ഥനയിൽ സുവിശേഷപാഠങ്ങൾ വായിക്കുന്നത് സ്വാഭാവികമായും ദൈവസ്തുതി പോലെയുള്ള ആരാധനാക്രമങ്ങളിൽ കൂട്ടിച്ചേർപ്പുകളുണ്ടാക്കി.'*

'ജീസസ് സെമിനാറി'ന്റെ ഉപജ്ഞാതാവ് ഫൻക് (2) എഴുതുന്നു:

*'പുതിയനിയമത്തിന്റെ പതിപ്പുകൾ ഉണ്ടാക്കിയ രചയിതാക്കൾ ഓർത്തോഡക്സ് വീക്ഷണങ്ങൾക്ക് അനുകൂലമായിട്ടാണ് സുവിശേഷങ്ങളുടെ ഗ്രീക്ക് പതിപ്പിന് രൂപം നൽകിയത്.'*

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കാ ഈ വസ്തുതകളെല്ലാം ഇങ്ങനെ സംഗ്രഹിച്ചിരിക്കുന്നു:

*സുവിശേഷങ്ങളെ പരിഗണിക്കുമ്പോൾ ഒരു സഭയുടേയും ഇടപെടലില്ലാത്ത ബൈബിൾ സൃഷ്ടി ഉണ്ടായിട്ടില്ല. അതിലടങ്ങിയ ഉള്ളടക്കത്തിന് വിപരീതമായിപ്പോലും അവയിൽ മാറ്റങ്ങളുണ്ടായിട്ടുണ്ട്. അങ്ങനെയാണ് അവ കാനോനികമായി കണക്കാക്കപ്പെട്ടത്. പ്രചോദനത്തിന്റെ സങ്കല്പം അതിർത്തിനിർണയത്തിൽ നിർണായകമായിരുന്നില്ല. കാരണം, ആത്മീയതയുടെ മാർഗ്ഗദർശനത്തിലൂടെ മാത്രമേ ആത്മപ്രചോദനത്തിലെത്തിച്ചേരാൻ സാധ്യമാവൂ എന്ന് സഭക്ക് മനസ്സിലായിരുന്നു. ക്രി. വ. 150 വരെ ക്രിസ്ത്യാനികൾ എഴുതിയിരുന്നത് അജ്ഞാതനാമത്തിലോ കള്ളപ്പേരിലോ ആയിരുന്നു എന്ന കാര്യം വളരെ വ്യക്തമാണ്. ഉദാ: അവർ വളരെ പ്രശസ്തരായ അപ്പോസ്തലന്മാരുടേയോ ബൈബിൾ കഥാപാത്രങ്ങളുടേയോ പേരാണ് സ്വീകരിച്ചിരുന്നത്. ഇത് ഒരു തന്ത്രമോ വ്യാജരേഖാ നിർമ്മാണമോ ആയി കണക്കാക്കാൻ സാധ്യമല്ല.*

## തരംതിരിവും കാനോനീകരണവും

'കാനോൻ' എന്ന പദം നിർണ്ണായകമായ അളവുകോൽ അല്ലെങ്കിൽ മാനകം എന്നാണ് അർത്ഥമാക്കുന്നത്. സദാചാരപരമായോ, മതശാഖാപരമായോ, സഭാ കൗൺസിൽ മുഖേനയോ അംഗീകൃതമായിട്ടുള്ള ഒരു കൂട്ടം പുസ്തകങ്ങളാണ് 'കാനോനികം' എന്നത് കൊണ്ട് സൂചിപ്പിക്കുന്നത്. എന്നാൽ, കാനോനികം എന്ന വിശേഷണം തികച്ചും ആത്മനിഷ്ഠാപരമാണ്.

പുതിയ നിയമത്തിലെ ഏതെല്ലാം പുസ്തകങ്ങളാണ് ആധികാരികമെന്നോ എത് പുസ്തകമാണ് സൂക്ഷ്മമായി എഴുതപ്പെട്ടതെന്നോ അറിയുക അസാധ്യമാണ്. എഴുതപ്പെട്ട ഏറ്റവും പുരാണമായ ലിഖിത രേഖ യോഹന്നാൻ സുവിശേഷത്തിലെ ഏതാനും വചനങ്ങളാണ്. അവ ക്രി. വ. 150ന് മുമ്പേ പോകില്ല. അവ കൂടാതെ നിരവധി സുവിശേഷങ്ങളുണ്ട്. അപ്പോക്രിഫ എന്ന് വിളിക്കപ്പെടുന്ന ധാരാളം സുവിശേഷങ്ങൾ ഈ ഗണത്തിൽപ്പെട്ടതാണ്. ക്ലമന്റ്, ബറബ്ബാസ്, തോമസ് മുതലായവരുടെ പുതിയ സുവിശേഷങ്ങൾ അപ്പോക്രിഫ ഇനത്തിൽപ്പെട്ടതാണ്. ആദ്യത്തെ നൂറ്റാണ്ടുകളിൽ തന്നെ ഏകദേശം 30 ഓളം സുവിശേഷങ്ങൾ നിലനില്ക്കുകയുണ്ടായി. ക്രി. വ. 325ൽ നിഖായിലെ സഭാ കൗൺസിലിൽ രൂക്ഷമായ വാദപ്രതിവാദങ്ങൾക്ക് ശേഷമാണ് സുവിശേഷങ്ങൾ കാനോനികം, അകാനോനികം എന്നിങ്ങനെ വേർതിരിക്കപ്പെട്ടത്. അങ്ങനെയാണ് നാം ഇന്ന് കാണുന്ന നാല് സുവിശേഷങ്ങൾ കാനോനികമെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടത് (2). യേശുവിന്റെ ശിഷ്യന്മാർ മരിച്ചു കഴിഞ്ഞു ക്രി. വ. 367 വരെ സുവിശേങ്ങൾക്ക് കാനോനികം എന്ന വിശേഷണമുണ്ടായിരുന്നില്ല. 27 പുസ്തകങ്ങളടങ്ങിയ പുതിയ നിയമപുസ്തകം അതനാസിയസ് എന്ന അലക്സാണ്ട്രിയൻ പാത്രിയാക്കീസാണ് നിശ്ചയിച്ചത്. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക എഴുതുന്നു: (7)

*'പുതിയനിയമം ക്രിസ്ത്യാനികൾക്ക് വേണ്ടി ക്രിസ്ത്യാനികൾ തന്നെ എഴുതിയതാണ്. അതിൽ കൂടുതലായി ഗ്രീക്ക് സംസാരിക്കുന്ന സമൂഹത്തിന് ഗ്രീക്ക് ഭാഷയിൽ എഴുതപ്പെട്ടതാണ്... പുതിയനിയമത്തിന് ആദിമഘട്ടത്തിൽ കാനോനികമായ യാതൊരു ആധികാരിക വക്താക്കളും ഉണ്ടായിരുന്നില്ല. എവിടെയാണോ മാറ്റത്തിരുത്തലുകൾ വേണ്ടത് അവിടെയെല്ലാം അവർ അത് നിർവ്വഹിച്ചു.'*

സുറിയാനി ഭാഷയിലുള്ള ബൈബിളിന്റെ പെഷീറ്റ പതിപ്പ് 27 പുസ്തകങ്ങൾക്ക് പകരം 22 പുസ്തകങ്ങൾ മാത്രമേയുള്ളൂ(2). പത്രോസിന്റെ രണ്ടാം ലേഖനം, യോഹന്നാന്റെ മൂന്നാം ലേഖനം, യൂദാ, യോഹന്നാൻ (അപോക്രിഫ) എന്നീ പുസ്തകങ്ങൾ പെഷീറ്റയിൽ ഇല്ല. എത്യോപ്യൻ സഭക്ക് 81 പുസ്തകങ്ങൾ കാനോനികമാണ്. അതിൽ 35 എണ്ണം പുതിയനിയമത്തിലുണ്ട്. ലത്തിൻ വൾഗേറ്റ് (Latin Vulgate) എന്നറിയപ്പെടുന്ന ബൈബിളിന്റെ ലത്തീൻ പതിപ്പ് ആണ് റോമൻ കത്തോലിക്കാസഭ അംഗീകരിച്ചിട്ടുള്ളത്. അതിൽ അപ്പോക്രിഫ ഇനത്തിൽപ്പെട്ട പഴയ നിയമങ്ങളുമുണ്ട്. ലൂതറിന്റെ ബൈബിൾ വ്യാഖ്യാനം ക്രി. വ. 1522ലാണ് ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകൃതമായത്. എബ്രായർ യാക്കോബ്, യൂദാ, വെളിപാട് എന്നീ പുസ്ത്കങ്ങൾ ലൂതർ അനുബന്ധമായാണ് ചേർത്തിട്ടുള്ളത്. ഇംഗ്ലീഷ് സംസാരിക്കുന്ന ക്രൈസ്തവർക്ക് വേണ്ടി ക്രി. വ. 1611ൽ ബൈബിളിന്റെ കിംങ്ങ് ജെയിംസ് പതിപ്പ് പ്രസിദ്ധീകരിക്കുകയുണ്ടായി. ആദ്യം അപ്പോക്രിഫ ഇനത്തിൽപ്പെട്ട പുസ്തകങ്ങൾ ഉൾപ്പെടുത്തിയും പിന്നീട് ഇല്ലാതെയുമാണ് അവ പ്രസിദ്ധീകരിച്ചത്. കത്തോലിക്കാ ബൈബിളും പ്രൊട്ടസ്റ്റന്റ് ബൈബിളും തമ്മിലുള്ള വ്യത്യാ

സം, അപ്പോക്രിഫാ ഇനത്തിൽപ്പെട്ട പുസ്തകങ്ങൾ പ്രൊട്ടസ്റ്റന്റുകാർ ബൈബിളിൽ ഉൾപ്പെടുത്തിയിട്ടില്ല. റോമൻ കത്തോലിക്കാസഭ ക്രി. വ. 1545ലെ ട്രിന്റ് എന്ന താണ്. കൗൺസിൽ സമ്മേളനം വരെ കാനോനികവ ത്കരണം നിർത്തിയിട്ടില്ല. ഇത് സംബന്ധിച്ച് പ്രൊട്ടസ്റ്റന്റ് സഭ ഒരു നടപടിയും കൈക്കൊള്ളുകയുണ്ടായിട്ടില്ല.

ബൈബിളിന്റെ ഇംഗ്ലീഷ് പരിഭാഷകൾ തമ്മിൽ വ്യതിയാനങ്ങളും, ചേർച്ചയില്ലായ്മയും വിയോജിപ്പു കളും നിരവധിയുണ്ട്. അത് ഇവിടെ ചർച്ച ചെയ്യാൻ സാധ്യമല്ല. അതിന് ഒരുപാട് പേജുകൾ വേണ്ടി വരും. ഇന്ന്അറിയപ്പെടുന്ന പുതിയ നിയമത്തിന്റെ 5358 കൈയ്യെഴുത്ത് പ്രതികളും അതിന്റെ ഭാഗികരൂപങ്ങളു മുണ്ട്. പ്രസ്തുത ബൈബിൾ വിവർത്തനത്തിൽ അതെല്ലാം ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണത്തിന് 'ന്യൂ ഇന്റർനാഷനൽ' പതിപ്പിലും ന്യൂ ഇംഗ്ലീഷ് ബൈബി ളിലും കിംങ്ങ് ജെയിംസ് പതിപ്പിൽ കാണുന്ന 16 വചന ങ്ങൾ ഒഴിവാക്കിയിരിക്കുന്നു. അവ അടിക്കുറിപ്പിലേക്ക് തരംതാഴ്ത്തിയിരിക്കുകയാണ്. അവ ഈ വചനങ്ങളാ ണ്. മത്താ: 17:21, 18:11, 23:14 മാർക്കോ 7:16, 9:44, 9:46, 11:26, 15:28 ലൂക്കോസ് 17:36, 23:17, യോഹ: 5:4, അപ്പോ: 8:37, 15:34, 24:7, 28:29, റോമക്കാർ 16:24. എൻസൈക്ലോ പീഡിയാ ബ്രിട്ടാനിക്കയുടെ നിരീക്ഷണം ഇപ്രകാര മാണ്.

*'കാനോനീകരണം എന്ന പ്രക്രിയ താരതമ്യേന സുദീർഘവും അയവുള്ളതും വിഭജിതവുമാണ്. ഇന്ന് ഉപയോഗത്തിലിരിക്കുന്ന പല പുസ്തകങ്ങളും ദിവ്യ പ്രചോദനത്താൽ എഴുതപ്പെട്ടതാണ്. പക്ഷേ സഭാപിതാ ക്കന്മാർ യാതൊരു സങ്കോചമോ വിമർശനമോ കൂടാ തെ എങ്ങനെ അവ കാനോനികമാണെന്നും അകാനോ നികമാണെന്നും തീരുമാനിച്ചത്. ക്രിസ്തുമതം രൂപപ്പെ ട്ടുവരുന്ന ഘട്ടത്തിൽ സഭക്ക് അനുയോജ്യമായത് ദിവ്യ പ്രചോദനത്താൽ സുനിശ്ചിതമായി തിരഞ്ഞെടുക്കപ്പെ ട്ടു. ദിവ്യപ്രചോദനത്താലുള്ള തിരഞ്ഞെടുപ്പ് എന്നത് പ്രത്യേകം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതൊരു നിർണ്ണായകമായ തിരഞ്ഞെടുപ്പോ തിരഞ്ഞെടുപ്പിന്നുള്ള അംഗീകൃതമാനദണ്ഡമോ അല്ല. ദിവ്യപ്രചോദനവും കാനോനികരണവും യാദൃശ്ചികമായി സംഭവിക്കുന്നതാ ണെന്നാണ് വിശദീകരണം.'*

The Life and Morals of Jesus of Nazerath' എന്ന പുസ്തകമെഴുതിയ മഹാനായ അമേരിക്കൻ പ്രസി ഡണ്ട് തന്റെ പുസ്തകം എഡിറ്റ് ചെയ്ത് പ്രസിദ്ധീകരി ച്ചതിന്റെ പിന്നിലെ ഉദ്ദേശ്യത്തെപ്പറ്റി വിവരിക്കുന്നു:

*'ബൈബിളിന്റെ അച്ചടിച്ച പതിപ്പിൽ നിന്ന് അവന്റെ (യേശുവിന്റെ) വചനങ്ങൾ വെട്ടിമാറ്റിയാണ് ഞാൻ ഈ ഓപ്പറേഷൻ നടത്തിയത്. ചാണകകൂമ്പാരത്തിൽ നിന്ന് രത്നങ്ങൾ എളുപ്പത്തിൽ തിരിച്ചറിയാൻ വേണ്ടിയാണ്. ഇതിന്റെ ഫലമായി ബൈബിൾ എട്ടിലൊന്നായി. 46 പേജുകളായി തനത് രൂപത്തിൽ ചുരുങ്ങി. അതായി രുന്നു നിരക്ഷരരായ അപ്പോസ്തലന്മാരും അപ്പോസ്തല പിതാക്കന്മാരും ആദിമ നൂറ്റാണ്ടിലെ ക്രിസ്ത്യാനികളും പ്രചരിപ്പിച്ചത്. അവരെത്തുടർന്ന് വന്ന ആത്മീയ പിന്മു റക്കാർ കൃത്രിമ കൂട്ടിച്ചേർക്കലുകൾ കാനോനീകരിച്ച് യേശുവിന്റെ സിദ്ധാന്തങ്ങളാക്കി മാറ്റി. ആദിമ ക്രിസ്ത്യാ നികളുടെ വിശ്വാസവുമായി അത് പൊരുത്തപ്പെടുന്നി ല്ല. അവരാകട്ടെ, തങ്ങളുടെ വിശ്വാസാചാരങ്ങൾ യേശു വിന്റെ തിരുവായിൽ നിന്നും അപ്പോസ്തലമാരിൽ നിന്നും സമകാലികരായ അപ്പോസ്തല പിതാക്കന്മാരിൽ നിന്നും സ്വീകരിച്ചതാണ്.*

സുവിശേഷങ്ങൾ സുദീർഘമായ ഒരു പ്രക്രിയയി ലൂടെയാണ് സമാഹരിക്കപ്പെട്ടത്. പിഴവുകളും തെറ്റു കളും അതിൽ വല്ലപ്പോഴും സംഭവിക്കുന്ന ഒന്നായിരു ന്നില്ല. മറിച്ച്, അത് നിരന്തരം സംഭവിച്ചുകൊണ്ടിരു ന്നതും അതിന്റെ അവിഭാജ്യഭാഗവുമായിരുന്നു.

## യേശുവിന്റെ യഥാർത്ഥ വചനം

യേശുവും അദ്ദേഹത്തിന്റെ അനുയായികളും യഹൂദന്മാരായിരുന്നു. അറാമിക് ആയിരുന്നു അവരുടെ സംസാരഭാഷ. ഹിബ്രുവിന്റെ ഒരു പ്രാദേശിക ഭേദമാണ് അറാമിക് ഭാഷ. ആയതിനാൽ യേശു ചിന്തിച്ചത് അറാ മായ ഭാഷയിലായിരിക്കണം. അറാമിക് ഭാഷയിലെ ചില പദങ്ങളൊഴികെ മറ്റെല്ലാ ബൈബിൾ വിവരണവും നമുക്ക് ലഭിച്ചത് ഗ്രീക്ക് ഭാഷയിലാണ്. യേശുവിന്റെ തായി ഏതെങ്കിലും പദങ്ങൾ അവശേഷിക്കുകയാണെ ങ്കിൽ അത് അരാമായ ഭാഷയിലായിരിക്കണമല്ലോ. പുതിയ നിയമം യേശുവിന്റെ വചനങ്ങളുടെ തനിരൂപ ത്തിലല്ല ഉള്ളത്. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക യേശുവിന്റെ സംസാരഭാഷയെക്കുറിച്ച് ഇപ്രകാരം എഴു തുന്നു:

'മാർക്കോസിന്റെ സുവിശേഷത്തിൽ ചില അറാ മിക്ക് പദങ്ങൾ അവശേഷിക്കുന്നു. ഗ്രീക്കിൽ പരിഭാഷ പ്പെടുത്തിയതിന്റെ പരിഭാഷ. 'ബാലേ എഴുന്നേൽക്കു': (തലീതാ കൂമി) (മാർക്ക്: 5:41). അവനോടു തുറന്നുവ രിക എന്നു അർത്ഥമുള്ള എഫഥാം എന്നു പറഞ്ഞു (മാർക്കോ: 7:34) 'ഏലി ഏലി ലമാ ശബക്താനി' എന്ന കുരിശിൽ വെച്ചുള്ള യേശുവിന്റെ വിലാപം അറാമിക മായ ഹിബ്രുവാണ്. രണ്ട് ദിവ്യാത്ഭുതങ്ങളിലും യേശു വിന്റെ യഥാർത്ഥ വചനങ്ങൾ സംരക്ഷിച്ച വിദ്യ പ്രകട മാണ്.

## വൈരുദ്ധ്യങ്ങളും ചേർച്ചയില്ലായ്മയും

പുതിയനിയമത്തിലേക്ക് ഒന്ന് കണ്ണോടിച്ചാൽ അതിലെ സൂക്ഷ്മതയെ സംബന്ധിച്ചും വിശ്വസനീയ തയെ സംബന്ധിച്ചും സംശയം ജനിക്കും. ഓരോ വിവ രണത്തിലും നിരവധി വൈരുദ്ധ്യങ്ങൾ കണ്ടെത്താം. പരസ്പരം ചേർച്ചയില്ലാത്ത നിരവധി പരാമർശങ്ങളും ദൃശ്യമാവുന്നുണ്ട്. ഇവിടെ ചിലത് മാത്രം വിവരിക്കാം.

ബെത്‌ലെഹേമിലെ ദാവീദിന്റെ സന്താനപരമ്പരയിൽ നിന്നാണ് യേശു ജനിച്ചതെന്നാണ് കരുതപ്പെടുന്നത്. മത്തായിയും ലൂക്കോസും യേശുവിന്റെ ഈ വംശാ വലിയാണ് തെളിയിക്കാൻ ശ്രമിക്കുന്നത്. യേശുവിനും ദാവീദിനും ഇടയിൽ 41 തലമുറകളുണ്ടെന്ന് ലൂക്കോസ് പറയുമ്പോൾ മത്തായിയുടെ കണക്ക് പ്രകാരം 28 തല മുറകളേ ഉള്ളൂ. അത് പോലെ തലമുറകളിലെ പേരും വലിയതോതിൽ വ്യത്യാസമുണ്ട്. ഉദാഹരണത്തിന് ലൂക്കോസ് (3:23-26) ഹേലായുടെ പുത്രനായ ജോസഫ്, മർയത്തിന്റെ ഭർത്താവാണ്. മത്തായിയിൽ (1:15-16) യാക്കോബിന്റെ മകനാണ് ജോസഫ്. ഇങ്ങനെ വംശാ വലിയിലെ വൈരുദ്ധ്യം പ്രകടമാണ്.

ലൂക്കോസിൽ യേശു ജോസഫിന്റെ മകനാണെന്ന് (കരുതി). മത്തായിയിലും ലൂക്കോസിലും യേശു കന്യാ മർയത്തിന് ജനിച്ചതാണ്. മാർക്കോസും യോഹന്നാനും, പൗലൂസും പ്രധാനപ്പെട്ട ഇക്കാര്യം എന്താണെന്ന് വെളി പ്പെടുത്തുന്നില്ല. യേശു ദൈവത്തിന്റെ മകനാണ് എന്തർത്ഥത്തിലാണ്? യേശു ജോസഫിന്റെ മകനല്ലെ ങ്കിൽ എങ്ങനെയാണ് അദ്ദേഹം ഡേവിഡിന്റെ വംശാ വലിയിൽ പ്പെടുക?

യോഹന്നാനിൽ (4:13, 43-45) യേശുവിന്റെ ജനന സ്ഥലം ജൂദിയ ആണ്. യേശു ജന്മദേശത്ത് ബഹുമാ നിതനല്ലാത്ത പ്രവാചകനാണെന്ന് വിശ്വസിക്കപ്പെടു കയും അദ്ദേഹം ഗലീലിയിലേക്കു പോയി എന്നും പറ യുന്നു. മത്തായി (13:54-58) ലൂക്കോസ് 4:24) മാർക്കോസ് (6:4) എന്നീ വചനങ്ങൾ പ്രകാരം യേശുവിന്റെ ജന്മ സ്ഥലം ജൂദിയ അല്ല ഗലീലിയാണെന്നാണ്.

മത്തായി (27:44) മാർക്കോസ് (15:32) പറയുന്നത് യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ട രണ്ട് കള്ളന്മാരും യേശുവിനെ നിന്ദിച്ചു എന്നാണ്. ഇതിന് വിപരീതമായി ലൂക്കോസ് (23:39-43) പറയുന്നത് രണ്ടു കള്ളന്മാരിൽ ഒരാൾ മാത്രമാണ് അദ്ദേഹത്തെ നിന്ദിച്ചതെന്നാണ്. മറ്റ യാൾ യേശുവിനോട്, 'നീ ദൈവത്തെ ഭയപ്പെടുന്നില്ലേ' .. *ഈ മനുഷ്യനാകട്ടെ യാതൊരു കുറ്റവും ചെയ്തി ട്ടില്ല. അയാൾ പറഞ്ഞു: 'യേശുവേ, നീ നിന്റെ രാജത്വ ത്തിൽ വരുമ്പോൾ എന്നെയും ഓർക്കേണമേ. അവൻ അമ്മയോട് പറഞ്ഞു: 'സത്യമായും ഞാൻ നിങ്ങളോട് പറയുന്നു: 'ഇന്നു നീ എന്നോടു കൂടി പറുദീസാ യിൽ ആയിരിക്കും'* - യോഹന്നാനാകട്ടെ യേശുവും കള്ള ന്മാരും തമ്മിൽ നടന്ന ഈ പ്രധാനപ്പെട്ട സംഭാഷ ണത്തെപ്പറ്റി യാതൊന്നും പരാമർശിക്കുന്നില്ല.

### പഴയനിയമം

ഈ ലേഖനത്തിൽ പുതിയ നിയമത്തിന്റെ പാഠപ രമായ വിമർശനത്തിലാണ് നാം ശ്രദ്ധയൂന്നിയത്. പഴ യനിയമത്തിന്റെ കിംങ്ങ് ജെയിംസ് വിവർത്തനം തന്നെ എപ്രകാരമാണ് ബൈബിൾ പണ്ഡിതന്മാർ അവ തെറ്റായി തർജമ ചെയ്തതെന്ന് കാണിക്കുന്നു. യേശു വിന്റെ ജനനം ഒരു കന്യക മുഖേനയാണെന്ന് പഴയ നിയമത്തിൽ പ്രവചിച്ചിരിക്കുന്നു എന്നാണ് പറയപ്പെ ടുന്നത്. പഴയനിയമത്തിലെ ആ പരാമർശം ഇങ്ങനെ യാണ്;

*'അതുകൊണ്ട് കർത്താവ് തന്നെ നിങ്ങൾക്ക് ഒരട യാളം നൽകും. കണ്ടാലും, ഒരു കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും.* (A Virgin shall conceive) *അവനെ ഇമ്മാനുവേൽ എന്ന് പേർ വിളിക്കും. (യെ ശയ്യാ 6-7) കിങ്ങ് ജെയിംസ് വേർഷൻ)*

യെശയ്യായിൽ ഉപയോഗിച്ച ഹിബ്രുപദം (Almah) അൽമ എന്നാണ്. അതിനർത്ഥം 'അവിവാഹിതയായ യുവതി' എന്നാണ് 'കന്യക' എന്നല്ല. ഹിബ്രുവിൽ കന്യ കക്ക് ബെതുല്ല (Bethullah) എന്നാണ് (1970-ൽ പ്രസി ദ്ധീകരിച്ചത്) (4).

പുതിയ ഇംഗ്ലീഷ് ബൈബിളിൽ കൃത്യമായ അർത്ഥം നൽകിയാണ് അത് വിവർത്തനം ചെയ്തത്.

*'അതുകൊണ്ട് കർത്താവു തന്നെ നിങ്ങൾക്ക് ഒര ടയാളം നൽകും. കണ്ടാലും. കുഞ്ഞുമായി ഒരു യുവ തി, അവൾ ഒരു പുത്രനെ പ്രസവിക്കും. (Young woman is with child, she will bear a son) അവൻ ഇമ്മാനു വേൽ എന്ന് വിളിക്കപ്പെടും.'*

350 കൊല്ലമായി ഇംഗ്ലീഷ് വിവർത്തനത്തിൽ ഈ തെറ്റ് തുടരുന്നു. New International English Version ബൈബിളിൽ ഇപ്പോഴും ആ തെറ്റ് കാണുന്നു.

### ഇസ്‌ലാമിക വീക്ഷണം

ഇസ്‌ലാമിക വീക്ഷണപ്രകാരം യേശു(അ) സത്യ സന്ധനായ ഒരു ദൈവിക പ്രവാചകനാണ്. അദ്ദേഹം ദൈവത്തിന്റെ പുത്രനാണെന്നോ മറ്റേതെങ്കിലും ദിവ്യ ത്വമോ അവകാശപ്പെട്ടില്ല. അദ്ദേഹത്തിന്റെ മരണത്തി

ലൂടെ മാനവലോകത്തിന്റെ വിമോചനമുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല.

ഖുർആൻ പറയുന്നു:

*'അവരെത്തുടർന്ന് നാം ഈസബ്നു മർയമിനെ അദ്ദേഹത്തിന്റെ മുന്നിലുള്ള തൗറാത്തിന്റെ പൂർത്തിയാക്കുന്ന ആളായി നിയോഗിച്ചു. നാം അദ്ദേഹത്തിന് മാർഗദർശനവും പ്രകാശവും ഉൾക്കൊള്ളുന്ന ഇഞ്ചീൽ നൽകിയിരുന്നു. (അത്) അതിനുമുമ്പ് അവതരിച്ച തൗറാത്തിനെ പൂർത്തിയാക്കുന്നതും ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് മാർഗദർശകവും ഉപദേശവുമായിരുന്നു' (5:47)*

ഇവിടെ ഖുർആൻ പറഞ്ഞു, 'ഇഞ്ചീൽ' (സുവിശേഷവും) ഇന്ന് കാണുന്ന സുവിശേഷമല്ല. ഇന്ന് കാണുന്ന സുവിശേഷം യേശുവിന് അവതരിച്ചതല്ല. യേശുവിന് ശേഷം വളരെ കഴിഞ്ഞ് പല പിഴവുകളോടെ സമാഹരിക്കപ്പെട്ടതാണ്. സുവിശേഷങ്ങളിൽ കാണുന്നത് യേശു പറഞ്ഞതാണെന്ന് പറയപ്പെടുന്ന പരാമർശങ്ങളാണ്. അജ്ഞാതരും അറിയപ്പെടാത്തവരുമായ പല നിവേദകരുടേയും വചനങ്ങളുടെ സമാഹാരമാണത്. സുവിശേഷം ഒരിക്കലും യേശുവിന് ഇറക്കപ്പെട്ട അവികലമായ വെളിപാട് ഗ്രന്ഥമാണെന്ന് ബൈബിൾ പോലും അവകാശപ്പെടുന്നില്ല.

## ഉപസംഹാരം

സുവിശേഷങ്ങളുടെ വാങ്ങ്മൊഴി കുപ്രസിദ്ധമാം വിധം വികലമാണ്. യേശുവിന് ശേഷം ദശാബ്ദങ്ങളോളം അവ സമാഹരിക്കപ്പെട്ടിരുന്നില്ല. യേശുവിനെ നേരിട്ടറിയുന്ന ആരും തന്നെ സുവിശേഷം എഴുതിയിട്ടില്ല എന്ന് പണ്ഡിതന്മാർ തന്നെ പറയുന്നു. മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവരുടെ ഗ്രന്ഥകർതൃത്വം തന്നെ സംശയത്തിന്റെ നിഴലിലാണ്. നിരവധി സ്രോതസ്സുകളിൽ നിന്നും സുവിശേഷങ്ങൾ വികലമാക്കപ്പെടുകയും കൂട്ടിക്കലർത്തപ്പെടുകയും ചെയ്തിട്ടുണ്ട്. അതിന് പർവ്വതസമാനമായ തെളിവുകളുണ്ട്. യേശു പറഞ്ഞതായി വിശ്വസിക്കപ്പെടുന്ന അല്പം ചില വചനങ്ങളേ ബൈബിളിലുള്ളൂ. അതുകൊണ്ട് സുവിശേഷങ്ങൾ മുന്നോട്ട് വെക്കുന്ന ദൈവശാസ്ത്രം യേശു പറഞ്ഞതാണെന്ന് വിശ്വസിക്കാൻ യാതൊരു കാരണവശാലും സാധ്യമല്ല.

**വിവ: എ.എം.**

**References:**


1. The New Encyclopaedia Britanica, 'Biblical Literature' page 903 15th Edittion 1997.
2. R.W. Fank, Honest Jesus, Harper Sam Francisco, 1996.
3. B.L. Mack: Who wrote the New testament? 'Harper San Fransciso 1995.
4. P. Kurtz. The Franscondontal Temptation, Prometheus Book 1986.
5. R.W. Fank. RW Hoover and The Jesus Seminar, The Five Gospels - 'What did Jesus really say?' Harper Sanfrancico - 1997.
6. The Encyclopaedia Britanica 12th Edition Vol. III.
7. The Encyclopaedia, Biblica Vol. IV
8. E. Friedman, Who wrote the Bible? Summit Book 1987.
9. Thomas Jefferson. The Jefferson Bible, The life and Morals of Jesus of Nazareth, Clarkson N. Potter Inc. 1964.
10. J.P. Lewis. The English Bible From KVJ
11. NIV - A History and Evaluation - Backor Book House 1982.


■

# ആകാശത്തുനിന്ന് ആരും വരില്ല

"വാഗ്ദത്ത മസീഹിന്റെ ആകാശത്തു നിന്നുള്ള ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്നും ആരും തന്നെ ഇറങ്ങി വരുന്നതല്ലെന്നു നല്ലവണ്ണം ധരിച്ചു കൊൾവിൻ. ഇന്നു ജീവിച്ചിരിക്കുന്ന എന്റെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. എന്നാലവർക്കു ആകാശത്ത് നിന്ന് മർയമിന്റെ മകൻ യേശു (ഇബ്നുമറിയം) ഇറങ്ങി വരുന്നതായി കാണാൻ സാധിക്കുന്നതല്ല. അതിനുശേഷം അവരുടെ സന്താനങ്ങളും മർയമിന്റെ പുത്രൻ ഈസാ ഇറങ്ങുന്നതായി കാണാതെ മരണമടയുകയും പിന്നെ ആ സന്തതികളുടെ സന്താനങ്ങളും ഈസാ നബിയെ കാണാതെ നിരാശരായി മരണമടയുന്നതാണ്. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ ഭയവും പരിഭ്രമവും ഇറക്കും. കാരണം അന്നു കുരിശിന്റെ മേധാവിത്വകാലം കഴിഞ്ഞു പോകുകയും ലോകം ഒരു നവീനഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ടായിരിക്കും.

*(തദ്കിറത്തുശ്ശഹാദത്തൈൻ പേജ് : 67)*

ലേഖനം

എ. നസീം അഹ്മദ്, ചേലക്കര

# വിജയം വരിക്കാൻ പ്രാർത്ഥന അനിവാര്യം

**അല്ലാഹുവിന്റെ മുന്നിൽ താഴ്മയോടെ കരയുവാനും സങ്കടങ്ങൾ അവനോട് മാത്രം പറയുവാനും നാം ശീലിക്കണം. തീർച്ചയായും അല്ലാഹു എല്ലാറ്റിനും പരിഹാരം നൽകുന്നതാണ്.**

*"ജിന്നിനേയും ഇൻസിനേയും എന്നെ ആരാധിക്കാനായിട്ടല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല"* എന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുമ്പോൾ, മനുഷ്യസൃഷ്ടിപ്പിന്റെ യഥാർത്ഥ ഉദ്ദേശ്യം ആരാധനയാണ് എന്ന് നമുക്ക് വളരെ വ്യക്തമായി ബോധ്യമാവുന്നു. എന്നാൽ, മനുഷ്യസൃഷ്ടിപ്പിന്റെ ഈ ഉദ്ദേശ്യത്തെക്കുറിച്ച് ഈ സമൂഹം മറന്നുപോയോ എന്ന സംശയം നമ്മളിൽ ജനിപ്പിക്കുന്ന തരത്തിൽ ഇന്ന് ലോകംദൈവചിന്തയിൽ നിന്ന് വിസ്മൃതരായിരിക്കുന്നു. മനുഷ്യൻ തന്റെ ആത്മീയ മോക്ഷത്തിനു ദൈവത്തെ സദാസമയവും സ്മരിച്ചുകൊണ്ടിരിക്കേണ്ടതാണ്. മാത്രമല്ല, തന്റെ ജീവിതത്തിലെ ദുഃഖങ്ങളും സങ്കടങ്ങളും ആഗ്രഹങ്ങളും ദൈവത്തിന് മുമ്പിൽ സമർപ്പിച്ച് പ്രാർത്ഥിക്കുകയും അവനുമായി ഒരു സജീവബന്ധം പുലർത്തുകയും വേണം.

ഹദ്റത്ത് അബൂമൂസാ അശ്അരി (റ) നിവേദനം ചെയ്യുന്നു. നബി (സ) തിരുമേനി പറഞ്ഞു: 'ദൈവസ്മരണ ചെയ്യുന്നവനും, ദൈവസ്മരണ ചെയ്യാത്തവനും ജീവിച്ചിരിക്കുന്നവനും മരിച്ചവനും പോലെയാണ്. അതായത് ദൈവസ്മരണ ചെയ്യുന്നവൻ ജീവിച്ചിരിക്കുന്നവനും, ചെയ്യാത്തവൻ മരിച്ചവനും.'

ഇവിടെ ദൈവത്തെ സ്മരിക്കാത്തവന്റെ അവസ്ഥ, മരിച്ചവനെപ്പോലെയാണ് എന്ന് റസൂൽ കരീം (സ) ഉപമിച്ചിരിക്കുന്നു. അങ്ങനെ ഒരാൾ ജീവിച്ചിരിക്കെ തന്നെ ദൈവസ്മരണകളുടെ പ്രാർത്ഥനയോ ദൈവഭയമോ ഇല്ലാത്ത കാരണത്താൽ മരിച്ചവനു തുല്യമായി ഗണിക്കപ്പെടുന്നു. ഇങ്ങനെയുള്ള ഒരു മരണാവസ്ഥ നമുക്ക് സംജാതമാകാതിരിക്കണമെങ്കിൽ ദൈവസ്മരണയും പ്രാർത്ഥനയും കൂടിയേ തീരൂ.

പ്രാർത്ഥനയില്ലാതെ നമുക്കൊന്നും നേടാൻ സാധ്യമല്ല എന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞിട്ടുള്ളത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമനുസരിച്ചാണ്. ഇതു സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നത് ഇപ്രകാരമാണ്:

*"അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ കാരുണ്യവും നിങ്ങൾക്ക് ഉണ്ടായിരുന്നില്ലെങ്കിൽ നിങ്ങളിൽ നിന്ന് ഒരാളും ഒരിക്കലും പരിശുദ്ധനാകുമായിരുന്നില്ല. പക്ഷേ, അല്ലാഹു ഉദ്ദേശിക്കുന്നവരെ അവൻ പരിശുദ്ധരാക്കുന്നു. അല്ലാഹു (പ്രാർത്ഥനകൾ) വളരെയധികം കേൾക്കുന്നവനും സർവ്വജ്ഞനുമാകുന്നു." (24:22)*

ഒരു മനുഷ്യൻ എത്ര തന്നെ സൽപ്രവർത്തികൾ ചെയ്താലും അല്ലെങ്കിൽ എത്ര തന്നെ കഠിനപരിശ്രമങ്ങൾ നടത്തിയാലും ശരി, അവന് ഈ പ്രയത്നങ്ങൾക്കൊക്കെയും ഫലം കാണണമെങ്കിൽ അല്ലെങ്കിൽ അവൻ പരിശുദ്ധനാകണമെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ അനുഗ്രഹവും അവന്റെ കാരുണ്യവും കൂടിയേ തീരു എന്ന് ഈ ഖുർആനിക വചനം നമ്മെ ഉണർത്തുന്നു. അവന്റെ അനുഗ്രഹവും കാരുണ്യവും നമുക്ക് ലഭിക്കാത്ത പക്ഷം അവന്റെ ഈ പ്രവർത്തികൾക്കൊന്നും യാതൊരു തരത്തിലുള്ള ഫലവും ലഭിക്കുന്നില്ല.

അതിനാൽ നാം ചെയ്യുന്ന സൽക്കർമ്മങ്ങൾക്ക് ഫലം കാണണമെങ്കിൽ, നമ്മളിൽ നിന്ന് വന്നുപോകുന്ന തെറ്റു കുറ്റങ്ങൾ പൊറുത്തുകിട്ടണമെങ്കിൽ, സത്യഹൃദയത്തോടുകൂടി നാം അല്ലാഹുവിനോട് പ്രാർത്ഥിക്കേണ്ടത് അനിവാര്യമാണ്. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും നാം കരസ്ഥമാക്കണം. അതിനുവേണ്ടി പ്രാർത്ഥന ഒരു ശീലമാക്കി നാം മാറ്റണം. എത്രത്തോളമെന്നാൽ, നമ്മുടെ നിത്യജീവിതത്തിൽ നിന്ന് നമുക്ക് ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നായി നാം അതിനെ മാറ്റിയെടുക്കണം. പ്രാർത്ഥനയുടെ ആവശ്യകതയെപ്പറ്റി നാം മനസ്സിലാക്കാത്തിടത്തോളം കാലം നമുക്ക് ഒരു തരത്തിലും വിജയം കൈവരിക്കാൻ സാധ്യമല്ല. 1948 ഡിസംബർ 17ന് നടത്തിയ ഒരു പ്രഭാഷണത്തിലൂടെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) ഇപ്രകാരം പറയുകയുണ്ടായി:

"അതായത്, നമ്മുടെ ശ്രമങ്ങൾക്ക് ശേഷം നാം ഇങ്ങനെ പ്രാർത്ഥിക്കുക കൂടി ചെയ്യേണ്ടതാണ്' അല്ലാഹുവേ, എന്റെ കഴിവിന്റെ അങ്ങേയറ്റം ഞാൻ പരിശ്രമിച്ചു. ഇനി നീ തന്നെ ഇത് പൂർത്തീകരിച്ചു തന്നാലും. എന്തുകൊണ്ടെന്നാൽ, ഇതിന്റെ പൂർത്തീകരണം ഞങ്ങളുടെ കഴിവിനും അതീതമാണ്" ആദ്യം നിങ്ങൾ ഫർള് (നിർബന്ധമാക്കപ്പെട്ട) കാര്യങ്ങൾ ചെയ്യുന്നതിലേക്ക് ശ്രദ്ധിക്കുവിൻ. അതോടൊപ്പം നിങ്ങൾ പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ പിന്നെ എനിക്ക് ഒരു ഖുത്ബയുടെയും ആവശ്യമില്ല. അഥവാ നിങ്ങളുടെ ഉള്ളിൽ ഏതെങ്കിലും തരത്തിലുള്ള കുറ്റങ്ങളോ കുറവുകളോ ഉണ്ടെങ്കിൽ, "അല്ലാഹുവേ, നീ ഞങ്ങളുടെ കുറ്റങ്ങളും കുറവുകളും പരിഹരിച്ചു തരേണമേ" എന്ന് നിങ്ങൾ പ്രാർത്ഥിക്കുന്നവരാണെങ്കിൽ, തീർച്ചയായും അല്ലാഹു നിങ്ങളെ സഹായിക്കുന്നതാണ്. അഥവാ നിങ്ങൾ നമസ്കാരത്തിൽ ബലഹീനരാണെങ്കിൽ നിങ്ങളുടെ ബലഹീനതകൾ പരിഹരിച്ചു തരാൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും, നിങ്ങളുടെ കുറവുകളെകുറിച്ച് നിങ്ങൾക്ക് ബോധമുണ്ടാവുകയും ചെയ്യുന്നുണ്ടെങ്കിൽ അല്ലാഹു ഈ കുറവുകളെല്ലാം നിങ്ങളിൽ നിന്ന് ദൂരീകരിച്ചു തരുന്നതാണ്. അങ്ങനെ നിങ്ങൾ തന്നെ നമസ്കാരത്തിൽ കൃത്യനിഷ്ഠ പാലിക്കുന്നവരായിത്തീരുന്നു. ഏതായാലും നിങ്ങൾ സ്വയം ഒരു പരിവർത്തനം ഉണ്ടാക്കിയെടുക്കാൻ പരിശ്രമിക്കുമ്പോൾ മാത്രമേ അല്ലാഹുവിന്റെ സഹായവും നിങ്ങൾക്ക് കരഗതമാവുകയുള്ളൂ."

വീണ്ടും പറയുന്നു:

"നിങ്ങളുടെ ഉള്ളിൽ ഉത്സാഹവും സ്നേഹവും ഉണ്ടെങ്കിൽ, അതോടൊപ്പം നിങ്ങൾ പ്രാർത്ഥിക്കുക കൂടി ചെയ്താൽ നിങ്ങൾ വിജയികളായിത്തീരുന്നു. മറിച്ചായാൽ വിജയം കരസ്ഥമാക്കാൻ നിങ്ങൾക്ക് സാധിക്കുന്നതല്ല. അതിനാൽ നിങ്ങളുടെയുള്ളിൽ ഉത്സാഹം, സ്നേഹം, പ്രാർത്ഥന തുടങ്ങിയവെക്കുറിച്ചുള്ള വിശ്വാസം ഉണ്ടാക്കിയെടുക്കുകയാണ് പ്രഥമ ആവശ്യം. ജമാഅത്തിലുള്ളവരോട്, പ്രത്യേകിച്ചും യുവാക്കളോടു അവരുടെയുള്ളിൽ പ്രാർത്ഥന ശീലമാക്കുന്നതിനെക്കുറിച്ച് ശ്രദ്ധ ചെലുത്താൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ പൂർവ്വികർ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ജീവിതകാലത്തിന് സാക്ഷ്യം വഹിച്ചവരാണ്. അവർ പ്രാർത്ഥന തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയത് നമുക്ക് ദർശിക്കാൻ സാധിക്കുന്നു. ഇപ്പോൾ യുവാക്കളും തങ്ങളുടെയുള്ളിൽ ഇത്തരത്തിലുള്ള ശീലം വളർത്തിയെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിനു മുമ്പിൽ കരയാനും സങ്കടങ്ങൾ അവനു മുമ്പിൽ ഉണർത്താനും അവനോട് താഴ്മയോടെ അപേക്ഷിക്കാനുമുള്ള ശീലം നാം വളർത്തിക്കൊണ്ടുവരേണ്ടതാണ്. അതിനാൽ പരിപൂർണമായ വിശ്വാസത്തോടും ഉത്സാഹത്തോടും കൂടി ഇതിനുവേണ്ടി വർത്തിക്കുന്നതായാൽ തീർച്ചയായും അല്ലാഹുവിന്റെ സഹായം ലഭിക്കുന്നതാണ്. അങ്ങനെ അവരും നേർമാർഗം പ്രാപിക്കുന്നവരായിത്തീരുന്നതാണ്. അവർക്കുവേണ്ടി വിജയത്തിന്റെ പാതയും തുറക്കപ്പെടുന്നതാണ്."

(മസ്അലെ രാഹ് - വാള്യം - 1 പേജ് 526 സംക്ഷിപ്ത രൂപം.)

മറ്റൊരു നിവേദനത്തിൽ വരുന്നു:

ഹദ്റത്ത് സൽമാനുൽ ഫാരിസി (റ) നിവേദനം ചെയ്യുന്നു, നബി (സ) പറഞ്ഞു: "അല്ലാഹു വലിയ ലജ്ജാശീലനും, അത്യുദാരനും, ധർമ്മശീലനുമാകുന്നു. ദാസൻ അവനു മുന്നിൽ ഇരുകൈകളും നീട്ടുമ്പോൾ, അവൻ അവനെ വെറുംകൈയോടെ, മടക്കുന്നതിൽ ലജ്ജിക്കുന്നു. (അതായത് സത്യഹൃദയത്തോടെ ചെയ്യുന്ന ദുആ നിഷേധിക്കപ്പെടുകയില്ല. സ്വീകരിക്കപ്പെടുന്നതാണ്).

അല്ലാഹു നമുക്കേവർക്കും സത്യഹൃദയത്തോടുകൂടി പ്രാർത്ഥിക്കുവാനും അപ്രകാരം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കും കാരുണ്യത്തിനും പാത്രീഭൂതരായിക്കൊണ്ട് ശിഷ്ടകാലജീവിതം കഴിച്ചുകൂട്ടുവാനുമുള്ള തൗഫീഖ് തന്നനുഗ്രഹിക്കുമാറാകട്ടെ. ആമീൻ യാ റബ്ബൽ ആലമീൻ. ■

ലേഖനം

ഐ.കെ. അഹ്മദ് കുട്ടി

# ഇബ്നുമർയം എന്ന അഭിധാനത്തിന്റെ വിവക്ഷ

**വിശുദ്ധ ഖുർആന്റെ ആലങ്കാരിക പ്രയോഗങ്ങളും തത്ത്വജ്ഞാന നിർഭരമായ പ്രതീകങ്ങളും ഗ്രഹിക്കാൻ കഴിയാത്തവരാണ് അക്ഷരാർത്ഥങ്ങളിൽ പിടിച്ചുതൂങ്ങുന്നത്.**

അവസാനകാലത്ത് ഇസ്‌ലാമിനെ സമുദ്ധരിക്കുവാനായി മഹ്ദി ഇമാം അവതരിക്കുമെന്ന് നബി തിരുമേനി (സ) പ്രവചിച്ചിട്ടുണ്ട് എന്ന വസ്തുത നിസ്തർക്കമാണ്. പ്രബലമായ ഹദീസുകളിൽ ഈസബ്നു മർയമിന്റെ വരവിനെ സംബന്ധിച്ചു പ്രസ്താവിച്ചു കാണുകയും ഇസ്ലാമിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുമെന്ന് പറയുകയും ചെയ്തിരിക്കുന്നു.

വിശുദ്ധ ഖുർആനിൽ നിന്നും ഈസാ നബി(അ)യുടെ മരണം സുവ്യക്തമായിരിക്കെ, ആ പേർ തന്നെ ഇമാം മഹ്ദിക്ക് അഥവാ മഹ്ദി മസീഹിന്നു വന്നു എന്നത് ശ്രദ്ധേയം തന്നെയാണ്. ഇത് അക്ഷരാർത്ഥത്തിൽ പുലരുവാനുള്ളതാണെന്നു കരുതുന്നവർക്കാണ് ഒട്ടുമിക്ക സംശയങ്ങളും ഉടലെടുക്കുന്നത്. ഈ പ്രവചനം ബാഹ്യാർത്ഥത്തിൽ പുലരുകയാണെങ്കിൽ സ്ഥൂലശരീരത്തോടുകൂടി മജ്ജയും മാംസവുമുള്ള - ഈസാനബി തന്നെ വരേണ്ടതായി വരും.

ലോകത്തുള്ള സകല ഭാഷകളിലും സാഹിത്യങ്ങളിലും ഇത്തരത്തിലുള്ള ഉപമാലങ്കാരപ്രയോഗങ്ങൾ പ്രയോഗിക്കാറുണ്ട് എന്നതാണ് യാഥാർത്ഥ്യം. പ്രസ്തുത ഹദീസ് ബാഹ്യാർത്ഥത്തിൽ പുലരണമെന്ന് വാദിക്കുന്നവർ ഈ പച്ചപ്പരമാർത്ഥം മറക്കുകയാണ്. യഥാർത്ഥ ഈസയല്ലാത്ത എത്രയോ പേർക്ക് ഈസയെന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു! തത്ത്വജ്ഞാനപരമായ അറിവിൽ പ്രാവീണ്യം നേടിയ എത്രയോ പേരെ മദ്ധ്യകാലഘട്ടത്തിലെ ആദരണീയനായ ഫിലോസഫർ തൂസിയോടു സാദൃശ്യപ്പെടുത്തുന്നു. ഭൗതികശാസ്ത്രപടുക്കളും കാര്യകാരണബന്ധാന്വേഷണത്വരയും ഉയർന്ന നിലവാരവുമുള്ള വിചക്ഷണന്മാരെ പലപ്പോഴും നാം ഇമാം റാസിയോടു സാദൃശ്യപ്പെടുത്തുന്നു. ദൈനംദിന ജീവിതത്തിൽ തന്നെ ഇപ്രകാരമുള്ള എത്രയോ ഉദാഹരണങ്ങൾ കാണാൻ കഴിയും. അപ്പോൾ പിന്നെ ഒന്നാം മസീഹായ ഈസബ്നു മർയമിന്റെ പേർ രണ്ടാം മസീഹായ വാഗ്ദത്ത മഹ്ദിക്ക് നൽകപ്പെട്ടതിൽ ഔചിത്യക്കുറവൊട്ടുമില്ല തന്നെ.

മൂസവി മസീഹായ ഈസബ്നുമർയമിന്നു തൊട്ടു മുൻപു വന്ന ദൈവനിയോഗിതനായ യഹ്യാ നബി(അ)യെ എത്രയോ വർഷം മുൻപു വന്നു കാലഗതി പ്രാപിച്ച ഇൽയാസ് (അ) നബിയോടു സാദൃശ്യപ്പെടുത്തിയത് ഇത്തരുണത്തിൽ സ്മരിക്കേണ്ടതാണ്. തൗറാത്തിൽ പറയപ്പെട്ടിട്ടുള്ള ഇൽയാസ് നബി (അ)യുടെ രണ്ടാംവരവിന്നുശേഷം മാത്രമേ മസീഹു വരികയുള്ളൂ എന്ന പ്രവചനം ബാഹ്യാർത്ഥത്തിൽ പുലരണമെന്ന് യഹൂദികൾ ശഠിച്ചത് കാരണം മസീഹിനെ സ്വീകരിക്കാനുള്ള സൗഭാഗ്യം വിനഷ്ടമാകുകയും ദൈവകോപത്തിന് പാത്രീഭൂതരാവുകയും ചെയ്ത സംഭവവും ഓർമ്മയിൽ വെക്കേണ്ടതുണ്ട്. ഇത്തരം ഉപമാലങ്കാരപ്രയോ

ഗങ്ങളുടെ അന്തഃസത്ത ഉൾക്കൊള്ളാത്ത കാരണത്താലും പ്രവചനങ്ങൾ ബാഹ്യരൂപത്തിൽ പുലരണമെന്ന് ശഠിക്കുന്നതുമൂലവും സംഭവിച്ച ദുരന്തങ്ങൾ നമുക്കും ഒരു പാഠമാവേണ്ടതുണ്ട്. എപ്രകാരം തൂസിയോടു സാദൃശ്യപ്പെടുത്തുന്നവർ യഥാർത്ഥ തൂസിയല്ലാത്തത് പോലെയും റാസിയോടു സാദൃശ്യപ്പെടുത്തുന്നവർ യഥാർത്ഥ റാസിയല്ലാത്തത് പോലെയും മസീഹ് മൗഊദും (അ) രണ്ടായിരം കൊല്ലം മുമ്പേ ഇസ്രായില്യർക്ക് പ്രവാചകനായി ആഗതരായ ഈസാ നബി (അ) അല്ല. ഒന്നാം മസീഹിന്റെ പേരിലുള്ള സാദൃശ്യം രണ്ടാം മസീഹിനുള്ളത് അദ്ദേഹം യഥാർത്ഥത്തിൽ ഒന്നാം മസീഹായിട്ടല്ല. ഇത് അർത്ഥമാക്കുന്നത് അവസ്ഥയിലുള്ള സാദൃശ്യവും ഉത്തരവാദിത്തങ്ങളിലുള്ള സാദൃശ്യവുമാണ്.

വിശുദ്ധ ഖുർആൻ പറയുന്നു: *'ഇംറാന്റെ പുത്രി മർയമിനെയും (അല്ലാഹു സത്യവിശ്വാസികൾക്ക് ഒരു മാതൃകയായി എടുത്തുകാണിക്കുന്നു) അവർ തന്റെ ചാരിത്രം കാത്തുസൂക്ഷിക്കുകയുണ്ടായി. അപ്പോൾ നാം അവനിൽ (മർയമിനോടു താദാത്മ്യമുള്ള സത്യവിശ്വാസിയിൽ) നമ്മുടെ വചനമിറക്കി. അവൾ തന്റെ നാഥന്റെ വചനങ്ങളെയും ഗ്രന്ഥങ്ങളെയും സത്യപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവിനോടു പരിപൂർണ്ണ അനുസരണം പുലർത്തുന്നവരിൽ ഉൾപെട്ടവളായിരുന്നു അവൾ'.* (അത്തഹ്‌രീം-13).

ഈ ആയത്തിലും ഇതിനു തൊട്ടുമുമ്പേയുള്ള ആയത്തിലും വി ശ്വാസികളെ താരതമ്യം ചെയ്തിരിക്കുന്നത് ഫിർഔന്റെ ഭാര്യയോടും ഇംറാന്റെ മകൾ മർയമിനോടുമാണ്. മൂസാനബി(അ)യുടെ ബദ്ധവൈരിയായിരുന്ന ഫിർഔന്റെ ഭാര്യാപദം അലങ്കരിച്ചുകൊണ്ടുതന്നെ വിശ്വാസദാർഢ്യത്തിന്റെ പ്രതീകമായിത്തീർന്ന അവർ നിരവധി അഗ്നിപരീക്ഷകളെ അതിജീവിച്ചു. മർയമാകട്ടെ, തീക്ഷ്ണമായ കൊടുംപരീക്ഷണങ്ങളേയും യാതനകളേയും അതിജയിച്ചവരാണ്. അവർക്കും ഫിർഔന്റെ ഭാര്യയെപ്പോലെത്തന്നെ ദൈവികഭാഷണം ലഭിച്ചിരുന്നു. ചാരിത്രസംരക്ഷണത്തിലൂടെ പരിശുദ്ധിയുടെ പ്രതീകമായിരുന്നിട്ടും സമൂഹം തന്റെ മേൽ കെട്ടിവെച്ച ആക്ഷേപഹാസ്യശരങ്ങളെ അഗണ്യകോടിയിൽ തള്ളിക്കൊണ്ടു തന്റെ സ്രഷ്ടാവിനോടു ക്ഷമയോടും പ്രാർത്ഥനയോടും ദിനരാത്രങ്ങൾ തള്ളിനീക്കിക്കൊണ്ടു ദൈവത്തിന്റെ ദൃഷ്ടാന്തമായ ഈസായെ പ്രസവിച്ച സ്ത്രീരത്നമാണവർ. തന്റെ ത്യാഗധന്യമായ ജീവിതത്തിലൂടെ ദൈവത്തിന്റെ ഉത്തമദാസിയായിത്തീർന്നു ആ മഹിളാരത്നം!

വിശ്വാസികളിൽ രണ്ടുതരക്കാർ ഉള്ളതായി മനസ്സിലാവുന്നു. ഒന്നു ഫിർഔന്റെ ഭാര്യയുടെ തരക്കാർ. മറ്റൊന്നു മർയമിനെപ്പോലെയുള്ളവരും. അമൂല്യമായ ചില ഗുണവിശേഷങ്ങളുടെ ഉടമകളാണ് ഇരുവരും. മർയമിനെപ്പോലെ ത്യാഗസമ്പൂർണ്ണവും പരമപരിശുദ്ധവുമായ ഒരു ജീവിതം നയിച്ചിരുന്ന വാഗ്ദത്ത മസീഹ്, ഇബ്നുമർയം അഥവാ മർയമിന്റെ പുത്രൻ വിശിഷ്യ മർയമീസിഫത്തിൽ നിന്ന് ഉത്ഭൂതമായ ഇബ്നുമർയം എന്നു വിളിക്കപ്പെട്ടു. വാഗ്ദത്ത മസീഹിന്റെ സ്ഥായിയായ അവസ്ഥ മർയമിന്റെ അവസ്ഥ പോലെയോ അതല്ലെങ്കിൽ മർയമീസിഫത്തിന്റെ അവസ്ഥക്ക് തുല്യമോ ആണെന്നും മനസ്സിലാക്കാവുന്നതാണ്. ഇക്കാരണത്താൽ ഒന്നാം മസീഹിന്റെ അവസ്ഥക്ക് തുല്യമായ ഒരവസ്ഥ രണ്ടാം മസീഹിലും സംജാതമായി.

മറ്റൊരുതരത്തിൽ വിശേഷിപ്പിക്കുകയാണെങ്കിൽ പരമപരിശുദ്ധവും കളങ്കത്തിന്റെ ലാഞ്ചനപോലുമില്ലാത്തതുമായ മർയമിന്റെ പൂർവ്വാസ്ഥക്ക് തത്തുല്യമായ ഒരവസ്ഥ വാഗ്ദത്ത മസീഹിലും ഉണ്ടായിരുന്നു. മസീഹുവാദത്തിന്റെ മുമ്പേയുള്ള ആ മഹാത്മാവിന്റെ ജീവിതം പരമപരിശുദ്ധമായിരുന്നുവെന്ന് സാക്ഷീകരിക്കപ്പെട്ടിരിക്കുന്നു. ഈസാമസീഹിനെപ്പോലെത്തന്നെ തന്നിലും പരിശുദ്ധാത്മാവു ഇറങ്ങിയിരുന്നുവെ ന്നും ദൈവികവെളിപാടുകളുടെ ഒരു ഘോഷയാത്ര തന്നെ തനിക്ക് ഉണ്ടായിരുന്നുവെന്നും അദ്ദേഹം വാദിച്ചിരുന്നു. ഈസാമസീഹിനെപ്പോലെ വാഗ്ദത്ത മസീഹും സത്യത്തിന്റെയും സഹനതയുടെയും പരിശുദ്ധിയുടെയും മൂർത്തീമദ്ഭാവമായിരുന്നു.

ഇക്കാലത്തെ ഉലമാക്കൾ നിർഭാഗ്യവശാൽ വിശുദ്ധ ഖുർആനോടു മുഖം തിരിഞ്ഞിരിക്കുന്നതായാണ് കാണപ്പെടുന്നത്. ആ മഹൽ ഗ്രന്ഥത്തിന്റെ അടിസ്ഥാനാശയങ്ങളെ സംബന്ധിച്ച് അഗാധതലത്തിൽ പരിചിന്തനം ചെയ്യാതെ കേവലം ഉപരിപ്ലവമായ ഒരു നിലപാടാണ് അവർ സ്വീകരിക്കാറുള്ളത്. ആ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്ന മഹിമാവിലാസങ്ങളെ സംബന്ധിച്ച് അവർ തികച്ചും അജ്ഞരാണ്. എങ്കിലും ഖുർആനിൽ നിന്നും തിരുസുന്നത്തിൽ നിന്നും ദൈവിക സഹായത്താൽ ജ്ഞാനം നേടിയിരുന്ന ആദ്യകാല ഇസ്‌ലാമിക പണ്ഡിതന്മാർ മേലുദ്ധരിച്ച രീതിയിലുള്ള ഖുർആനിക സത്യങ്ങൾ ഗ്രഹിച്ചിരുന്നു. അത്തരത്തിലുള്ള ഒരു മഹൽ വ്യക്തിയാണ് സലാഹുദ്ദീൻ സുഹ്റവർദി. അദ്ദേഹം എഴുതുന്നു:

*(ശേഷം 35 – ൽ)*

ലേഖനം

പി.എ. മുഹമ്മദ് സലീം
കൊടുങ്ങല്ലൂർ

മുബാഹലയുടെ ദൃഷ്ടാന്തം 'പ്രബോധന'ത്തിനുള്ള മറുപടി - 9

# കളവിനെ ഉപാസിക്കുന്നവർ

**കളവ് പറയൽ അനുവദനീയം മാത്രമല്ല ചിലപ്പോൾ നിർബന്ധം കൂടിയാണെന്ന് പറഞ്ഞ മൗലാനാ മൗദൂദിയുടെ ശിഷ്യഗണങ്ങൾ ഈയ്യിടെ എഴുതിക്കൂട്ടിയ കളവുകളെപ്പറ്റി ലേഖകൻ വിവരിക്കുന്നു.**

"മുബാഹലക്കുശേഷം ഒരാൾ പോലും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലേ ചേർന്നിട്ടില്ലെന്ന്" അഭിമാനപൂർവ്വം നുണ എഴുതിവിട്ട പ്രബോധത്തിന്, മറുപടിയായി അതിന്റെ ചീഫ് എഡിറ്ററായ ജ: കെ.എ. സിദ്ദീഖ് ഹസൻ സാഹിബിന്, മുബാഹലക്കുശേഷം അഹ്മദിയ്യാ മുസ് ലിം ജമാഅത്തിൽ പ്രവേശിച്ച ഞാൻ, അയച്ച കത്തുകൾ തുടർച്ചയായി സത്യദൂതനിലൂടെ പ്രസിദ്ധീകരിച്ച് വരുന്നുണ്ട്. സത്യദൂതൻ, പ്രബോധനത്തിന്റെ ഓഫീസിലേക്കും അയക്കുന്നുണ്ട്. എന്നാൽ എന്റെ ലേഖനത്തിന് ഇത് വരെ പ്രബോധനം പ്രതികരിച്ചു കണ്ടില്ല. സിദ്ദീഖ് ഹസൻ സാഹിബ് എനിക്കയച്ച കത്തിന്റെ കോപ്പി ഫയലിൽ ഉണ്ടാകുമല്ലോ? അത് എന്തുകൊണ്ട് പ്രബോധനത്തിൽ പ്രസിദ്ധീകരിക്കുന്നില്ല? അവസാനമായി ഞാൻ അദ്ദേഹത്തിന് കത്തയച്ചത് 1997-ൽ ആയിരുന്നു. എന്നാൽ അദ്ദേഹം എന്റെ പ്രമാണപരമായ കത്തുകൾക്ക് ഇതുവരെ മറുപടി എഴുതാൻ തയ്യാറായിട്ടുമില്ല. അങ്ങനെയിരിക്കെയാണ് അദ്ദേഹം ചീഫ് എഡിറ്ററായ 'പ്രബോധന'ത്തിൽ പ്രസ്തുത കളവ് എഴുതിയത്. എന്നാൽ ചീഫ് എഡിറ്ററുമായി നടന്ന ഈ കത്തിടപാടുകൾ പക്ഷേ, പ്രബോധനത്തിന്റെ ഇപ്പോഴത്തെ എഡിറ്ററും, പരിവാരങ്ങളും അറിഞ്ഞിട്ടില്ലെന്ന് തോന്നുന്നു. അതുകൊണ്ടായിരിക്കണം, പിന്നീടുള്ള ലക്കങ്ങളിൽ നിന്ന് ചീഫ് എഡിറ്ററായ ജനാബ് സിദ്ദീഖ് ഹസൻ സാഹിബിന്റെ പേര് നീക്കം ചെയ്തതും 'അങ്ങനെ പ്രബോധനത്തിന് ചീഫ് എഡിറ്റർ ഇല്ലാതെയായതും. പ്രബോധനം എഴുതിവിട്ട നുണ' നുണയാണെന്ന് വ്യക്തമായിട്ടും തിരുത്താൻ ഇതുവരെ അവർ തയ്യാറായിട്ടുമില്ല. ആശയപരമായി അഹ് മദിയ്യാ മുസ്‌ലിം ജമാഅത്തിനോട് നേരിടാൻ കഴിയാത്തത്, ജമാഅത്തെ ഇസ്‌ലാമിക്ക് അതിനുള്ള പ്രമാണപരമായ തെളിവില്ല എന്നത് തന്നെയാണ്. അഥവാ തെളിവുണ്ടെങ്കിൽ, ഞാൻ സമർപ്പിച്ച വിശുദ്ധ ഖുർആനിലേയും, ഹദീസുകളിലേയും, മറ്റു പ്രാമാണിക ഉദ്ധരണികളേയും ഖണ്ഡിക്കാൻ സിദ്ദീഖ് ഹസൻ സാഹിബ് തയ്യാറാകേണ്ടതായിരുന്നു. അതിന് പകരം കത്തിടപാട് ഏകപക്ഷീയമായി അവസാനിപ്പിക്കുകയായിരുന്നു. എന്നു മാത്രമല്ല, വളരെ വ്യക്തമായി ഞാനയച്ച കത്തുകൾ ക്ക്, പ്രമാണങ്ങളുദ്ധരിച്ച് ഖണ്ഡിക്കാൻ പോലും അദ്ദേഹം തയ്യാറായിട്ടില്ല എന്നതും അത്ഭുതാവഹമായിരിക്കുന്നു. വ്യക്തമായ പ്രമാണങ്ങളുടെ മുമ്പിൽ ജമാഅത്തെ ഇസ്‌ലാമിയാകുന്ന ചീട്ടു കൊട്ടാരം തകരുന്ന കാഴ്ചയല്ലാതെ മറ്റെന്താണ് ഇതിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്നത്? ഇതു തന്നെയല്ലേ മുബാഹലയുടെ ദൃഷ്ടാന്തവും? അഹ്മദിയ്യാ ജമാഅത്തിനെ നേരിടാൻ ജമാഅത്തെ ഇസ്‌ലാമിയുടെ കൈയിൽ പ്രമാണപരമായ തെളിവുകൾ ഉണ്ടായിരുന്നുവെങ്കിൽ വീണ്ടും വീണ്ടും നുണകൾ പറയേണ്ടിവരുന്ന ഒരു ഗതികേട് അവർക്ക് വരുമായിരുന്നില്ല. നിർബ്ബന്ധിതാവസ്ഥയിൽ ജമാഅത്തെ ഇസ്‌ലാമി പറഞ്ഞുവിട്ട നുണകൾ താഴെ കുറിക്കുന്നു.:

1. * "1800കളിൽ ബ്രിട്ടീഷുകാർക്കെ

തിരായ സമരത്തിൽ മുസ്‌ലിംകൾ സജീവമായി പങ്കെടുക്കാനാരംഭിച്ചപ്പോൾ"

2. "അവരെ പിന്തിരിപ്പിക്കാനും ഭിന്നിപ്പിക്കാനും ബ്രിട്ടീഷുകാർ രൂപപ്പെടുത്തിയ തന്ത്രമായിരുന്നു അവർക്കിടയിൽ നിന്ന് പുതിയ പ്രവാചകനെ സൃഷ്ടിക്കുകയെന്നത്."

3. "ബ്രിട്ടീഷുകാരുടെ സമ്പൂർണ്ണ പിന്തുണയോടെ ലോകത്ത് പലയിടത്തും ഖാദിയാനീ കേന്ദ്രങ്ങൾ സ്ഥാപിച്ചു."

4. വിരലിലെണ്ണാവുന്ന അനുയായികളേ ഉള്ളൂ.

5. "ജൂത നിഗൂഢ സംഘങ്ങളുടെ അതേ രീതിയാണ് ഇവരും പിന്തുടരുന്നത്."

6. "മുസ്‌ലിം വിരുദ്ധ പ്രചാരണ പദ്ധതികൾക്ക് പിന്നിലും ഇവരുടെ കരങ്ങൾ ഒളിഞ്ഞു പ്രവർത്തിക്കുന്നുണ്ട്."

7. "അവരുടെ വാദങ്ങളുടെ പ്രചാരണവാഹകരായി ലീഗ് നേതൃത്വത്തിൽ ഒരു വിഭാഗം മാറിയിരിക്കുകയാണ്."

8. "ഖാദിയാനിസത്തിന്റെ സാമ്രാജ്യത്വബന്ധങ്ങളും നിഗൂഢപദ്ധതികളും വെളിച്ചത്ത് കൊണ്ടുവന്നതിനാൽ."

9. "ഇ. അഹ്മദ് സാഹിബിന്റെ ഭൂരിപക്ഷം വർദ്ധിപ്പിക്കാൻ അഹ്മദിയാക്കൾ അരയും തലയും മുറുക്കി രംഗത്തിറങ്ങി."

10. "അഹ്മദിയ്യാ ജമാഅത്തും നദ്‌വത്തുൽ മുജാഹിദീനിലെ ചിലരും ചേർന്ന് ജമാഅത്തെ ഇസ്‌ലാമിയെ നിരോധിക്കണമെന്നാവശ്യപ്പെട്ട് കേരള ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്."

* സി. ദാവൂദ് എന്ന ജമാഅത്തെ ഇസ്‌ലാമി വക്താവ് ആധികാരികമായി മാധ്യമം പത്രത്തിൽ 22-2-2010-ൽ എഴുതിയ നുണകളാണ് മുകളിൽ എഴുതിയത്.

11. "ബ്രിട്ടീഷുകാർ മുസ്‌ലിംകളെ തങ്ങൾക്കെതിരായ സമരത്തിൽ നിന്ന് പിന്തിരിപ്പിക്കാനായി ഒരു പ്രവാചകനെ നിയോഗിച്ചു. മിർസാ ഗുലാം അഹ്മദ് എന്നായിരുന്നു അദ്ദേഹത്തിന്റെ പേര്."

- ശൈഖ് മുഹമ്മദ് കാരക്കുന്ന്
അസി. അമീർ ജമാഅത്തെ ഇസ്‌ലാമി
കേരള ശബ്ദം - 14-3-2010

12. "ആൾമാറാട്ടം നടത്തുക, വ്യാജ കറൻസിയിറക്കുക തുടങ്ങിയത് പോലുള്ള കബളിക്കൽ തന്ത്രം ഖാദിയാനികൾ പലമാർഗ്ഗേണ നടത്തിയപ്പോൾ അതിന് തടയിടാനാണ് മുസ്‌ലിം ലോകം ശ്രമിച്ചത്."

- പി.പി. അബ്ദുറഹ്മാൻ പെരിങ്ങാടി
കേരള ശബ്ദം - 28-3-2010

13. "ഖാദിയാനികളുടെ നിഗൂഢലക്ഷ്യങ്ങളെയെല്ലാം പുറത്ത് കൊണ്ടുവരുന്നതിൽ പ്രധാന പങ്ക് വഹിച്ച തൂലിക മൗദൂദിയുടേതായിരുന്നു."

14. "പാകിസ്താൻ സ്ഥാപകരായ മുസ്‌ലിം ലീഗ് നേതാക്കളെ സ്വാധീനിച്ച് രാജ്യത്തിന്റെ മർമസ്ഥാനങ്ങളിലെല്ലാം കയറിപ്പറ്റി രാജ്യത്തെ തന്നെ സാമ്രാജ്യത്വശക്തികൾക്ക് ഒറ്റുകൊടുക്കാൻ ശ്രമിച്ചവരായിരുന്നു പാക്കിസ്താനിലെ ഖാദിയാനികൾ."

15. "ഇസ്രായേലിനെപ്പോലെ ഇസ്‌ലാമിനും മുസ്‌ലിം രാജ്യങ്ങൾക്കുമെതിരെ സാമ്രാജ്യത്വത്തിന് ഉപയോഗിക്കാൻ പാകത്തിൽ പാകിസ്താനെ രൂപപ്പെടുത്തുകയായിരുന്നു ഖാദിയാനികളുടെ ലക്ഷ്യം."

16. "സൈദ്ധാന്തികമായ ഇടപെടലിലൂടെ ഈ ഗൂഢാലോചനയെ പൊളിച്ചത് മൗദൂദിയാണ്."

17. "ഈ ഗൂഢാലോചനകൾക്കെതിരെയായിരുന്നു അമ്പതുകളിൽ പാകിസ്താനിൽ നടന്ന ഖാദിയാനീ വിരുദ്ധ പ്രക്ഷോഭം."

- കെ.ടി. ഹുസൈൻ
പ്രബോധനം 13-3-2010

ജമാഅത്തെ ഇസ്‌ലാമി പണ്ഡിതർ എഴുതിവിട്ട നുണകളിൽ ചിലത് മാത്രമാണ് ഞാൻ മുകളിൽ ഉദ്ധരിച്ചത്.

അവർ എഴുതിവിട്ടത് സത്യമായ പ്രസ്താവനകൾ ആണെങ്കിൽ, വിശുദ്ധ ഖുർആനിലെ

"ഹാതൂ ബുർഹാനകും ഇൻ കുൻതും സ്വാദിഖീൻ"

"നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതിന്) നിങ്ങൾക്ക് കിട്ടിയ തെളിവ് കൊണ്ടുവരൂ." (2:111) (27:64)

എന്ന കൽപനയനുസരിച്ച് വ്യക്തമായ തെളിവുകൾ സമർപ്പിക്കേണ്ടത് അവരുടെ ബാദ്ധ്യതയാണ്.

1. 1800കളിൽ ബ്രിട്ടീഷുകാർക്കെതിരിൽ മുസ്‌ലിംകൾ സജീവമായി സമരം നയിച്ചതിനുള്ള തെളിവ് നൽകുക.

2. സമരത്തിൽ നിന്ന് മുസ്‌ലിംകളെ പിന്തിരിപ്പിക്കാനും ഭിന്നിപ്പിക്കാനും ബ്രിട്ടീഷുകാർ മെനഞ്ഞ തന്ത്രത്തിന്റെയും പുതിയ പ്രവാചകനെ സൃഷ്ടിച്ചതിന്റെയും രേഖ സമർപ്പിക്കുക.

3. ലോകത്ത് ബ്രിട്ടീഷുകാരുടെ സമ്പൂർണ്ണ പിന്തുണയോടെ ഏതൊക്കെ സ്ഥലത്താണ് ഖാദിയാനീ കേന്ദ്രങ്ങൾ സ്ഥാപിച്ചതെന്നും, അതിന്റെ തെളിവും സമർപ്പിക്കുക.

4. ഖാദിയാനികളെ വിരലിലെണ്ണിക്കണക്കാക്കി തെളിവ് നൽകുക. അഥവാ ഇത്ര അംഗങ്ങൾ മാത്രമേ ഉള്ളൂവെന്ന് തെളിവ് നൽകുക.

5. ജൂത നിഗൂഢ സംഘങ്ങളുടെ അതേ രീതിയാണ് അഹ്മദിയ്യാക്കൾ അവലംബിക്കുന്നതെന്നതിന് രേഖ സമർപ്പിക്കുക.

6. അഹ്മദികൾ മുസ്‌ലിം വിരുദ്ധ പ്രചാരണ പദ്ധതികൾ നടത്തുന്നുവെന്ന് തെളിവ് നൽകുക.

7. ലീഗ് നേതൃത്വത്തിലെ ആരൊക്കെയാണ് അഹ്മദിയ്യാ വാദങ്ങളുടെ പ്രചാരണവാഹകരായി മാറിയിട്ടുള്ളത്? വ്യക്തമായ തെളിവ് നൽകുക.

8. ഖാദിയാനിസത്തിന്റെ വെളിച്ചത്ത് കൊണ്ടുവന്ന സാമ്രാജ്യത്വ ബന്ധങ്ങളും നിഗൂഢപദ്ധതികളും എന്താണെന്ന് തെളിവ് സഹിതം വ്യക്തമാക്കുക.

9. ഇ. അഹ്മദ് സാഹിബിന്റെ ഭൂരിപക്ഷം വർദ്ധിപ്പിക്കാൻ അഹ്മദിയാക്കൾ അരയും തലയും മുറുക്കി രംഗത്തിറങ്ങിയതിനു തെളിവ് സമർപ്പിക്കുക.

10. അഹ്മദിയ്യാ ജമാഅത്ത്, ജമാഅത്തെ ഇസ് ലാമിയെ നിരോധിക്കാൻ ഹൈക്കോടതിയിൽ ഹർജി നൽകിയതിന് വ്യക്തമായ തെളിവ് നൽകുക.

11. ബ്രിട്ടീഷുകാർ മുസ്‌ലിംകളെ തങ്ങൾക്കെതിരായ സമരത്തിൽ നിന്ന് പിന്തിരിപ്പിക്കാനായി ഒരു പ്രവാചകനെ നിയോഗിച്ചതിനും, അത് മിർസാ ഗുലാം അഹ്മദ് ആയിരുന്നുവെന്നതിനും ശൈഖ് മുഹമ്മദ് കാരക്കുന്ന് പ്രത്യേകം തെളിവ് സമർപ്പിക്കുക.

12. അഹ്മദിയാക്കൾ - ആൾമാറാട്ടം നടത്തിയതിന്, വ്യാജകറൻസികൾ ഇറക്കിയതിനും, കബളിപ്പിച്ചതിനും വ്യക്തമായ തെളിവ് നൽകുക. അതിന് തടയിടാനാണ് മുസ് ലിംകൾ അഹ്മദിയ്യാക്കൾക്കെതിരെ തിരിഞ്ഞതെന്നും - തെളിവ് സഹിതം വ്യക്തമാക്കുക.

13. ഖാദിയാനികളുടെ നിഗൂഢ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നെന്നും, അത് മൗദൂദി പുറത്ത് കൊണ്ടുവന്നതിന്റെ രേഖകളും സമർപ്പിക്കുക.

14. പാകിസ്താനിലെ മുസ്‌ലിം ലീഗ് നേതാക്കളെ അഹ്മദിയ്യാക്കൾ സ്വാധീനിച്ചതിന്റെ രേഖ സമർപ്പിക്കുക.

* രാജ്യത്തിന്റെ മർമ്മസ്ഥാനങ്ങളിൽ പാക്കിസ്താനിലെ അഹ്മദികൾ കയറിപ്പറ്റിയതിന്റെ രേഖ സമർപ്പിക്കുക.

* രാജ്യത്തെ സാമ്രാജ്യത്വശക്തികൾക്ക് ഒറ്റുകൊടുക്കാൻ പാകിസ്താനിലെ അഹ്മദികൾ ശ്രമിച്ചതിന്റെ രേഖകൾ സമർപ്പിക്കുക.

15. ഇസ്രായേലിനെ പോലെ ഇസ്‌ലാമിനും മുസ്‌ലിം രാജ്യങ്ങൾക്കുമെതിരെ സാമ്രാജ്യത്വത്തിന് ഉപയോഗിക്കാൻ പാകത്തിൽ പാകിസ്താനെ രൂപപ്പെടുത്തുകയായിരുന്നു ഖാദിയാനികളുടെ ലക്ഷ്യമെന്ന് ആര് പറഞ്ഞു? വ്യക്തമായ തെളിവ് സമർപ്പിക്കുക.

16. അഹ്മദിയ്യാക്കളുടെ ഗൂഢാലോചനയെ പൊളിച്ച മൗദൂദിയുടെ സൈദ്ധാന്തിക ഇടപെടലിന്റെ വ്യക്തമായ തെളിവ് സമർപ്പിക്കുക.

17. അമ്പതുകളിലെ ഖാദിയാനീ വിരുദ്ധ പ്രക്ഷോഭത്തിന്റെ കാരണങ്ങളുടെ തെളിവ് സമർപ്പിക്കുക.

ജമാഅത്തെ ഇസ്‌ലാമിയുടെ ആധികാരിക വക്താക്കളായ ശൈഖ് മുഹമ്മദ് കാരക്കുന്ന്, കെ.ടി. ഹുസൈൻ, സി. ദാവൂദ്, പി.പി. അബ്ദുറഹ്മാൻ പെരിങ്ങാടി എന്നിവർ എഴുതിവിട്ട പ്രസ്താവനകളുടെ തെളിവുകളാണ് വിശുദ്ധ ഖുർആനിന്റെ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഞങ്ങൾ ആവശ്യപ്പെടുന്നത്. നിങ്ങളുടെ പ്രബോധനത്തിലോ, മാധ്യമത്തിലോ പ്രസ്തുത തെളിവുകൾ വ്യക്തമാക്കുവാനപേക്ഷിക്കുന്നു. ജനങ്ങൾ വിലയിരുത്തട്ടെ. എന്നാൽ, കളവിന് എവിടെ നിന്നാണ് തെളിവന്വേഷിക്കുക? ഒരു കളവ് പറഞ്ഞാൽ അത് ന്യായീകരിക്കാൻ കളവിന്റെ മേൽ കളവ് പറയുകയെന്ന് 'കളവിന്റെ തത്ത്വശാസ്ത്രം' അക്ഷരാർത്ഥത്തിൽ പ്രയോഗവൽക്കരിച്ചുകൊണ്ടിരിക്കുന്ന ജമാഅത്തെ ഇസ്‌ലാമി പണ്ഡിതന്മാർക്ക് പക്ഷേ, ഇതൊരു വിഷയമല്ലെന്ന് ഞങ്ങൾക്കറിയാം. കാരണം കളവ് പറയാൻ 'നവോത്ഥാന നായകന്റെ' സർട്ടിഫിക്കറ്റുണ്ടല്ലോ?

*"ചില ആവശ്യഘട്ടങ്ങളിൽ കളവു പറയുന്നതിന് അനുമതിയുണ്ടെന്ന് മാത്രമല്ല, ചില സാഹചര്യങ്ങളിൽ അത് നിർബന്ധം കൂടിയാണെന്നു പോലും ഫ്തവ ചെയ്യപ്പെട്ടിരിക്കുന്നു."*

- മൗലാനാ മൗദൂദി

തർജ്ജുമാനുൽ ഖുർആൻ

1958 മേയ് ലക്കം

ആര് 'ഫത്വ' ചെയ്തിരിക്കുന്നു? കളവ് പറയുന്നത് നിർബ്ബന്ധമാണെന്ന് പഠിപ്പിക്കുന്ന ഉസ്താദിന്റെ ശിഷ്യന്മാർ കളവ് പറയുന്നതിൽ ഹരം കണ്ടെത്തിയെങ്കിൽ, അതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ അല്ലാഹുവും നബി തിരുമേനി (സ)യും മുഅ്മിനീങ്ങൾക്ക് നൽകിയ ഫത്വ അതല്ല.

അല്ലാഹു പറയുന്നു:

"ലഅനത്തുല്ലാഹി അലൽ കാദിബീൻ"

കള്ളം പറയുന്നവരുടെ മേൽ

അല്ലാഹുവിന്റെ ശാപമുണ്ടാവട്ടെ. (3:61)

"വജ്തനിബൂ ഖൗല സൂർ"

"കളവായ, വ്യാജമായ വാക്കുകളെ വലിച്ചെറിയുവിൻ." (22:30)

നബി തിരുമേനി(സ) അരുളിയിരിക്കുന്നു.

"നിങ്ങൾ സത്യം മാത്രം പറയുവിൻ; അതെത്ര കയ്പേറിയതാണെങ്കിലും." - ഹദീസ്

ചുട്ടുപൊള്ളുന്ന മണലാരണ്യത്തിലേക്ക് വലിച്ചിഴച്ച്, അതിൽ കിടത്തി, നെഞ്ചിൽ കല്ല് കയറ്റിവെച്ച് ആർത്തട്ടഹസിച്ച് ചാട്ടവാറുകൊണ്ട് അടിച്ചടിച്ച് ക്രൂരമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുമ്പോഴും അഹദ്.... അഹദ്... എന്ന തൗഹീദിന്റെ മന്ത്രധ്വനി മുഴക്കിയ ഹദ്റത്ത് ബിലാൽ (റ) കളവ് പറഞ്ഞ് പീഡനങ്ങളിൽ നിന്നും രക്ഷപ്പെടാതിരുന്നത്, അല്ലാഹുവിന്റേയും റസൂൽ തിരുമേനി(സ)യുടേയും 'ഫത്വ' സ്വീകരിച്ചത് കൊണ്ടായിരുന്നു. അല്ലാതെ നുണ പറയാനുള്ള സാഹചര്യം ഇല്ലാതിരുന്നിട്ടല്ല. കളവ് പറയുന്ന ഓരോരുത്തർക്കും അവരുടേതായ സാഹചര്യം ഉണ്ടാകുമെന്ന കാര്യം ആർ ക്കാണ് അറിയാൻ പാടില്ലാത്തത്? ഏത് സാഹചര്യത്തിലും കളവ് പറയാതിരിക്കുന്നതിലാണ് ഒരു സത്യവിശ്വാസിയുടെ വിശ്വാസത്തിന്റെ സൗന്ദര്യം നിലകൊള്ളുന്നത്. ഇവിടെയാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റേയും ജമാഅത്തെ ഇസ് ലാമിയുടേയും വ്യത്യാസം കൃത്യമായി മനസ്സിലാക്കാൻ കഴിയുന്നത്. 121

വർഷത്തെ അഹ്മദിയ്യാ മുസ് ലിം ജമാഅത്തിന്റെ ചരിത്രത്തിൽ, കളവ് പറഞ്ഞതായി തെളിയിക്കുവാൻ സാധിക്കുമെങ്കിൽ തെളിയിക്കുക. എന്നാൽ 'ഹുകൂമത്തെ ഇലാഹി'ക്കു വേണ്ടി രൂപം കൊണ്ട ജമാഅത്തെ ഇസ്‌ലാമിക്കു സ്വന്തം നിലനിൽപിനുവേണ്ടി കളവുകൾ ആവർത്തിച്ചു പറയേണ്ടി വന്നിരിക്കുന്നു എന്ന് അവർ തന്നെ എഴുതിയ മേൽ പ്രസ്താവനകൾ സാക്ഷ്യം വഹിക്കുന്നു. അവർ പറഞ്ഞിരിക്കുന്നത് സത്യമാണെങ്കിൽ, "ഹാതൂ ബുർഹാനക്കും" തെളിവ് കൊണ്ടു വരട്ടെ എന്ന ഖുർആനിക കൽപന പാലിക്കട്ടെ! 'ജമാഅത്തെ ഇസ് ലാമി'ക്കാർ കളവ് പറഞ്ഞുകൊണ്ടിരിക്കുന്നു എന്ന് സ്ഥാപിക്കപ്പെടുന്നത് തന്നെ, മുബാഹലയുടെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ്. ■

(തുടരും)

---

*(31-ൽ നിന്ന് തുടർച്ച)*

*'യഥാർത്ഥ ഗുരുവിന്റെ ഭാഗം തന്നെയാണ് യഥാർത്ഥ ശിഷ്യൻ. ഒരു പിതാവിന്റെ ഭൗതികസന്താനമാണ് മകൻ എന്നത് പോലെ ശിഷ്യൻ ആലങ്കാരികാർത്ഥത്തിലും ഉപമാരൂപത്തിലും ഗുരുവിൽ നിന്ന് ഉത്ഭൂതമായതാണ്. രണ്ടു ജനനങ്ങളിലൂടെയല്ലാതെ യാതൊരാളും ദൈവികസാമ്രാജ്യത്തിൽ പ്രവേശിക്കയില്ല എന്ന് യേശു പറഞ്ഞതിന്റെ പൊരുളും ഇതുതന്നെയാണ്. ഒന്നാമത്തെത് ഭൗതികലോകത്തെ സംബന്ധിച്ചും മറ്റെത് ആദ്ധ്യാത്മിക ലോകത്തെ സംബന്ധിച്ചുമാണ്.* (അവാരിഫുൽ മആരിഫ്)

സലാഹുദ്ദീൻ സുഹ്‌ർവർദിയുടെ വാക്കുകൾ ഗഹനവും ഖുർആനിക ജ്ഞാനനിർഭരവുമാണെന്നതിൽ സംശയമില്ല. ഓരോ മനുഷ്യനും ഒരു ആത്മീയ ജനനമുണ്ട്. ഇത്തരം ഒരാത്മീയ ജനനം വിശുദ്ധവും കളങ്കരഹിതവുമായ മർയമീസിഫത്തിൽ നിന്നുള്ള ഒരു ജനനമത്രെ! ഇപ്രകാരമുള്ള ഉപമാരൂപത്തിലുള്ള ഒരു ജനനത്തെ ഇബ്നു മർയം എന്നു പറയാവുന്നതാണ്.

അവസാനകാലത്ത് തന്റെ ഉമ്മത്തിനു സംഭവിക്കാനിരിക്കുന്ന വമ്പിച്ച പതനാവസ്ഥയെ സംബന്ധിച്ച് നബി നായകർ (സ) പ്രവചിച്ചിട്ടുണ്ട്. ആ കാലഘട്ടത്തിലെ ജനങ്ങൾ ഈസാനബിയുടെ കാലഘട്ടത്തിലെ യഹൂദികൾക്ക് സമന്മാരായിരിക്കും എന്നു പറയപ്പെട്ടിരിക്കുന്നു. ഒരു ജോടി ചെരുപ്പുകൾക്കുള്ള സാമ്യത ഇരുകാലഘട്ടങ്ങളിലെയും ജനങ്ങൾ തമ്മിലുണ്ട്. അന്നുണ്ടായിരുന്ന യഹൂദികൾക്ക് ഒരു മറിയമീസിഫത്തിൽ നിന്നുള്ള ഒരു ഇബ്നു മർയം അനിവാര്യമായിരുന്നു. അപ്പോലെതന്നെ മുൻകാലത്തെ യഹൂദികൾക്ക് സമന്മാരായി താരതമ്യം ചെയ്യപ്പെട്ടിരിക്കുന്ന ഇന്നത്തെ ജനങ്ങൾക്കും ഒരു മർയമീസിഫത്തിൽ നിന്നുള്ള ഇബ്നുമർയമിന്റെ അനിവാര്യതയുണ്ട്.

ഒട്ടുമിക്ക പ്രവചനങ്ങളും അതിന്റെ പുലർച്ചകളും ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ഒരു പരീക്ഷണമാണ്. പ്രവചനത്തിന്റെ അക്ഷരാർത്ഥത്തിൽ മാത്രം കയറിപ്പിടിക്കുന്നവർക്ക് അത് മനസ്സിലാക്കാൻ പ്രയാസം അനുഭവപ്പെടും. എങ്കിലും അകക്കണ്ണ് കൊണ്ടു അല്പമൊന്ന് കാണാൻ ശ്രമിച്ചാൽ ദൈവസഹായത്താൽ വളരെ വ്യക്തമായ രീതിയിൽ കാര്യങ്ങൾ ഗ്രഹിക്കാൻ സാധിക്കുന്നതാണ്. ■

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 20**

ഏ.ക്യു മഹ്ദി

# മനുഷ്യക്ലോണിങ്ങിനെപ്പറ്റി പരിശുദ്ധ ഖുർആൻ

## കോടാനുകോടി കൊല്ലങ്ങളിലൂടെ പ്രകൃതി വളർത്തിയെടുത്ത ജീവികളിലെ ലൈംഗിക പ്രത്യുൽപാദനരീതി ക്ലോണിങ്ങിലൂടെ തകിടം മറിക്കുന്നത് ആശാസ്യകരമല്ല

**കോ**ടാനുകോടി വർഷങ്ങളിലെ പരിണാമപ്രക്രിയയിലൂടെ ദൈവം വിവേകപൂർവം വളർത്തിയെടുക്കുന്ന ലൈംഗിക പ്രത്യുൽപ്പാദന രീതി തകിടം മറിക്കാനാണ് ക്ലോണിങ്ങിലൂടെ ഒരു പറ്റം ശാസ്ത്രജ്ഞന്മാർ ശ്രമിക്കുന്നത്. ദൈവത്തിന്റെ സൃഷ്ടികളെ ചെവികീറി വികൃതമാക്കാൻ, പൈശാചിക പ്രേരണയാൽ മുമ്പേയും മനുഷ്യൻ ശ്രമിച്ചിരുന്നു എന്ന കാര്യവും താഴെ പറയുന്ന വാക്യങ്ങളിലൂടെ ഖുർആൻ സൂചിപ്പിക്കുന്നു. ജനിതക ദുരന്തമായിരിക്കും ആത്യന്തികമായി ഈ ക്ലോണിങ്ങ് പ്രക്രിയയുടെ അനന്തരഫലമെന്നു മനസ്സിലാക്കാം.

ഖുർആൻ വാക്യം ഇതാ:

'തീർച്ചയായും ഞാൻ (പിശാച്) അവരെ വഴിതെറ്റിക്കുകയും അവർക്കു വ്യാമോഹങ്ങൾ നൽകുകയും അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്. അപ്പോൾ അവൻ കന്നുകാലികളുടെ കാതുകൾ കീറും. പിന്നെയും ഞാൻ അവരെ പ്രേരിപ്പിക്കുകയും അപ്പോൾ അല്ലാഹുവിന്റെ സൃഷ്ടികളെ അവർ വികൃതമാക്കുകയും ചെയ്യും. ഏതൊരാൾ പിശാചിനെ മിത്രമായി സ്വീകരിക്കുന്നുവോ അവൻ സ്പഷ്ടമായ നഷ്ടത്തിലായിക്കഴിഞ്ഞു.'

യൂറോപ്പിലെ ഒരു ക്രിസ്ത്യൻ പബ്ലിക് സ്കൂളിലെ അദ്ധ്യാപകനായിരുന്ന ജോൺ ഗ്രിഗർ മെന്റൽ (John Gregor Mendel) എന്ന പാതിരിയാണ് ഏകദേശം ഒരു നൂറ്റാണ്ടു മുമ്പേ 'ജീൻ' കണ്ടുപിടിച്ചത്. അദ്ദേഹമാണ് ചെടികളിൽ ഗ്രാഫിംഗ് നടത്തി ജീനുകളുടെ സാന്നിദ്ധ്യം ലോകത്തിനു കാട്ടിക്കൊടുത്ത ആദ്യവ്യക്തി.

എന്താണ് ജീൻ....?

ജീവശാസ്ത്രത്തിൽ എല്ലാ ജീവികളുടേയും അടിസ്ഥാനഘടകമാണ് സെൽ അഥവാ കോശം. സ്വതന്ത്രമായി പ്രവർത്തിക്കാൻ ശേഷിയുള്ള ഏതു ജീവനുള്ള വസ്തുവിന്റെയും സൂക്ഷ്മവും ഘടനാപരവുമായ ഏകകമാണിത്. ചിലപ്പോൾ കേവലം ഒരൊറ്റ കോശം തന്നെ ഒരു ജീവിയാകാം, ഉദാഹ



രണം അമീബ.

ഓരോ ജിവിയുടെ കോശത്തിലും നിശ്ചിത എണ്ണം ക്രോമസോമുകൾ ഉണ്ട്. മനുഷ്യശരീരത്തിലെ കോശത്തിൽ 46 ക്രോമസോമുകളാണുള്ളത്. കുരങ്ങുവർഗ്ഗത്തിൽപെട്ട ഒരു ജീവിയിൽ അത് 48 എണ്ണമാണ്. തവളയിലാകട്ടെ ക്രോമസോം 26 ആണ്. ജന്തുക്കളിൽ മാത്രമല്ല വൃക്ഷങ്ങളിലും ക്രോമസോമുകളുണ്ട്. ക്രോമസോമുകളുടെ എണ്ണം എപ്പോഴും ഇരട്ടകളായിട്ടാണു കാണപ്പെടുക.

അല്ലാഹുവിന്റെ സൃഷ്ടിയായ മനുഷ്യശരീരപ്രവർത്തനത്തെ അപഗ്രഥിച്ചാൽ നാം അത്ഭുതസ്തബ്ധരായിപ്പോകും. മനുഷ്യശരീരത്തിൽ 46 ക്രോമസോമുകളുണ്ടെന്നു പറഞ്ഞുവല്ലോ. ഈ ക്രോമസോമിൽ മറ്റൊരു വസ്തു കൂടി അടങ്ങിയിരിക്കുന്നു. അതിന്റെ പേര് ന്യൂക്ലിയോടൈഡ എന്നാണ്. അവയുടെ എണ്ണം കേട്ടാൽ ശരിക്കും നാം അമ്പരന്നുപോകും; ഒട്ടാകെ 39 ലക്ഷം എണ്ണം. എന്നാൽ മനുഷ്യശരീരത്തിലെ കോശങ്ങളുടെ എണ്ണമാകട്ടെ അസംഖ്യമാണ്. സഹസ്രകോടികൾ. കോടാനുകോടി സെല്ലുകൾ മനുഷ്യശരീരത്തിൽ ഉണ്ടെങ്കിലും ശരീരത്തിന്റെ ഓരോ സമയത്തുമുള്ള പ്രവർത്തനങ്ങൾക്കാവശ്യമായ ജീനുകൾ മാത്രമേ ഓരോ കോശത്തിലും പ്രവർത്തനസജ്ജമാകൂ. ഇത് അത്ഭുതകരമായ ഒരു പ്രവൃത്തിവിശേഷമാണെന്ന് ജൈവശാസ്ത്രജ്ഞന്മാർ തന്നെ കരുതുന്നു.

മനുഷ്യശരീരത്തിലെ 46 ക്രോമസോമുകളിൽ പുരുഷന്റെ 23ഉം സ്ത്രീയുടെ 23ഉം ചേർന്നാണ് പുത്രനോ പുത്രിയോ ജനിക്കുന്നത്. ജനിതകമായി നമ്മുടെ മുൻഗാമിയിൽ നിന്നും പലതും ഡി.എൻ.എ. വഴി നമുക്കു ലഭ്യമാവുന്നുണ്ട്. ഉദാഹരണം ഇരട്ടക്കുട്ടികൾ. ഓരോ കോശത്തിൽ നിന്നും വ്യത്യസ്ത ജനനം ഉണ്ടാകുമ്പോൾ ഇരട്ടകൾ പിറക്കുന്നു. ഇരട്ടകൾ എന്നാൽ ഏകദേശം ക്ലോണിങ്ങ് സന്തതികൾ പോലെ എന്നു പറയാം.

ഇരട്ടകൾ ജനിക്കുമ്പോൾ കാഴ്ചയിൽ ഐകരൂപം ഉണ്ടാവാമെങ്കിലും ബാഹ്യപ്രകൃതിയുമായി കൂടിച്ചേരുമ്പോൾ മാത്രമാണ് അവർ തനതായ വ്യക്തികളായി രൂപാന്തരം പ്രാപിക്കുക. ഇരട്ടകളിൽ ഒന്ന് നാട്ടിൽ മാതാപിതാക്കളോടൊപ്പവും, അപരൻ അമേരിക്കയിലും വളരുകയും ജീവിക്കുകയും ചെയ്തുവെന്നു സങ്കൽപിക്കുക; രണ്ടു വ്യക്തിത്വങ്ങളുമായാണ് അവർ രണ്ടുപേരും വളരുക. ഈ വ്യത്യാസം അവരുടെ സ്വഭാവത്തിലും ശാരീരികഭാവങ്ങളിലും രൂപത്തിൽ പോലും പ്രകടമാവും. അമേരിക്കയിൽ വളരുന്ന കുട്ടി അവിടത്തെ പരിതഃസ്ഥിതിയും കാലാവസ്ഥയും സാഹചര്യങ്ങളുമായൊക്കെ ഇണങ്ങിച്ചേർന്ന് നാട്ടിൽ വളരുന്ന കുട്ടിയേക്കാൾ സ്വഭാവത്തിലെന്നല്ല നിറത്തിൽ പോലും വ്യത്യസ്ഥനായിത്തീരുന്നതങ്ങനെയാണ്.

ജീനിനെപ്പറ്റി പറഞ്ഞുവല്ലോ; ജീനിനെ രാസപരമായി കാണാൻ കഴിയില്ല. രാസപരമായെന്നല്ല ബാഹ്യരൂപത്തിൽ പോലും കാണാനാവില്ല. അത്ര സൂക്ഷ്മമാണത്. അല്ലാഹുവിന്റെ സൃഷ്ടിമാഹാത്മ്യത്തിൽ മാത്രം അധിഷ്ഠിതമായ ശക്തി. ജീവശാസ്ത്രജ്ഞന്മാരെ ഈ വിഷയം ചെറുതായൊന്നുമല്ല അത്ഭുതപരതന്ത്രരാക്കിയിട്ടുള്ളത്.

ജീനിനെ ബാഹ്യരൂപത്തിലും രാസപരമായിപ്പോലും കാണാൻ കഴിയില്ലെന്നു സൂചിപ്പിച്ചല്ലോ. എന്നാൽ ജീനിന്റെ പ്രകടമായ ഫലം നമുക്ക് അനുഭവവേദ്യമാണ്. ഉദാഹരണമായി നമ്മിലുണ്ടാകുന്ന തലമുടിക്കുറവ് (കഷണ്ടി) തന്നെയെടുക്കാം. മുടി വളരാനുള്ള ജീൻ അയാളിൽ ഉണ്ടെങ്കിൽ അത് പൂർണ്ണതയുള്ള ജീൻ ആവില്ല.

ഇനി നിറത്തിന്റെ കാര്യത്തിലാണെങ്കിൽ, നല്ല വെളുപ്പുനിറമുള്ള ആൾക്ക്, അയാളുടെ തൊലിയിൽ മെലാനിൽ എന്ന പിഗ്മെന്റ് ഉണ്ടാക്കാനുള്ള ജീനുകൾ കുറവായിരിക്കും. പാശ്ചാത്യരുടെ വെളുപ്പിന്റെ രഹസ്യം (പടിഞ്ഞാറൻ ദേശങ്ങളിൽ മാത്രമല്ല, പല ഏഷ്യൻ രാജ്യങ്ങളിലും ഉണ്ട് ഇത്തരക്കാർ. ഇൻഡ്യയിൽ കാശ്മീരിലെ ജനങ്ങളുടെ നിറം ഉദാഹരണമായി പറയാം.) അവരുടെ വർഗ്ഗപരമായ സവർണ്ണതയോ ഉയർന്ന ഐശ്വര്യമോ മികച്ച സൗന്ദര്യമോ ഒന്നുമല്ല, പ്രത്യുത, ശാരീരികമായ ഒരു വൈകല്യത്തിന്റെ ഫലമായി ഉണ്ടാകുന്ന ഒന്നു മാത്രമാണ്. അവരുടെ തൊലിയിൽ മെലാനിൽ പിഗ്മെൻറ് ഉണ്ടാക്കുന്ന ജീനുകളുടെ അളവ് വളരെ കുറവാണ്. നീഗ്രോകളുടെ തൊലിയിൽ അതു കൂടുതലാവും; അതുകൊണ്ടാണവർ കൂടുതൽ കറുപ്പു നിറമുള്ളവരായി കാണപ്പെടുന്നത്. നമ്മുടെ നാട്ടിലെ വെളുപ്പു നിറം കുറവായ ഭൂരിപക്ഷം പേരും, കറുപ്പും വെളുപ്പും കലർന്ന ഇരു നിറമുള്ളവരായി കാണപ്പെടുന്നത്, അവരിൽ (നമ്മളിൽ) മെലാനിൽ പിഗ്മെന്റിന്റെ അളവ് പാകത്തിനേ ഉള്ളൂവെന്നതിനാലാണ്. അതായത്, ആവശ്യത്തിനുമാത്രം, കൂടുതലുമില്ല കുറവുമില്ല.

ജീനിനു പുറമെ ഡി.എൻ.എ. എന്ന പ്രതിഭാസത്തെക്കുറിച്ചുകൂടി അറിഞ്ഞാൽ, നമുക്ക് ക്ലോണിങ്ങ് വിഷയത്തിലേയ്ക്കു അനായാസം കടക്കാം.

എന്താണ് ഡി.എൻ.എ? ഡി ഓക്സിറി ബോന്യൂക്ലിക് ആസിഡ് (Deoxyribo Nucleic Acid) എന്ന തിന്റെ ചുരുക്കപ്പേരാണിത്. എല്ലാ ജീവകോശങ്ങളിലും, നിരവധി വൈറസുകളിലും കാണപ്പെടുന്ന, ഭൂമിയിലെ ജീവനുള്ള സകല ചരാ ചരങ്ങളുടെ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്ന ഒരു സങ്കീർണ്ണ ജൈവസംയുക്തമാണിത്. ഇത്, മനു ഷ്യരിലും മൃഗങ്ങളിലും വൃക്ഷങ്ങ ളിലും ചെടികളിലുമുണ്ട്. പിതൃ ത്വം നിഷേധിക്കപ്പെടുന്ന നിർഭാഗ്യരായ കുട്ടികളുടെ നിയമപരിരക്ഷയ്ക്കാ യി എത്തിയ ഒരു 'അനുഗ്രഹം' എന്ന നിലയിലാണ് ഈ രാസപരീ ക്ഷണ സമ്പ്രദായത്തെപ്പറ്റി നാം കേട്ടിരിക്കുന്നത്. ആവശ്യമായി വരു മ്പോൾ മനുഷ്യനന്മയ്ക്കായി വെളി പ്പെടുത്തിക്കൊടുക്കുന്ന അല്ലാഹു വിന്റെ അനുഗ്രഹവിശേഷങ്ങളിൽ ഒന്നായി മാത്രം നമുക്കതിനെയും കാണാം.

നാമിതാ വിഷയത്തിലെത്തി ച്ചേർന്നിരിക്കുന്നു. എന്താണ് ക്ലോ ണിങ്ങ്? ഒരൊറ്റ കോശത്തിൽ നി ന്നോ, ജീവിയിൽ നിന്നോ, അലൈം ഗികമായ രീതിയിൽ ഉൽപ്പാദിപ്പിക്ക പ്പെട്ട, ജനിതകപരമായി തുല്യമായ കോശങ്ങളുടെ അല്ലെങ്കിൽ ജീവിക ളുടെ സഞ്ചയത്തെ 'ക്ലോൺ' എന്നു പറയുന്നു. 1996-ൽ ഇയാൻ വിൽമുട്ട് എന്ന ശാസ്ത്രജ്ഞന്റെ നേതൃത്വ ത്തിലുള്ള ബ്രിട്ടീഷ് ഗവേഷകർ, പ്രായപൂർത്തിയായ ഒരു സസ്ത നിയെ ക്ലോൺ ചെയ്യുന്നതിൽ വിജ യം വരിച്ചു. മുൻപേ തന്നെ ചെമ്മ രിയാടിന്റെ ഭ്രൂണത്തിൽ നിന്നും ക്ലോണുകളെ ഉൽപ്പാദിപ്പിച്ച അവർ ക്ക്, ചെമ്മരിയാടിന്റെ ഡി.എൻ.എ. ഉപയോഗിച്ചു ഒരാട്ടിൻകുട്ടിയെ (ഡോളി) ഉത്പാദിപ്പിക്കാൻ കഴി ഞ്ഞു. ക്ലോണിങ്ങിന്റെ പ്രയോഗസാ ദ്ധ്യതകൾ സാമ്പത്തിക നേട്ടം ഉൾക്കൊള്ളുന്നവയാണെങ്കിലും പല നൈതികസമസ്യകളും അതു യർത്തുന്നുവെന്നത് വലിയൊരു പ്രശ്നമായി അവശേഷിച്ചു.

ക്ലോണിങ്ങിന്റെ ആശയം ഉടലെ ടുത്തത്, ജനിതക വൈകല്യമുള്ള വരിൽ നിന്നും ഡി.എൻ.എ.യിലൂടെ ആ കുറവു പരിഹരിച്ച് അടുത്ത കുറ്റമറ്റ ഒരു തലമുറയെ വാർത്തെ ടുക്കാമെന്ന നിലയിലാണ്. പരീക്ഷ ണത്തിന്റെ ആദ്യഘട്ടത്തിൽ തവള യുടേയും എലികളുടേയും സെ ല്ലുകളും ജീനുകളുമാണ് പരീക്ഷ ണവിധേയമാക്കി പുതിയൊരു വംശ ത്തെ രൂപപ്പെടുത്താൻ ശ്രമം നടന്ന ത്. പിന്നീടാണ് മനുഷ്യരിൽ തന്നെ പരീക്ഷിക്കുക എന്ന അത്യന്തം ഗുരുതരവും അപകടകരവുമായ നിലയിലെത്തിയത്.

അഭിലഷണീയമായ ഒരു പ്ര വൃത്തിയാണോ മനുഷ്യക്ലോണി ങ്ങ്? ഒരിക്കലും അല്ല എന്ന് ശാസ്ത്ര ജ്ഞന്മാർപോലും സമ്മതിച്ചുകഴി ഞ്ഞിരിക്കുന്നു. ഇതിന്റെ പരിണത ഫലം അതീവ ഗുരുതരമായിരിക്കു മെന്ന് മുന്നറിയിപ്പ് നൽകപ്പെട്ടിട്ടുണ്ട്. ക്ലോണിങ്ങ് പദ്ധതി വ്യാപകമായി മനുഷ്യരിലും നടപ്പാക്കുന്നു എന്നു സങ്കൽപ്പിക്കുക, അത്തരം ഒരു സന്തതിക്ക് ജനിപ്പിക്കാൻ മാതാപി താക്കളില്ല എന്നോർക്കണം. ഏതെ ങ്കിലും തരത്തിലുള്ള കടപ്പാടുക ളുടെ ധാർമ്മികതയും ക്ലോണിങ്ങ് സന്തതികൾക്കുണ്ടാവുന്നില്ല. കൂടപ്പി റപ്പുകൾ എന്ന മൗലികബന്ധം പോലും ആരോടും പുലർത്തേണ്ടി വരുന്നില്ല. പ്രായപൂർത്തിയെത്തി യാൽ പുരുഷന് ഇണ ചേരാൻ പോലും സ്ത്രീയെ ആവശ്യമില്ല. ഭാര്യാഭർത്താക്കന്മാരോ മാതാപിതാ ക്കളോ ഇല്ലാത്ത അവസ്ഥ. ആരോ ടും കടപ്പാടോ ആരേയും സ്നേഹി ക്കേണ്ട കാര്യമോ ഇല്ല. മൃദുലവികാ രങ്ങൾക്കു പോലും ഒരു സ്ഥാനവു മില്ല. ചുരുക്കിപ്പറഞ്ഞാൽ ജീവൻ നിലനിർത്താൻ വേണ്ടിയല്ലാതെ ഹൃദയം എന്ന ശാരീരികാവയവം പോലും ആവശ്യമില്ലാത്ത സാഹച ര്യം. തുടിക്കുന്ന ഹൃദയത്തിൽ വികാരമോ, കരുണയോ, ഭയമോ ഒന്നും ഉണ്ടാവണമെന്നില്ലല്ലോ.

ഈ അവസ്ഥാന്തരങ്ങളുള്ള ഒരു മനുഷ്യജീവിയെപ്പറ്റി ഒന്നു സങ്കൽപ്പിച്ചു നോക്കൂ. കറതീർന്ന റോബോട്ടുകളെ (യന്ത്രമനുഷ്യൻ) അനുസ്മരിപ്പിക്കുന്ന മനുഷ്യജീവി കളാവാം അവർ. പരസ്പര സ്നേ ഹമോ കടപ്പാടുകളോ മാനുഷികമൂ ല്യങ്ങളോ ഇല്ലാത്ത ആ ജീവികൾ തമ്മിൽ പോരാടുന്നുവെന്നു സങ്കൽ പ്പിക്കുക; അനന്തമായ പോരാട്ടം. അതങ്ങനെ നീളുമ്പോൾ ഈ 'ക്ലോ ണിങ്ങ് മനുഷ്യനെ' സൃഷ്ടിച്ച ശാസ്ത്രജ്ഞൻ പോലും അമ്പരന്നു നിന്നുപോകും. എന്തിന്, പകച്ചു നിൽക്കാനായി ഈ ക്ലോണിങ്ങ് സ്രഷ്ടാവ് ജീവിച്ചിരിക്കണമെന്നു തന്നെയില്ല; തന്റെ 'സന്തതിക്ക്' ഇര യായി അയാൾ ഇതിനകം കൊല്ല പ്പെട്ടിട്ടുണ്ടാവും.

ഇത്, ഈ പ്രക്രിയ, അനന്ത മായി തുടരുന്നുവെന്നു തന്നെ കരു തുക, അതു മനുഷ്യന്റെ വംശനാ ശത്തിനുവരെ കാരണമായേക്കാം.

മിക്ക ലോകരാജ്യങ്ങളും മനു ഷ്യക്ലോണിങ്ങ് നിയമം മൂലം നിരോ ധിച്ചിരിക്കുന്നു. പക്ഷേ, ഈ നിരോ ധനം എത്ര കണ്ട് പ്രായോഗികമാ ണെന്നറിയില്ല. കൃത്യമായി അതു പാലിക്കപ്പെടുന്നുണ്ടോ എന്ന ആശ ങ്കയും നിലവിലുണ്ട്. എവിടെയൊ ക്കൊയോ ഈ പ്രവൃത്തി രഹസ്യ മായി നടക്കുന്നുണ്ടെന്ന അഭ്യൂഹ ങ്ങളുണ്ട്. ഇറ്റലിയിൽ ഇതിനകം ഇത്തരമൊരു ശിശുവിന് ജന്മം

കൊടുത്തുവെന്ന് സ്ഥിരീകരിക്കപ്പെടാത്ത റിപ്പോർട്ടുകളുണ്ട്.

ലേഖനത്തിന്റെ ആദ്യഭാഗത്തെഴുതിയ ഖുർആൻ വാക്യങ്ങളിൽ ചിലത് ഇവിടെ ഒരിക്കൽകൂടി ആവർത്തിക്കട്ടെ.

'തീർച്ചയായും ഞാൻ (പിശാച്) അവരെ വഴിതെറ്റിക്കുകയും അവർക്കു വ്യാമോഹങ്ങൾ നൽകുകയും അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്....'

അതെ, ആ പിശാചിന്റെ പ്രലോഭനമാണ് ഇത്തരം ചെയ്തികളുടേയും കണ്ടുപിടിത്തങ്ങളുടേയും അടിസ്ഥാനം.

ക്ലോണിങ്ങിലൂടെ പുനർജ്ജനിക്കപ്പെടുന്ന തലമുറയിലെ ഓരോ ജീവിയും ആദ്യരൂപത്തിന്റെ തന്നെ കാർബൺ പതിപ്പുകൾക്കു സമാനമായിരിക്കും. കണ്ടാൽ ബാഹ്യമായ ഒരു പരസ്പര വ്യത്യാസവുമുണ്ടാവില്ല. എന്നാൽ, അവർ വ്യത്യസ്ത വ്യക്തിത്വങ്ങളുടെ ഉടമകളായിരിക്കും. ക്ലോണിങ്ങ് സന്തതിയുടെ ബാഹ്യപ്രകൃതികളെയല്ലാതെ ആന്തരികവ്യക്തിത്വങ്ങളെ ഏകീകരിച്ചെടുക്കാൻ ശാസ്ത്രത്തിനിന്നോളം കനിഞ്ഞിട്ടില്ല. ഇനിയൊട്ടു കഴിയുകയുമില്ല. അത് ആ ജീവിയുടെ ആത്മാവുമായി മാത്രം ബന്ധപ്പെട്ടതാണ്. അതിന്റെ താക്കോൽ ഒരാളുടെ പക്കൽ മാത്രം, സർവ്വലോക പരിപാലകനായ പടച്ചതമ്പുരാന്റെ കൈകളിൽ മാത്രം.

അര നൂറ്റാണ്ടു മുമ്പ്, ക്ലോണിങ്ങ് കണ്ടുപിടിച്ച കാലത്ത് അതു ചെടികളിൽ മാത്രമാണു പരീക്ഷിച്ചത്. പിന്നീടാണതു മൃഗങ്ങളുടെ പുനഃസൃഷ്ടിയ്ക്ക് ഉപയോഗപ്പെടുത്തിത്തുടങ്ങിയത്. അങ്ങനെയാണ്, ഈ ശാസ്ത്രശാഖയുടെ അനന്യമായ വളർച്ചയിലൂടെ, വികസനത്തിലൂടെ, മനുഷ്യനെ തന്നെ ക്ലോൺ ചെയ്യാമെന്ന നില കൈവന്നത്. ഇത് നിരവധി പ്രശ്നങ്ങൾക്ക് വഴിതെളിയിക്കുകയുണ്ടായി; വ്യാപകമായ ധാർമ്മിക, സാമൂഹിക, നിയമപ്രശ്നങ്ങളുണ്ടാക്കുമെന്ന ആശങ്കയോടെ. ദൈവത്തിനോടുള്ള ശാസ്ത്രത്തിന്റെ അനൗചിത്യപൂർവ്വകമായ വെല്ലുവിളിയായി ഇത് കണക്കാക്കപ്പെട്ടു. ഇതു സൃഷ്ടിക്കുന്ന ഭാവി പ്രത്യാഘാതങ്ങളേയും, നൈതിക പ്രശ്നങ്ങളേയും പറ്റി ലോകമിന്ന് ഉൽകണ്ഠാഭാവത്തിലാണ്.മനുഷ്യകുലത്തിന്റെ സർവ്വാത്മനായുള്ള നാശത്തിന്, വംശനാശത്തിനു വരെ ഒരിക്കലിതു വഴിതെളിയിക്കുമെന്ന് പല ബുദ്ധിജീവികളും ഇതിനകം വിധിയെഴുതിക്കഴിഞ്ഞിരിക്കുന്നു. ■

## ഗോളജ്യാമിതിയും ഏകത്വവും

ഈ കാലഘട്ടത്തിൽ ക്രിസ്ത്യാനികളോടുള്ള ഏറ്റവും വലിയ അനുകമ്പാപ്രകടനം അവരുടെ ശ്രദ്ധ സത്യദൈവത്തിലേക്കു ക്ഷണിക്കുക എന്നതുതന്നെയാണ്. ആ സത്യദൈവം ജനിക്കുകയും മരിക്കുകയും കഷ്ടമനുഭവിക്കുകയും ചെയ്യാത്ത ദൈവമാകുന്നു. ആദ്യത്തെ ഖേചരങ്ങളെ ഗോളാകൃതിയിൽ സൃഷ്ടിച്ചവനാണ് ദൈവം. ഗോളത്തിനെന്നപോലെ ദൈവത്തിൽ ഏകീഭാവവും ഉൻമുഖരാഹിത്യവും ആണുള്ളത്. ഇതത്രെ ഈ പ്രകൃതിനിയമം വഴി നൽകീട്ടുള്ള ആത്മീയമാർഗത്തിലടങ്ങിയ തത്വസാരം! അതുകൊണ്ടുതന്നെയാണ് ശൂന്യമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന യാതൊന്നും തന്നെ ത്രികോണാകൃതിയിൽ സൃഷ്ടിച്ചിട്ടില്ലാത്തത്. എന്നുവെച്ചാൽ ദൈവം ആദ്യത്തിൽ സൃഷ്ടിച്ച ഭൂമി ആകാശം സൂര്യചന്ദ്രന്മാർ നക്ഷത്രങ്ങൾ അടിസ്ഥാനകണങ്ങൾ തുടങ്ങിയവയെല്ലാം തന്നെ ഗോളരൂപത്തിലുള്ളതത്രെ. ഈ ഗോളരൂപം ഐക്യഭാവത്തിലേയ്ക്കാണ് വിരൽചൂണ്ടുന്നത്. ഏതൊരു ദൈവത്തിന്റെ സൃഷ്ടികൾ ദൈവം ത്രിത്വസങ്കല്പത്തിൽനിന്ന് സുമുക്തനാണെന്നു പ്രഖ്യാപിക്കുന്നുവോ ആ സത്യേക ദൈവത്തിലേക്ക് ക്രിസ്ത്യാനികളെ വഴിനടത്തുക എന്നതിനേക്കാൾ ഉപരിയായിട്ടുള്ള അനുകമ്പാപ്രകടം മറ്റൊന്നും തന്നെയില്ല.

***(മസീഹ് ഹിന്ദുസ്ഥാൻ മെ)***

കുറിപ്പുകൾ

മുസാഫിർ

# ക്രിസ്തു: അന്ധവിശ്വാസങ്ങളുടെ തടവറയിൽ

**ലോ**കം ഈ ഏപ്രിൽമാസം ഒരിക്കൽക്കൂടി ഈസ്റ്റർ ആഘോഷിക്കുകയും ക്രിസ്തുവിനെ സ്മരിക്കുകയും ചെയ്യുന്നു. ഹീനമായ ഭർത്സനങ്ങളും, ബീഭത്സമായ പീഡനങ്ങളും അതികഠിനമായ പരീക്ഷണങ്ങളും, അഭിമുഖീകരിച്ച ദൈവത്തിന്റെ ഉജ്ജ്വലതേജസ്വിയായ ഒരു പ്രേഷിതനായിരുന്നു യേശുക്രിസ്തു. ജൂത ക്രൈസ്തവ ഇസ്‌ലാം എന്നീ മൂന്നു മഹാമതങ്ങളെ ബന്ധിപ്പിക്കുന്ന ഒരു കണ്ണികൂടിയാണ് മഹാനായ യേശു. ഈ മൂന്ന് മതങ്ങളും പരസ്പരവിരുദ്ധങ്ങളായ മൂന്ന് വീക്ഷണകോണുകളിലൂടെ അദ്ദേഹത്തെ നോക്കിക്കാണുന്നു. അതുകൊണ്ടുതന്നെ യേശുക്രിസ്തു മതാന്തരസംവാദങ്ങളുടെ കേന്ദ്രബിന്ദുവായിത്തീരുകയാണ്. അദ്ദേഹത്തിന്റെ ജീവിതവും ജീവിത സന്ദേശവും മതവിശ്വാസികളുടെ അതീവ ശ്രദ്ധയർഹിക്കുന്ന വിഷയങ്ങളായി മാറുകയും ചെയ്യുന്നു. അതിനേക്കാളുപരി യുഗാന്ത്യ സംഭവങ്ങളുടെ (Eschatology) മുന്നോടിയായി അവസാനകാലത്ത് ആകാശത്തുനിന്ന് ഇറങ്ങിവരേണ്ട മതപുരുഷനും അദ്ദേഹം തന്നെ! അതായത്, ക്രൈസ്തവ ഇസ്‌ലാം മതങ്ങളിലെ അവസാനകാലത്ത് സംഭവിക്കുന്ന ദൈവപ്രോക്തങ്ങളായ വിജയങ്ങളുടേയും വീണ്ടെടുപ്പിന്റേയും വിമോചനത്തിന്റേയും ഒരേയൊരു പ്രതീക്ഷ യേശുവിന്റെ രണ്ടാം വരവിലാണ്. അതുകൊണ്ട് ക്രൈസ്തവ ഇസ്‌ലാം മതങ്ങളിലെ കോടിക്കണക്കിന് വിശ്വാസികൾ ആ വാഗ്ദത്ത മതപുരുഷൻ ആകാശത്ത് നിന്ന് അവരോഹിയാവുന്നത് കാണാൻ പ്രതീക്ഷാനിർഭരരായി ആകാശ വിജനതയിലേക്ക് നോക്കിപ്പാർത്തു കഴിയുന്നു. അങ്ങനെ യേശു നമ്മുടെ കാലത്തെ ആദ്ധ്യാത്മിക സാമൂഹികപ്രശ്നങ്ങളുമായി ബന്ധപ്പെട്ട മതപുരുഷനും സജീവമായൊരു ചർച്ചാ വിഷയവുമായിത്തീരുന്നു. അദ്ദേഹത്തിന്റെ പേരിൽ വിശ്വസിക്കപ്പെടുന്ന ആകാശവാസവും രണ്ടായിരം കൊല്ലത്തെ ചിരഞ്ജീവിത്വവും മറ്റുപല അമാനുഷികതകളും നമ്മുടെ ചർച്ചക്ക് വിധേയമാകുന്നതിന്റെ പശ്ചാത്തലമിതാണ്.

നിർഭാഗ്യകരമെന്നുപറയട്ടെ; ക്രിസ്തുമതത്തിലെ ക്രിസ്തു ഏറ്റവും കൂടുതൽ ഇതിഹാസവത്ക്കരിക്കപ്പെട്ട ഒരു മതപുരുഷനാണ്. ഏറെക്കുറെ മുസ്‌ലിം ഭൂരിപക്ഷ വിശ്വാസവും അപ്രകാരം തന്നെ. ദൈവശാസ്ത്രത്തിന്റെ അയുക്തികതയും ചരിത്രപരതയുടെ സന്നിഗ്ധതയും ക്രിസ്തുമതത്തിലെ യേശുവിനെ യുക്തിബോധമുള്ള ഒരാൾക്ക് പ്രാപിക്കാൻ കഴിയാത്ത ഒരു ഇതിഹാസ കഥാപാത്രമാക്കിയിരിക്കുന്നു. സ്വർഗ്ഗത്തിൽ നിന്ന് വിലക്കപ്പെട്ട കനി ഭക്ഷിച്ച് പാപികളായി പറുദീസ നഷ്ടപ്പെട്ട് ഭൂമിയിൽ പതിച്ച ആദം ദമ്പതികളിൽ നിന്ന് അതാരംഭിക്കുന്നു. പാപം ആദംദമ്പതിമാരിലൊതുങ്ങിയില്ല. അവരുടെ സന്തതികളിലേക്കും സന്തതിപരമ്പരകളിലേക്കും പാപം അനുസ്യൂതമായി സംക്രമിച്ചു. അങ്ങനെ പാപികളായിത്തീർന്ന മനുഷ്യസന്തതികളെ ശിക്ഷിക്കാൻ ദൈവത്തിന്റെ കാരുണ്യം അനുവദിച്ചില്ല. പാപികളെ ശിക്ഷിക്കാതിരിക്കുന്നത് ദൈവനീതിക്ക് നിരക്കുന്നതുമല്ല. ഈ വിഷമപ്രശ്നം പരിഹരിക്കാൻ ദൈവം ആവിഷ്കരിച്ച പദ്ധതിയാണ് തന്റെ ഏകജാതനായ പുത്രനെ ഭൂമിയിലേക്കയച്ച് പാപത്തിനുപകരം കുരിശിൽ മരിച്ച് പാപികളെ വീണ്ടെടുക്കുക എന്നത്. ഈ ദൈവിക പദ്ധതിയുടെ ഭാഗമായി രണ്ടായിരം വർഷം മുമ്പേ ക്രിസ്തു ഭൂമിയിൽ വരികയും മനുഷ്യവംശത്തിന്റെ പാപപരിഹാരാർത്ഥം കുരിശ് മരണം വരിക്കുകയും ചെയ്തു. മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ ക്രിസ്തു പിന്നീട് സ്വർഗ്ഗാരോഹണം നടത്തി പിതാവായ ദൈവത്തിന്റെ വലത് ഭാഗത്ത് ഉപവിഷ്ഠനായി, ദൈവികമായ ലോകഭരണം നടത്തി വരുന്നു. അവസാനനാളിൽ വീണ്ടും ഭൂമിയിലേക്ക് അദ്ദേഹം ഇറങ്ങി വരും. ഇതിൽ വിശ്വസിക്കുന്ന പാപികളായ എല്ലാ മനുഷ്യർക്കും മോ

*(ശേഷം 42- ൽ)*

# അനുസ്മരണം

## സി.കെ. അബ്ദുൽ ഗഫൂർ സാഹിബ്



വാണിയമ്പലം : ജനാബ് സി. കെ. അലവി സാഹിബിന്റെ മകനും വാണിയമ്പലം ജമാഅത്ത് പ്രസിഡന്റുമായ സി.കെ. അബ്ദുൽ ഗഫൂർ സാഹിബ് (54) 7-3-10നു ഞായറാഴ്ച രാവിലെ വഫാത്തായി. ഇന്നാലില്ലാഹി. വഇന്നാഇലൈഹി....


കേരള സുബായി ഇമാറത്ത് നിലവിലുണ്ടായിരുന്നപ്പോൾ പ്രവർത്തകസമിതിയിലും ഫസ്ലെ - ഉമർ എഡ്യുക്കേഷനൽ ബോർഡിലും സത്യദൂതന്റെ പ്രചാരണത്തിലും വളരെയധികം സജീവമായി പ്രവർത്തിച്ചിരുന്നു. സാധുജനസംരക്ഷണത്തിനും വിവാഹബന്ധങ്ങൾ സ്ഥാപിക്കുന്ന കാര്യത്തിലും സ്തുത്യർഹമായ സേവനമാണ് അദ്ദേഹം നടത്തിയത്. കേരളത്തിലെ ജമാഅത്തുകളിലുടനീളവും ഖാദിയാനിലും ഇന്ത്യയിലെ ഇതര സ്റ്റേറ്റുകളിലും വിപുലമായ സുഹൃദ് വലയമുണ്ടായിരുന്ന ഗഫൂർ സാഹിബിന്റെ ജീവിതം മുഴുവൻ ജമാഅത്തുമായി ഒട്ടിച്ചേർന്നതും കർമ്മനിരതവുമായിരുന്നു.

ഭാര്യ കോഴിക്കോട് ജമാഅത്തിലെ എം.കെ. മൊയ്തുണ്ണി സാഹിബിന്റെ മകൾ മുബാറക്ക ബീഗം സാഹിബയാണ്. മക്കൾ: ശമീം അഹ്മദ്, ശഫീനാ സമീർ, നസീഹാ ഗഫൂർ. മരുമക്കൾ: സമീർ അഹ്മദ് (കരുനാഗപ്പള്ളി), ശബ്നം (കടലായി). പരേതൻ വസിയ്യത്ത് ചെയ്ത വ്യക്തിയായിരുന്നു. കബറടക്കം മാർച്ച് 10ന് നാസിർ സാഹിബ് അഅ്ലാ മുഹമ്മദ് ഇനാം ഗോരി സാഹിബിന്റെ നേതൃത്വത്തിൽ നടന്ന ജനാസ നിസ്കാരത്തിനു ശേഷം പരിശുദ്ധ ഖാദിയാനിലെ ബിഹ്ശ്തി മഖ്ബറയിൽ നടന്നു. തിങ്കളാഴ്ച രാവിലെ വാണിയമ്പലത്ത് നടന്ന ജനാസ നമസ്കാരത്തിലും കേരളത്തിന്റെ വിവിധ ജമാഅത്തുകളിൽ നിന്നെത്തിയ അഹ്മദികളും അനഹ്മദികളുമായ ധാരാളം പേ രും പങ്കെടുത്തിരുന്നു.

അല്ലാഹുതആലാ പരേതാത്മാവിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)

**എം.കെ. ഇമ്പിച്ചിക്കോയട്ടി**
**കോഴിക്കോട്**

## സി.കെ. അബൂബക്കർ സാഹിബ്



പത്തപ്പിരിയം: അഹ്മദിയ്യാ ജമാഅത്ത് മുൻ പ്രസിഡണ്ടും പത്തപ്പിരിയം പള്ളി നിർമ്മാണമടക്കം മറ്റെല്ലാ മേഖലകളിലും സജീവ സാന്നിദ്ധ്യവുമായിരുന്ന സി.കെ. അബൂബക്കർ സാഹിബ് (78) 15-2-10 തിങ്കളാഴ്ച പുലർച്ചെ സ്വവസതിയിൽ വഫാത്തായി. ഇന്നാലില്ലാഹി....


അഹ്മദിയ്യത്തിന്റെ പ്രചാരണ കാര്യങ്ങളിൽ ഉത്സുകനായിരുന്ന അബൂബക്കർ സാഹിബ് മുഖേനയാണ് മലപ്പുറം അമീർ ബഹു: മുഹമ്മദലി മാസ്റ്റർ സാഹിബ് ജമാഅത്തിൽ പ്രവേശിച്ചത്. നിരവധി അനഹ്മദികളുടെ ആദരപാത്രവുമായിരുന്നു അദ്ദേഹം.

അബൂബക്കർ സാഹിബിന്റെ ജനാസ 17-2-10 ബുധനാഴ്ച ഉച്ചക്ക് പരിശുദ്ധ ഖാദിയാനിലെ ബിഹ്ശ്തി മഖ്ബറയിൽ കബറടക്കി. വസിയ്യത്ത് ചെയ്ത വ്യക്തിയായിരുന്നു. എടവണ്ണ സ്വദേശിയായ ഫാത്തിമക്കുട്ടിയാണ് ഭാര്യ. മക്കൾ: ആയിശബി, സുബൈദ, ജമീല, സാബിറ, നസീമ, സീനത്ത്, നാസിർ അഹ്മദ്, അൻവർ സാദത്ത്. മരുമക്കൾ : എം. കെ. ഇമ്പിച്ചികോയട്ടി (കോഴിക്കോട്), സി.എച്ച്. അബ്ദുശ്ശക്കൂർ (പഴയങ്ങാടി), യു. അൻ വർ അഹ്മദ്, മുഅല്ലിം (മുറിയക്കണ്ണി), എം. അബ്ദുൽ ബശീർ (അലനല്ലൂർ), സെയ്ദ് മുഹമ്മദ് (കരുളായി), ഐ. കെ. മുബാറക്ക് അഹ്മദ് (കോഴിക്കോട്), ഷമീറ (കോഴിക്കോട്), ഷമീമ (പള്ളിപ്പുറം). 6 സഹോദരന്മാരും 3 സഹോദരിമാരും ഉൾപ്പെടുന്നതായിരുന്നു പരേതന്റെ കുടുംബം. മൂത്ത സഹോദരൻ സി.കെ. അലവി സാഹിബ്.

പരേതന് സർവ്വശക്തനായ അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)

**എം.കെ. ഇമ്പിച്ചിക്കോയട്ടി**
**കോഴിക്കോട്**

## എ.പി. അബ്ദുൽ മജീദ് സാഹിബ്



കോഴിക്കോട് ജമാഅത്തംഗം ജനാബ് എ.പി. അബ്ദുൽ മജീദ് സാഹിബ് 6-3-2010 ശനിയാഴ്ച നിര്യാതനായി. (ഇന്നാലില്ലാഹ്.....). പഴയങ്ങാടി സ്വദേശിയാണ്. ആദ്യകാല അഹ്മദിയായ മർഹും മാർക്കർ ഹസൻ കുഞ്ഞി സാഹിബാണ് പിതാവ്. മാതാവ് മർഹും എ.പി. ആമിനാ സാഹിബ. ഭാര്യ: എസ്.വി. ഫാത്തിമ. മക്കൾ : എസ്.വി. മുഹമ്മദ് സഫറുള്ള, അശ്റഫ്, സാജിദ്. മരുമക്കൾ: ഷൈജ സഫറുള്ള, യാസ്മിൻ, ജുബൈരിയ. ജീവിച്ചിരിക്കുന്ന സഹോദരന്മാർ: എ.പി. മൊയ്തീൻ കോയ, ഡോ. എ.പി. അബ്ദുള്ള. പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകുമാറാകട്ടെ.

**- എസ്.വി. അഷ്റഫ്**

---

*(41-ൽ നിന്ന് തുടർച്ച)*

ക്ഷമുണ്ടെന്ന് ക്രിസ്ത്യൻ മുക്തി ശാസ്ത്രം പറയുന്നു. മതലോകം പൊതുവേ വിശ്വസിക്കുന്ന ആത്മ സംസ്കരണാത്മകതയിലും കർമ്മ ണ്യതയിലുമധിഷ്ഠിതമായ മുക്തി മാർഗ്ഗത്തിൽ നിന്ന് വ്യത്യസ്തമായ വിചിത്രവും യാന്ത്രികവുമായ ഒരു മുക്തി മാർഗ്ഗമാണിത്.

മറ്റൊരു വസ്തുത യുക്തിയുടേയും അക്കാദമീയമായ അന്വേഷണങ്ങളുടേയും നിരോധിതമേഖലയാണ് ക്രിസ്തു ചരിത്രം എന്നതാണ്. ക്രിസ്തുവിനെ സംബന്ധിച്ച് കോടിക്കണക്കിന് സാഹിത്യങ്ങൾ ഇന്നോളം എഴുതപ്പെട്ടിട്ടുണ്ട്. എന്നാൽ, അദ്ദേഹത്തിന്റെ ദൈവപുത്രത്വപരമായ പ്രഘോഷണങ്ങളും, അത്ഭുതപ്രവൃത്തികളും, അതിദ്രുതങ്ങളും സ്വർഗ്ഗീയ വാഗ്ദാനങ്ങളും ഉപമാകഥകളുമാണ് അതിലെല്ലാം നിറഞ്ഞുനിൽക്കുന്നത്. ആരായിരുന്നു യേശു? എപ്പോഴായിരുന്നു അദ്ദേഹത്തിന്റെ ജനനം? അദ്ദേഹത്തിന്റെ ശൈശവ ജീവിതം എവിടെയായിരുന്നു? അദ്ദേഹത്തിന്റെ കുടുംബജീവിതമെങ്ങനെ? വിദ്യാഭ്യാസമെന്ത്? സാമൂഹ്യപരിസരം എന്തായിരുന്നു? എന്തായിരുന്നു അദ്ദേഹത്തിന്റെ ഉപജീവനമാർഗ്ഗം? ജീവിതസംഭവങ്ങളുടെ കാലാനുക്രമിക എന്ത്? മറ്റു ജീവിതയാഥാർത്ഥ്യങ്ങളെന്തെല്ലാം? അദ്ദേഹത്തിന്റെ മരണം എപ്പോൾ? എവിടെ വെച്ച്? ഇത്തരത്തിൽ മനുഷ്യന്റെ ചരിത്രകൗതുകത്തെ ശമിപ്പിക്കുന്നതും അക്കാദമീയമായി വ്യക്തതയുള്ളതുമായ ഒരു ചരിത്രരചന യേശുവിനെ സംബന്ധിച്ച് ഇന്നോളമുണ്ടായിട്ടില്ല. അങ്ങനെയൊന്ന് എഴുതപ്പെട്ടിട്ടുണ്ടെങ്കിൽ തന്നെ എഴുതിയയാൾ സഭയുടെ അപ്രീതിക്ക് പാത്രവും, വിഗ്രഹഭഞ്ജകനുമായിത്തീരും. മറ്റൊരു വിചിത്രമായ കാര്യം അക്കാദമിക് ചരിത്രത്തിന്റെ കാലനിർണ്ണയം യേശുവിനെ ആധാരമാക്കിയാണ് ബി.സി.യും (ക്രിസ്തുവിന് മുമ്പ്) എ.ഡി.യും (അന്നോ ഡോമിനി = കർത്താവിന്റെ വർഷത്തിൽ)ആയി വിഭജിക്കപ്പെട്ടിരിക്കുന്നത്. ചരിത്രത്തിന്റെ ഈ വിഭാജകവ്യക്തി തന്നെ ചരിത്രത്തിന് അപ്രാപ്യനായിരിക്കുന്നത് വിരോധാഭാസമല്ലേ? ഏതായാലും ജീവിതത്തിന്റെ പൊരുളും ലക്ഷ്യവും തിരിച്ചറിയാനും മതപരമായ ജീവിതം നയിക്കാനും ദൈവം നൽകിയ ഏറ്റവും വലിയ വരദാനമാണ് യുക്തിബോധവും ചിന്താശക്തിയും. ഭൗതികലോകത്ത് സ്ഥലകാലത്തിൽ സംഭവിക്കുന്ന പ്രതിഭാസങ്ങളെല്ലാം യുക്തികൊണ്ടും ചിന്തകൊണ്ടും നമുക്ക് വിവേചിച്ചറിയാവുന്നതാണ്. ദൈവം തന്നെ മനുഷ്യന് സമ്മാനിച്ച യുക്തിക്കും ചിന്തക്കും നിരോധനമേർപ്പെടുത്തി അയുക്തികതയും അന്ധവിശ്വാസങ്ങളും മതവിശ്വാസങ്ങളായി അംഗീകരിക്കണമെന്ന് മതാധികാരികൾ പറയുന്നത് അംഗീകരിക്കാൻ സാധ്യമല്ല.

യുക്തിയും മനുഷ്യന്റെ അനുഭവ യാഥാർത്ഥ്യങ്ങളുമുപയോഗിച്ച് ക്രിസ്തുമതത്തെ വിശകലനം ചെയ്യേണ്ടതുണ്ട്. വിശ്വാസത്തെ പാവനമായി കരുതുന്നവർക്കും മനുഷ്യധിഷണയെ ആദരിക്കുന്നവരും ഉന്നയിക്കുന്ന പ്രശ്നങ്ങൾ നിസ്സാരമാക്കിത്തള്ളാൻ സാധ്യമല്ല. മനുഷ്യൻ കിടിലം കൊണ്ടുപോകുന്ന നിരവധി മഹാപീഡനങ്ങൾ സഹിച്ച് ദൈവപ്രീതിക്ക് വേണ്ടി ഉജ്ജ്വലമായ ജീവിതം കാഴ്ച വെച്ച മഹാനായ യേശുവിന്റെ ജീവിതവും സന്ദേശവും തെറ്റായി മനസ്സിലാക്കുന്നത് ആ മഹാത്മാവിനോട് നാം ചെയ്യുന്ന അപരാധമാണ്. ക്രിസ്തുവിന്റെ യഥാർത്ഥ ജീവിതവും അദ്ധ്യാപനങ്ങളും എന്താണെന്ന് ഗ്രഹിക്കാനും, യേശുവിന്റെ പേരിൽ മതലോകത്ത് പ്രചരിക്കുന്ന അന്ധവിശ്വാസങ്ങളിൽ നിന്നും അയുക്തികതയിൽ നിന്നും യേശുവിനെ മുക്തനാക്കേണ്ട ചുമതല സത്യാന്വേഷികൾക്കും സത്യവിശ്വാസികൾക്കുമുണ്ടെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് നിർത്തുന്നു.